ശ്രീദേവീഹരണം

(ഭാഷാനാടകം)

ഗ്രന്ഥകത്താവ്

കോങ്ങാട്ട് കൃഷ്ണൻനായർ

കൊല്ലങ്കോട്.

ശ്രീദേവീഹരണം

(ഭാഷാനാടകം)

ഗ്രന്ഥകർത്താവ്

കോങ്ങാട്ട് കൃഷ്ണൻ നായർ

കൊല്ലങ്കോട്.



1927

(മൂന്നാം പതിപ്പ് 500 കോപ്പി)

Printed at The Mangalodayam Press

TRICHUR & CALICUT.

വില 0—8—0

അവതാരിക.

കോലത്തിരിരാജവംശവും സാമൂതിരിരാജവംശവും ആയി പല വിധത്തിലും ബന്ധപ്പെട്ടിരിക്കുന്ന ഒരു കുടുംബത്തിലെ അംഗമാണെന്നും, വടക്കെ മലബാറിൽ ജനിച്ചു വളൎന്ന ഒരു തെക്കെ മലയാളിയാണെന്നും മറ്റുമുള്ള ന്യായം കൊണ്ടായിരിക്കണം എന്റെ ഒരു സ്നേഹിതനും സാഹിത്യരസികനും സഹൃദയനുമായ ഈ ഗ്രന്ഥകൎത്താവ് മ. രാ. രാ. കോമത്തെട്ട് കുഞ്ഞൻ നായരവൎകൾ ഈ പുസ്തകം അവതരിപ്പിക്കുന്ന ഭാരം എന്നിൽ സമൎപ്പിച്ചിട്ടുള്ളത്.

"കേരളത്തിലെ വലിയ രാജവംശങ്ങളായ നെടിയിരിപ്പ് സ്വരൂപത്തിന്റെയും കോലസ്വരൂപത്തിന്റെയും അന്യോന്യബന്ധവും നീലേശ്വരം എന്ന മറെറാരു സ്വരൂപത്തിന്റെ ഉല്പത്തിയും" എന്നാണ് ഈ ഭാഷാനാടകത്തിന്റെ അടിസ്ഥാനമായ ചരിത്രം. ചരിത്രപ്രസിദ്ധമായ ഈ സംഭവത്തെപ്പററി പലവിധമായ ഐതിഹ്യങ്ങളും മലബാറിൽ കേട്ടുവരുന്നുണ്ടെന്നു ചരിത്രാന്വേഷികളായവൎക്കെല്ലാം വിവരമുള്ളതാണ്. കേരളചരിത്രത്തിന്റെ ഒരു പ്രധാന അദ്ധ്യായമായി കരുതാവുന്ന ഈ സംഭവത്തെ ഒരു നാടകകൎത്താവിന് അനുവദിച്ചു കൊടുത്തിട്ടുള്ള സ്വാതന്ത്ര്യം പ്രയോഗിച്ച്, സഹൃദയന്മാരെ രസിപ്പിക്കത്തക്കവണ്ണം ആവശ്യമായ ചമല്ക്കാരങ്ങളും ചെയ്ത് വേണ്ടുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ചു തന്മയത്വം വരുത്തി പ്രസിദ്ധപാത്രന്മാരെ ഒരുപോലെ

രസിപ്പിക്കത്തക്കവണ്ണം ഒരു ഭാഷാനാടകമാക്കി എഴുതുകയാണു നല്ല പ്രതിഭാശക്തിയുള്ള ഈ ഗ്രന്ഥകർത്താവ് ചെയ്തിട്ടുള്ളത്.

കോലരാജ്യം ഭരണസൌകര്യത്തിനുവേണ്ടി മൂന്നു ഭാഗമാക്കി, വടക്കെ ഭാഗം അടുത്ത അനന്തിരവനും, തെക്കെ ഭാഗം മൂന്നാമനും ഭരിപ്പാൻ ഏല്പിച്ചുകൊടുത്തു മദ്ധ്യപ്രദേശങ്ങൾ മാത്രമാണു കോലത്തിരി നേരിട്ടു ഭരിച്ചുവന്നിരുന്നത്. വടക്കെരാജ്യം ഭരിച്ചിരുന്നവർ വടക്കെ ഇളംകൂറെന്നും, തെക്കെ രാജ്യം ഭരിച്ചിരുന്നവർ തെക്കെ ഇളംകൂറെന്നുമാണു അറിയപ്പെട്ടിരുന്നത്. ഈസ്റ്റിന്ത്യാകമ്പനിക്കാർ കേരളത്തിൽ വ്യാപാരികളായി വന്നു പാണ്ടികശാലകൾ തുറന്ന കാലത്ത് "പ്രിൻസ്സ് റീജണ്ട്" എന്നു അവർ വിളിച്ചുവന്നതും ഈ ഇളംകൂർ രാജാക്കന്മാരെയാണ്. ഇങ്ങിനെ പരമ്പരയായി ഉണ്ടായിരുന്ന ഇളംകൂർ രാജാക്കന്മാരിൽ ഒരാളാണു നീലേശ്വരം കോവിലകം സ്ഥാപിച്ചിട്ടുള്ളത്. തെക്കെ ഇളംകൂറായിരുന്ന ഒരു കോലത്തിരിയുടെ സന്താനപരമ്പരയിൽ പെട്ടതാണു ഇന്നത്തെ കടത്തനാട് രാജസ്വരൂപം. നീലേശ്വരം കോവിലകം ഉണ്ടായതിനു കുറെ മുമ്പാണു കടത്തനാട് കോവിലകം സ്ഥാപിച്ചിട്ടുള്ളതെന്നു ഈ ഗ്രന്ഥകാരൻ വിശദമാക്കീട്ടുണ്ട്.

നീലേശ്വരം രാജസ്വരൂപത്തിന്റെ കാരണഭൂതൻ വടക്കൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന ഒരു ഇളംകൂറാണെന്നും, ആ ഇളംകൂറിനു മൂപ്പിൽസ്ഥാനം കിട്ടിയപ്പോൾ വടക്കൻപ്രദേശങ്ങളിൽ ഒരു ഭാഗം നീലേശ്വരം കോവിലകത്തേക്ക് ദാനമായി കൊടുത്തതാണെന്നും ഊഹിപ്പാനാണു അധികം ന്യായമുള്ളത്. കോലത്തിരിയായി രാജ്യഭാരം ചെയ്യുന്ന മൂപ്പിന്നാണു സന്ധിസംഭാഷണത്തിന്നായി സാമൂതിരിപ്പാട്ടിലെ അതിഥിയായി കോഴിക്കോട്ടു വന്നു താമസിച്ചതെന്നു പറയുന്നതിലും അല്പം

യുക്തിക്കംശമുണ്ട്. ഈ ആവശ്യത്തിന്ന് അടുത്ത അന
ന്തിരവനെ സാമൂതിരികോവിലകത്ത കയറ്റുവെന്ന
വിശ്വസിപ്പാനാണല്ലൊ അധികം ന്യായം. ഇതിനെ
ചരിത്രദൃഷ്ട്യാ അല്പം ചില ന്യൂനതകൾ ഈ കഥാഘ
ടനയിൽ ചരിത്രജ്ഞന്മാർ കണ്ടുവെന്ന വന്നേക്കാമെങ്കി
ലും അതൊന്നും ഈ പുസ്തകത്തിന്നുള്ള ഗുണത്തെ ഇ
ല്ലാതാക്കുന്നില്ല.

വടക്കെ മലബാറിലെ സ്ത്രീകൾക്ക് കോരപ്പുഴ കട
ന്ന സാമൂതിരിയുടെ രാജ്യത്തിൽ കടന്നാൽ ഭ്രഷ്ടെന്ന
ന്നുള്ള ഒരു നിശ്ചയം പണ്ട് കോലത്തിരി ചെയ്തിട്ടുണ്ടാ
യിരുന്നു. ഇങ്ങനെത്ത ചില മുത്തശ്ശിമാർ ഈ നിശ്ചയ
ത്തെ നിസ്സരിക്കുവാൻ ഒരുക്കമല്ലെന്ന അന്വേഷിച്ചാൽ
അറിയാവുന്നതാണ. ഈ നിശ്ചയത്തിന്റെ ആശയം
ഈ ചരിത്രസംഭവത്തെ ആശ്രയിച്ചല്ല ഇരിക്കുന്നതെ
ന്നുകൂടി ഞാൻ സംശയിക്കുന്നുണ്ട്. എന്നാൽ സാമൂതി
രിയുടെ ദൃഷ്ടി വടക്കൻപ്രദേശങ്ങളിൽ അത്ര കാണിച്ചി
ട്ടില്ലെന്നും തെക്കൻപ്രദേശങ്ങളിലെ രാജാക്കന്മാരെ കീ
ഴടക്കുവാനാണ സാമൂതിരി അധികം പ്രയത്നിച്ചിട്ടുള്ള
തെന്നും പ്രസിദ്ധമായ സംഗതിയാണ. തെക്ക് കൊട
ങ്ങല്ലൂരിന്നപ്പുറത്തും ജയലക്ഷ്മിയെ പരത്തിയ സാമൂതി
രി വടക്കൻദിക്കിൽ പോയി കോലത്തിരിയെ ഉപദ്രവി
ക്കാതിരുന്നതിന്ന പ്രത്യേകമായ വല്ല കാരണവും ഈ
സംഭവം കൊണ്ടുണ്ടായിട്ടുണ്ടൊ എന്നറിയുന്നില്ല.

നിലേശ്വരം കോവിലകത്തുനിന്ന സാമൂതിരി കോ
വിലകത്തെക്ക 150 കൊല്ലംമുമ്പ് ഒരു ദത്ത് എടുത്ത
തായും ഈ രണ്ടു രാജവംശവും തമ്മിലുള്ള പൂർവബന്ധം
ഇന്നും നിലനിന്ന പോരുന്നതായും ഉള്ള സംഗതി പ്ര
ത്യേകം പ്രസ്താവയോഗ്യമാണ. കോട്ടക്കൽ കിഴക്കെ
കോവിലകസ്ഥാപനത്തിന്ന കാരണഭൂതയായ സാക്ഷാ
ൽ മനോരമത്തമ്പുരാട്ടി, ഈ ഉത്തരപഴശിയുമായ സന്താ

ഗമമെന്ന പ്രസിദ്ധമായ നാടകകർത്താവിന്റെ ഹെന്റി, മേടവ്യൂഹത്തെ അടിസ്ഥാനമാക്കി നോക്കുന്നതായാൽ ഈ ഭത്തിനു 50 കൊല്ലം മുമ്പുതന്നെ നീലേശ്വരം കോവിലകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെന്നു വിശ്വസിക്കാവുന്നതാണ്.

ആഭിജാത്യചിന്ത ചെയ്യാൻ ഒരുക്കമുള്ളവർക്കല്ലാതെ ഈ നാടകത്തിന്റെ പ്രസിദ്ധീകരണത്തിൽ വല്ല ആക്ഷേപവും ചെയ്യാൻ വകയുണ്ടെന്നു തോന്നുന്നില്ല. സജാതീയവിവാഹത്തെപ്പറ്റി അധികമൊന്നും കേട്ടുവരാത്ത ഒരു കാലത്ത് 'ശ്രീദേവീഹരണം' ശ്രീദേവീസ്വയംവരമാക്കി എഴുതിയിരുന്നെങ്കിൽ, തിരുവിതാംകൂറിലെ ക്ഷത്രിയസമുദായത്തിനു വലിയ സന്തോഷമായിത്തീർന്നേനെ. ജാതികൊണ്ടും ആഭിജാത്യംകൊണ്ടും അന്യോന്യസംബന്ധത്തിനു വിരോധമില്ലാത്ത രാജവംശക്കാരും പ്രഭുകുടുംബക്കാരും കേരളത്തിൽ ഇന്നു ധാരാളമുണ്ട്. എന്നാൽ ആരായിരുന്നാലും ഇവർ തമ്മിൽ വിവാഹബന്ധം ഉണ്ടാവുന്നതു നല്ലതല്ലെന്നു ഒരു അഭിപ്രായം ഈ വക കോവിലകങ്ങളിലെയും കുടുംബങ്ങളിലെയും ചില അംഗങ്ങൾക്കുണ്ടെന്നു ഞാൻ സൂക്ഷ്മമായി അറിയും. അതുകൊണ്ടു ഈ ചരിത്രനാടകത്തിന്റെ ആവിർഭാവം അവസരോചിതവുംകൂടി ആയിട്ടുണ്ട്. പുരാണപ്രസിദ്ധമായ സുഭദ്രാഹരണം, ശകുന്തളയുടെ ഗാന്ധർവ്വവിവാഹം, രുക്മിണീസ്വയംവരം തുടങ്ങിയ സംഭവങ്ങൾ വലിയ ആഭിജാത്യവഴക്കിനൊന്നും അന്നു കാരണമുണ്ടാക്കീട്ടില്ല. ഹെന്റി എട്ടാമൻ, റിച്ചാർഡ് സി, എന്നു തുടങ്ങി ബ്രിട്ടീഷ് രാജധാനിയെ സംബന്ധിക്കുന്ന പല നാടകങ്ങ

ളും ആംഗ്ലേയമഹാകവിയായ ഷേയ്ക്സ്പിയർ ചരിത്രങ്ങളെ അടിസ്ഥാനമാക്കി എഴുതീട്ടില്ലെ? ഇന്ത്യയിലെ രാജധാനികളെ സംബന്ധിക്കുന്ന കഥകളും നാടകങ്ങളും വേറെ പലതും കാണ്മാനുള്ളതുകൊണ്ട് ഈ നാടകത്തിന്റെ പ്രസിദ്ധീകരണത്തിനു അനൗചിത്യമെന്നു ഒരു ലേശം ഉണ്ടു വരാമെന്നു തോന്നുന്നില്ല.

കേരളചരിത്രത്തെപ്പറ്റി ശരിയായ മാർഗ്ഗത്തിൽക്കൂടി അന്വേഷണം നടത്തി പല റിക്കാർട്ടുകളും ശേഖരിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു പ്രസിദ്ധ ചരിത്രജ്ഞനായ പരേതനായ മ. രാ. രാ. രാവുസാഹേബ് കുന്നു രാമനുണ്ണിപ്പിള്ള നായന്മാരുടെ സംബന്ധത്തിനു അധികം അവലംബം സിദ്ധിച്ചിട്ടുള്ള ഈ ഗ്രന്ഥകാരനു, ഉലന്തരിലെ ചരിത്രസംഭവങ്ങളെപ്പറ്റി പല വിവരങ്ങളും സമ്പാദിപ്പാൻ പ്രത്യേകസന്ദർഭങ്ങളും സിദ്ധിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഈ നാടകം എഴുതിക്കഴിഞ്ഞിട്ടു കാലം കുറച്ചായെങ്കിലും ഗ്രന്ഥകാരന്റെ അടുത്ത ബന്ധുക്കളായ മെസേർസ് കെ. രാമൻകുട്ടിനായരും (ബി. ഏ. പകൊളി സബ്ബ് രജിസ്ട്രാർ) കെ. കണ്ടിശങ്കരൻ നായരും (എൻ. ഏ. ഗവർമ്മെണ്ട് ഫാറം മാനേജർ കൊച്ചി) ശ്രമിച്ചു പ്രോത്സാഹിപ്പിച്ചിട്ടില്ലെങ്കിൽ ഇന്നും ഈ കൃതി പ്രസിദ്ധമാവാതെ കിടക്കുമായിരുന്നു.

ഈ നാടകത്തെപ്പറ്റി ഇതിൽ അധികമായി ഒരു മുഖവുര ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ചിലർ ഇതു

ൻനായരുടെ കഥാപാത്രങ്ങഠം കേവലം സങ്കല്പസൃഷ്ടിക ളല്ലെങ്കിലും; ഓരോരോ പാത്രങ്ങളുടേയും ചിത്രം വരച്ചു അദ്ദേഹം നമ്മെ നല്ലപോലെ കാട്ടിത്തരുന്നതാണെന്നു ഈ പുസ്തകം ഒരു പരിവൃത്തി വായിച്ചു കഴിയുമ്പോഠം ഏവനും ബോദ്ധ്യപ്പെടുന്നതാണു്. കോലത്തിരിയേയും ചെറുശ്ശേരിയേയും തമ്മിൽ കൂട്ടിമുട്ടി കാണുമ്പോഠം കൃഷ്ണഗാഥാകൎത്താവായ സാക്ഷാൽ ചെറുശ്ശേരി തന്നെയാണൊ ഇതു് എന്നു ശങ്കിക്കേണ്ടതായ ആവശ്യമില്ല. കോലത്തിരിരാജവംശത്തിൽ ഉദയവൎമ്മന്മാരും, ചെറുശ്ശേരി ഇല്ലത്തു് രാജസേവകന്മാരായ നമ്പൂതിരിമാരും പലരും ഉണ്ടായിട്ടുണ്ടു്. ഇതിനെത്തന്നെ ചരിത്രപ്രസിദ്ധന്മാരായ മറ്റു കഥാപാത്രങ്ങളെപ്പറ്റിയും ചിന്തിച്ചാൽ മതിയാവുന്നതാണു. ഈ പുസ്തകം വായിക്കാൻ തുടങ്ങിയാൽ അവസാനിക്കുന്നതുവരെ താഴത്തു വെക്കുവാൻ സമ്മതിക്കാത്തവിധം ഒരു ആകൎഷണശക്തി രചനാവൈഭവംകൊണ്ടു ഗ്രന്ഥകാരൻ ഉണ്ടാക്കിത്തീൎത്തിട്ടുണ്ടു്. കേരളഭാഷാസാഹിത്യവിഷയമായി പരിശ്രമം ചെയ്തുവരുന്ന മിസ്റ്റർ കുഞ്ഞൻനായർ ഈ പുസ്തകത്തെ തുടൎന്നു വേറെയും കൃതികഠം പ്രസിദ്ധംചെയ്തുകേരളഭാഷയെ പോഷിപ്പിച്ചു കാണ്മാനുള്ള മോഹത്തോടുകൂടി ഈ പുസ്തകത്തെ സജ്ജനസമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു എന്നു്

ഇഞ്ഞിവപെരുമ്.
20—12—26

സി. കുഞ്ഞിരാമമേനോൻ

ശ്രീദേവീഹരണം.

ഭാഷാനാടകം.

നാന്ദി.

ശ്രീദേവിക്കുള്ള രാഗം മുഴുവനമിളകാൻ
ഹേതുവായും സദാ ശ്രീ-
വേദവ്യാസമഹിതാകം മുനികളുടെ മന-
സ്സിന്നാനന്ദകരവും
വേദാന്തത്തിന്നകത്തോർ വിലസുമൊരു പര-
ബ്രഹ്മികാകല്പമായും
മേവും ശ്രീകാന്തന്റെ പാദയുഗമയി സുചിരം
നിങ്ങളെ രക്ഷിച്ചിടട്ടേ. (1)

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ— (സദസ്സിനെ നോക്കീട്ട് ആത്മഗതം) അമ്പോ! ഇതു വലിയ സദസ്സുതന്നെ.

ലജ്ജവിട്ടിനിയങ്ങനെ കാട്ടുവാൻ
സജ്ജനായി മരുവുന്നവനഹോ!
സജ്ജനങ്ങടെ ദിവ്യം സന്തതം
വർജ്ജ്യമായി വരികില്ലൊരിക്കലും. (2)

പണ്ഡിതന്മാരുമല്ലോ

ചൊൽക്കൊണ്ടിട്ടും മതനാട്യമറിഞ്ഞോരത്ത-
ന്നിക്കണ്ടപോലെയാം സദസ്യരിതിമോദമേകം
വാക്കിനമുണ്ടിനായതിനമുണ്ടവന്റെ
നോക്കിനമുണ്ടെന്നത വിശേഷമതാണു ചേതു. (൩)

എന്നമാത്രമല്ല,

ലോകത്തെ കവി നല്ല കാവ്യത്തിനാൽ
　　പ്രത്യക്ഷമാക്കുന്ന പോ-
ലാകെച്ചിത്രമെഴുത്തിലേറെ നിപുണൻ
　　രൂപത്തിലാക്കുന്നപോൽ
ലോകത്തിൽ പ്രകൃതിയോരോന്നുള്ള നടനോ
　　വാഗ്രൂപഭാവങ്ങളാ-
മാകമ്പോലിവയൊക്കെയിന്ന സഭയിൽ
　　പ്രത്യക്ഷമാക്കില്ലയോ? (൪)

(പ്രകാശം) മഹാസദസ്സിനെ ഞാൻ വന്ദിക്കുന്നു. (അണിയറയിലേക്കു നോക്കീട്ട്) പ്രിയേ! ഒന്ന കാണ-ട്ടെ. ഇങ്ങോട്ടു വരു. (നടി പ്രവേശിക്കുന്നു.)

നടി — ആര്യ! എന്തിനാണ് അവിടുന്ന് എന്നെ ക്ഷണിച്ചത്. ഞാൻ ഇതാ വന്നല്ലോ. എന്താണ് പറവാൻ ഭാവിക്കുന്നതു ?

സൂത്രധാരൻ — അതെന്തു പറയാം

കാലം നല്ല വസന്തമാണു, സഭയോ
　　വിദ്വജ്ജനാവൃതമാം
കാലത്തോടുമിതിന്നു സിദ്ധി പുകഴേ-
　　റിടും നടന്മാർ വയം

കാലത്തിന്നനുരൂപമായൊരു കഥാ
നാട്യം നടിപ്പീടണം
കോലം കെട്ടി ഞെളിഞ്ഞിങ്ങനെ വെറുതേ
കാലം കഴിപ്പീടൊലാ. (5)

നടി — ഒടുവിൽ അവിടത്തെ വാക്ക ഒരു ശകാരമായിപ്പോയൊ? ഇനി ഞാൻ എന്താണ വേണ്ടത് എന്ന് അരുളുന്നതന്നെ കല്പിക്കണം. ഏതു നാടകമാണ് ആടുവാൻ വിചാരിക്കുന്നത്? ഈ സഭയിൽ എല്ലാവരും സംസ്കൃതവിദ്വാന്മാരാണെന്നു ഞാൻ വിചാരിക്കുന്നില്ല.

സൂ — വിശേഷിയില്ലാത്തതാണല്ലോ ഭാഷാനാടകങ്ങൾ —
സ്വഭാവരമ്യത്തിലുള്ളതെങ്കിലും.
സുഭാഷിണി! സംസ്കൃതമാകിലെന്നിയേ
സന്തുഷ്ടിയരുളുകയില്ല നൂനം. (6)

അതിനാൽ വല്ല ഭാഷാനാടകവും അഭിനയിപ്പാനായിരിക്കും സാമാജികന്മാരെല്ലാവരും ഒരുപോലെ ഉത്സുകരായിരിക്കുക.

നടി — ഭാഷാകവികളിൽ വല്ലവരും അഭിനയിക്കത്തക്കതായ വല്ല നാടകവും ഉണ്ടാക്കീട്ടുണ്ടോ? എനിക്കൊന്നും തൃപ്തിയായിട്ടു തോന്നീട്ടില്ല. നാം അഭ്യസിച്ചിട്ടുള്ളതിൽ ഏതു വേണമെന്നാണ വിചാരിക്കുന്നത്?

സൂത്രധാരൻ — ഭവതി പറഞ്ഞതുപോലെ ഭാഷയിൽ നല്ല നാടകങ്ങൾ അധികം ഇല്ല. എന്നാൽ നാടകരൂപത്തിൽ ചില സംക്ഷിപ്തരൂപകങ്ങളുണ്ട്. അവയിൽ ഒന്നു

കുറെ രസമുള്ളതു ഒന്നാകയാണ് ഇന്നഭിനയിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നതു്.

നടി — അതേതാണെന്നു പറഞ്ഞാൽ നന്നായിരുന്നു.

സൂത്ര — ‘ശ്രീദേവീഹരണം’ എന്നൊരു പുതിയ നാടകമുണ്ടു്. അതായാൽ കൊള്ളാമെന്നാണു ഞാൻ വിചാരിക്കുന്നതു്.

നടി — ഈ നാടകത്തെപ്പറ്റി പറഞ്ഞുകേട്ടതായി എനിക്കു ഓർമ്മ തോന്നുന്നില്ല. ഇതാരുണ്ടാക്കിയതാണെന്നു പറഞ്ഞാൽ കേൾക്കാമായിരുന്നു.

സൂത്ര — വെറുതെ കേൾക്കാത്തതുകൊണ്ടു നാടകത്തിന്റെ പ്രസിദ്ധിയെപ്പറ്റി സംശയിപ്പാനില്ല. പ്രസിദ്ധിയില്ലാത്തവർ പ്രസിദ്ധിയുള്ളവരെ അറിഞ്ഞിരിക്കണമെന്നില്ല. ഇതിന്റെ കർത്താവാരാണെന്നു വേണമെങ്കിൽ പറയാം.

ന്യായാലങ്കാരവൈദുഷ്യമൊടികലതം
 സത്യധർമ്മാദിയോടും
ശ്രീയോടും കൂടിവാണോരു കവികുലമണിയാം
 ശ്രീരാമാഖ്യന്റെ പുത്രൻ
മായംകൂടാതെ ഭാഷാകവികളിലധികം
 കീർത്തിയുള്ളോരു കൃഷ്ണൻ
നായർ പ്രാചീനവൃത്തപ്രിയനഭിനവമീ
 നാടകത്തെച്ചമച്ചാൻ. (7)

നടി — ഈ കവിയെ ഞാൻ നല്ലവണ്ണം അറിയും. പക്ഷെ ഈ നാടകത്തെക്കുറിച്ചു കേട്ടിട്ടില്ല. മാത്രമ

ത്രമേയുള്ളൂ. ഈ നാടകത്തിലെ കഥാവസ്തു എന്താണ്?

സൂ — കേരളത്തിലെ വലിയ രാജവംശങ്ങളായ നെടിയിരിപ്പുസ്വരൂപത്തിന്റെയും കോലസ്വരൂപത്തിന്റെയും അന്യോന്യബന്ധവും, നീലിശാപം എന്ന മറെറാരു സ്വരൂപത്തിന്റെ ഉല്പത്തിയുമാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അതിനാൽ ഈ നാടകം കേരളീയർക്ക് വളരെ രസകരമായിരിക്കും.

നടി — ഇപ്പോഴെല്ലാം മനസ്സിലായി. അഭ്യസിക്കുന്ന കാലത്ത് ഈ നാടകത്തെ ഞാൻ ശ്രദ്ധവെച്ചു പഠിച്ചിട്ടുണ്ട്. എന്നാൽ ഇനി നാം വേണ്ടതു പ്രവൃത്തിക്കയല്ലേ?

സൂത്രധാരൻ — മഹിളകളുടെ മൊഴിക്കു പൂർവ്വാപരബന്ധം വേണമെന്നില്ലല്ലോ? മറ്റുള്ള കാര്യങ്ങൾക്കു മുമ്പായി ഈ വസന്തകാലത്തെ വർണ്ണിച്ച് ഒന്നു ഗാനം ചെയ്യേണ്ടതല്ലേ? ഹാ! നോക്കൂ! എത്ര ആഹ്ലാദജനകമായ കാലമാണിത്.

പുഷ്പംകൊണ്ടു നിറഞ്ഞ ചൂതവിപിന
ത്തെൻമാരി പെയ്യുന്ന പോ–
ന്നല്ലാല്ലം വികസിച്ച പത്മനിരയാൽ
പത്മാകരം രമ്യമാം
പുഷ്പത്തിൻ മണവും കലർന്നു മന്ദമായ്
വീശുന്ന മന്ദാനിലൻ
കെല്പേറും പികഭൃംഗമങ്ങളുമിവാം
ഓരോമാനമൊടൊന്നുമേ.

നടി — എന്നാൽ അങ്ങിനെ ചെയ്യാമല്ലൊ. (പാടുന്നു.)

കല്യാണി — ആദിതാളം.

മധുമാസശ്രീ വിലസീടുന്നു.

1. പല്ലവമയമൃദുമേനിയോടും — പാ
ഫുല്ലകുസുമമയകലാപമൊടും — മധുമാസ
2. കോകിലകളരവഗാനമൊടും — മൃദു
ശോകനാശകരവാതമൊടും — മധുമാസ
3. വിധുകരകാന്തിവിതാനമൊടും — മദ
മധുകരകുലനിരഭംഗിയൊടും — മധുമാസ

(മധുമാസശ്രീവിലസീടുന്നു.)

(അണിയറയിൽ)

സാരമാരും സുകുമാരപല്ലവാവലി
ന്യായിട്ടു പുഷ്പിച്ചിടും
കാമോദ്ദീപനമായി നൽകളരവം
കോകങ്ങൾ ഘോഷിച്ചിടും
ആമോദപ്രഭവത്തിനാൽ ശ്രിതജനാ-
നന്ദം വളർത്തിടുമേ
വാസന്തീ നിജയൌവനത്തിൽ, മധുമാ-
സത്തിങ്കലാരാമമാം. (10)

നടി — (കേട്ടതായി നടിച്ച് — വിസ്മയത്തോടുകൂടി) ആരോ മറഞ്ഞുനിന്ന് ഇതെല്ലാം കേട്ട് എന്നെ പരിഹസിക്കുന്നതുപോലെ തോന്നുന്നു.

സൂ — പരിഭ്രമിക്കേണ്ട; ഉദയവർമ്മനെന്ന കോലത്തിരി രാജാവിന്റെയും, അദ്ദേഹത്തിന്റെ പ്രിയവയസ്യനായ ചെറുശ്ശേരിനമ്പൂതിരിയുടെയും വേഷങ്ങളെ ധരി

ഷ്ട നടന്മാർ അരങ്ങത്തേയ്ക്ക് എത്തിക്കഴിഞ്ഞു. അവ
ങ്ങു മുഷിയാതിരിപ്പാൻ നാം പോകുക.

നടി—മുൻകൂടി അവിടുന്നു കല്പന കൊടുത്തിരിക്കുന്നു
വല്ലൊ?

(രണ്ടാളും പോയി)

പ്രസ്താവന കഴിഞ്ഞു.

ഒന്നാമങ്കം.

(ഉദയവർമ്മരാജാവും, ചെറുശ്ശേരിനമ്പൂരിയും പ്രവേശിക്കുന്നു)

രാജ—അല്ലേ! ചെറുശ്ശേരി! ഇപ്പോൾ വസന്തകാലമായി ഇല്ലേ? ഇതാ നോക്കൂ ('സാകല്യം സുകുമാരതല്ലജവപുസ്സായിട്ടു പുഷ്പിച്ചിടും' ഇത്യാദി ശ്ലോകത്തെ ചൊല്ലുന്നു)

എന്നുമാത്രമല്ല,

ഉളയതളിർ ചമഞ്ഞും, വൃക്ഷമെല്ലാം വിടർന്നും,
വെള്ളിയിൽ മധു പൊഴിഞ്ഞും, ഗന്ധമെങ്ങും നിറ
കളരവമൊടു ശുകം പക്ഷിജാലങ്ങളോടും (ഞ്ഞും,
ലളിതസരസഭാവം പൂണ്ടിതുദ്യാനലക്ഷ്മി. (11)

പുണ്യശ്ലോകന്റെ പ്രസിദ്ധി ഈ ഉദ്യാനംകൊണ്ടുതന്നെ വെളിപ്പെടുന്നുണ്ട്. ഈ ദിക്കിൽ എത്രയും ദുർല്ലഭമായ ചന്ദനമരങ്ങൾ എത്രയാണ് ഇവിടെ നില്ക്കുന്നതു!

പ്പുറംചെന്ന തഴച്ച ചന്ദനമര–
ങ്ങളും നിറഞ്ഞുമേവിടേ
ചുററും പൂത്തൊരു ചമ്പകങ്ങളിടയിൽ
പുഷ്പിച്ചശോകങ്ങളും
ചുററിപ്പററി വളൎന്നിടുന്ന ലതകൾ–
ക്കൊത്തുള്ള പുഷ്പങ്ങളും;
കററം തീൎന്നവ പൂവൊപ്പിടിത്താമിതി–
ന്നെല്ലാമലങ്കാരമാം. (12)

ചെറുശ്ശേരി — ഇതു് ഏറിക്കുറ ബോധിച്ചില്ലേ; ഞാനാണെങ്കിൽ ഇവിടെയെല്ലാം നേന്ത്രവാഴ വെക്കുമായിരുന്നു. തെങ്ങും, കവുങ്ങും, അതിൽ വെററിലക്കൊടികളും, മുളകുകൊടിയും, നേന്ത്രവാഴയും, മാവും, പിലാവും എല്ലാം നിറഞ്ഞു നില്ക്കുന്നതുപോലെയുള്ള ഗുണം ഇവകളെക്കൊണ്ടുണ്ടോ?

രാജാ — അതെല്ലാം കൃഷിക്കാരുടെ പ്രവൃത്തിയല്ലേ? രാജ്യം രക്ഷിച്ചു, നീതിയെ പരിപാലിക്കുന്ന രാജാക്കന്മാർ സൎവ്വഭോഗങ്ങളെയും അനുഭവിക്കുവാൻ ജനിച്ചവരല്ലേ? അവൎക്കു വ്യാപാരമില്ലാത്ത സമയങ്ങളിൽ മനസ്സിന്നു സന്തോഷമുണ്ടാക്കുവാനുള്ള ഉപായങ്ങളല്ലേ ഇവയൊക്കെ?

ശ്രമത്തിൽ തോററു വല്ലാതെമരുമവസാ–
നത്തിങ്കലും ദുഃഖമുള്ളം
ശ്രമയോഗം ഭവിക്കുമ്പോഴതിവിരസം
തന്നിലും, പിന്നെയൊന്നാൽ

വാർദ്ധക്യംകൊണ്ടു ബുദ്ധിക്കുടവു പലവിധം
തട്ടിയാലും നൃപന്മാർ
ബുദ്ധ്യാദ്യമാമൊരായിരിന്നീയുപവനത്തിൽവ-
ന്നാശ്രയിക്കുന്നു നിത്യം. (13)

എന്നുമാത്രമല്ല,

ഐശ്വര്യം പെരുത്തൊരു നൃപൻ മിത്രരാത്രി രാജ്യ-
കാര്യങ്ങളിൽ കുഴകയാൽ തിരസ്കൃതനല്ലൊ
പാർത്തലപാലിയുടെ ദൃഷ്ടിവരനാകുമെന്നാൽ
ഓർത്താജനങ്ങളെയുമോർക്കവരുന്നു നൂനം. (14)

ചെറുശ്ശേരി — അവിടത്തെ അഭിപ്രായംപോലെ കേൾക്കുമ്പോൾ ഇതു വളരെ ഉപകാരമുള്ളതാണെന്നു എനിക്കു തോന്നുന്നുണ്ടു്.

ഉദ്യാനത്തിന്നു നിത്യം പലവിധകുസുമം
വന്നുവീണിടുവാനും
ദേവന്മാർക്കൊരു മാത്രതാൻ പൂജചെയ്തിടുവാൽ
മാല കെട്ടിടുവാനും
മാനം തേനിപ്പൂക്കൾക്കു നവമധുരരസം
ശേഖരിച്ചിടുവാനും
മന്നാർക്കെല്ലാമിന്നീയുപവനമിവിടെ-
ച്ചിന്തചെയ്യുന്നനേരം. 16

രാജാ — ചെറുശ്ശേരി! ഈ ഉദ്യാനത്തെപ്പോലെ ഒരു ഉദ്യാനത്തെ ഞാൻ കണ്ടിട്ടില്ല. ഈ ഉദ്യാനം സാമൂതിരിയുടെ യശോവികസനങ്ങളാക കളിപ്പാനുള്ള രംഗമായിത്തീരുമെന്നു തോന്നിപ്പോകുന്നു. മാത്രവുമല്ല,

ഭൂമാതാകുലന്നധികകാന്തിയൊടൊത്തു വിളങ്ങും
ശ്രീദേവിയെ ധരണീവിടെക്കളിയാടിടുന്ന
ഭൂപതിതന്റെ പതിയാകിയ കമലാക്ഷൻ
കോമൾ വളർത്തുമൊരു സോദരിപുത്രിയെപ്പോൽ.

ഹാ! ചെറുക്കൂളി! നാം ഉദ്യാനത്തെ മുഴുവനും നടന്നുകാണുക; വരൂ. (എല്ലാവരും ചുറ്റിനടക്കുന്നു.) (പിന്നെ ഒരു വലിയ കുളം കണ്ടതായി നടിച്ചിട്ട്.) ഇതാ കാണുന്നതു് ഒരു വലിയ കുളമാണല്ലൊ? ഈ കുളം വളരെ വിസ്താരമുള്ളതുതന്നെ.

ചെറുക്കൂളി — നമ്മുടെ പിതാവിനെപ്പോലും വിസ്താരമില്ലെങ്കിലും സാമാന്യം വലിപ്പമുള്ളതാകുന്നു. ഇതാണു നാലുതിരിയുടെ പ്രസിദ്ധ മനോരഞ്ജിനി.

രാജാ — കേട്ടിട്ടുണ്ട്; ഇതാണോ കുളത്ത്.

വിസ്താരം കുറവില്ല വിമലജലം
പരന്നു് നിറഞ്ഞിരിക്കുന്നു
പ്രസ്താവത്തിനു യോഗ്യമായ കടവു-
കളെല്ലാം മനോജ്ഞമാം
വിസ്താരം, പരിപൂർണ്ണത, സ്വച്ഛത,
വൈമല്യമിത്യാദിയാൽ
വിസ്തൃത്യാകൃതിയല്ല, സങ്കടമാം
തടാകത്തോടു സാദൃശ്യമാം. 17

ചെറുക്കൂളി — ഞങ്ങ... ഞങ്ങ... സുഖമായി എല്ലാം ഞങ്ങൾ ഉ
ണ്ടു; മാറിട്ടു് ഒന്നു് മാറുകയില്ല.

സ്നാനാർത്ഥരായ നമ്പൂരികൾ സമാസമിതാ
വന്നിറങ്ങി ജലത്തിൽ
മഗ്നന്മാരായി നില്ക്കുന്നിതു ചിലർ, ചിലരാ
ശൌചനിഷ്ഠാപരന്മാർ
അർക്കന്നായർഘ്യത്തിനൊരുക്കം, തർപ്പണികളേറിയും
നൽക്കടാക്ഷമേകി തട്ടി.
നിഗൂഢമന്ത്രജപം നിമിത്തം ചിലർ കായലിറ്റു-
ന്നു ജപിക്കുന്നമട്ടിൽ. 18

രാജാ:— ചെമ്പള്ളി! അതാ തെക്കേകുളിപ്പുരയിൽ യൌവനയുക്തയും, ലാവണ്യവതിയുമായ ഒരു സ്ത്രീ കയറി കുളിച്ചു കണ്ടുവോ? ആ സ്ത്രീ ആരായിരിക്കും?

ചെമ്പള്ളി:— അറിയില്ല. തമ്പുരാട്ടിമാരാരെങ്കിലുമായിരിക്കാം. അല്ലെങ്കിൽ സ്വരൂപത്തിലുള്ള ഉറങ്ങുന്നവരെങ്കിലുമായിരിക്കാം. ഉയർന്ന കുലത്തിലുള്ള സ്ത്രീകളല്ലാതെ ആ കുളിപ്പുരയിൽ കുളിപ്പാൻ കയറുകയില്ല.

രാജാ:— ഉയർന്ന കുലത്തിൽ ജനിച്ച സ്ത്രീകളല്ലാതെ ഇത്ര സൌന്ദര്യമുണ്ടാവാൻ കാരണമില്ല. (ആത്മ—) ഇപ്പൊഴോർക്ക.

മുങ്ങിക്കുളിക്കുവതിന്നു തുഴയുക.
നിദ്ര വെടിഞ്ഞുണരവെ—
നെഞ്ചോടായ് ചിമ്പിചേർത്തു, വക്ത്രകമലം
പ്രത്യക്ഷമാക്കി ഉദ്യം
തിരികളുപ്പേറിയ കൊങ്കമെതിരിടയിൽ
മെയ്കുളുപ്പി നിന്നിട്ടിതാ
മഞ്ജുള കണ്ണിമകൾ സുസ്മിതമുതിരാ
സമ്പ്രതിനാട സഖേ! 19

അത്രയുമല്ല,

പുത്തൻചമ്പകപുഷ്പകാന്തികവരം
തന്വംഗിതൻ മേനിയും
മത്തേഭോന്നതകുംഭതുല്യ കിടയും
പീനസ്തനമണ്ഡലവും
ചിത്തം തന്നിലുദിച്ച ഭക്തിയതിനാൽ
കാരുണ്യഭാവങ്ങളും
കാന്തിപ്പൂമലരാഗിണിയെപ്പറ്റി ചിന്തിപ്പാൻ
ചിത്തത്തിൽ വല്ലാതഹോ. 20

ഹേ! ചെറുശ്ശേരി! കണ്ഠപ്രദേശത്തോളം വെള്ളത്തിൽ മുഴുകിനില്ക്കുന്ന ആ തരുണിയുടെ അംഗസൗഭാഗ്യം നോക്കുക! ഇതിനൊത്തുള്ള വർണ്ണനകൾ കേവലം ശൃംഗാരരസികന്മാരുടെ ഹൃദയങ്ങളെ രസമഥിതമാക്കിത്തീർക്കുന്നവകളാകുന്നു. രാഗമനുഷ്യന്റെ ഹൃദയത്തിൽ എന്തിനൊ ഉദിക്കുന്ന എന്നറിയുന്നില്ല.

ഇപ്പോൾ നോക്കുക.

എന്നാം സ്നിഗ്ദ്ധത ചേർന്നിട്ടും സ്തനയുഗം-
തന്നിൽ തെളിഞ്ഞങ്ങിനെ
പാറിക്കൊണ്ടു കിടന്നിട്ടും ജലകണം
മിന്നുന്ന മുത്തെന്നപോൽ
ചാരും സ്നിഗ്ദ്ധജനങ്ങളുള്ളവരഹോ!
നിസ്സാരമെന്നാകിലും
ചേരും സംശയമില്ല, ഭൂതലമതിൽ
ശോഭിക്കുമാറായിടും. 21

ചെറുശ്ശേരി! എന്നാൽ അവിടന്ന് ശോഭിക്കുന്നതു് എ

ൻെറ സ്നേഹംനിമിത്തമാണെന്നു വരണം. അയ്യോ! അല്ല! നേരമേറിപ്പതാണോ; ഞാൻ ശോചിക്കുന്നതു് അവിടത്തെ സംസർഗ്ഗംകൊണ്ടാണു്.

രാജാ — അതു് എങ്ങിനെയെങ്കിലും തീർച്ചപ്പെടുത്തിക്കൊള്ളൂ. അതാ! ഇപ്പോൾ ആ തപസ്വിനിയും, സഖിയും മേൽപ്പോട്ടുള്ള കേറുകയാൽ നമ്മുടെ കണ്ണിൽനിന്നു മറഞ്ഞുപോയിരിക്കുന്നു. നാം അവരുടെ വരവിനെ പ്രതീക്ഷിച്ചു് ഒരു ആൽത്തറയുടെ സമീപത്തു നില്ക്കുക.

ചെറുശ്ശേരി — ആൽത്തറയിങ്കൽ ബ്രാഹ്മണർ അപരാഹ്ണപ്രദക്ഷിണം ചെയ്യാൻ വരും. നാം ആ ചന്ദനമരത്തിന്റെ സമീപം ചെന്നു നില്ക്കുക. ആ വഴിക്കാണു് അവർ പോകുക. (ഇതിനിടെ രണ്ടുപേരും ചുററി നടക്കുന്നു. ചന്ദനമരത്തിന്റെ തണലിൽ ഒളിഞ്ഞതായി നടിച്ചു് ഇരിക്കുന്നു.)

ചെറുശ്ശേരി — നാം എത്രനേരം ഇവിടെ നില്ക്കണം? നേരം വളരെ ആയല്ലോ?

രാജാ — നാം കണ്ടതു് ആരാണെന്നു് അറിയുന്നതിനു മുമ്പായി പോകുന്നതെങ്ങിനെ? അല്പസമയംകൂടി ഇവിടെയുള്ള കാഴ്ചകൾ കണ്ടാനന്ദിക്കുക.

ചെറുശ്ശേരി — അതാ സ്ത്രീകൾ വരുന്നു. ഒന്നു് ഒരു തമ്പുരാട്ടിയാണു്. സംശയമില്ല. മറേറതു ദാസിയുമാണു്.

(രാജാ അത്യാഗ്രഹത്തോടെ നോക്കുന്നു.)

രാജാ — തമ്പുരാട്ടിയാണെന്നു ചെറുശ്ശേരിക്കു് എന്താ നിശ്ചയം? വല്ല ലക്ഷണമുണ്ടോ?

ചെറുശ്ശേരി— കഴുത്തിൽ വെളുത്ത ചരടിന്മേൽ പട്ടത്താലി കൂടി കോർത്തുകെട്ടിയിരിക്കകൊണ്ടും, കാതിൽ തോടയ്ക്കു പകരം കാതിലയിട്ടിരിക്കകൊണ്ടും, കസവു മേൽമുണ്ടിനാൽ മാറത്തു കെട്ടിയുടുത്തു സ്തനങ്ങളെ മറച്ചിരിക്കുന്നതുകൊണ്ടും ഇതു തമ്പുരാട്ടിയാണെന്നു നിശ്ചയിച്ചു. അല്പനേരമായി പിന്നാലെ വരുന്നവൾ ദാസിതന്നെ.

രാജാ— നമ്പൂതിരിമാരെപ്പോലെ ഇവരുടെ ചടങ്ങുകൾ അത്ര സൂക്ഷ്മം അറിയുന്നതല്ല. അതാ അവർ ഇങ്ങോട്ടുതന്നെ വരുന്നു. (പറഞ്ഞപ്രകാരം തമ്പുരാട്ടിയും, ദാസിയും പ്രവേശിക്കുന്നു.)

തമ്പുരാട്ടി— (രാജാവിനെയും നമ്പൂതിരിയേയും കണ്ടതായി നടിച്ചു) കണ്ണി! ഇതാ രണ്ടാൾ നാമ വരുന്ന വഴിക്കൽ നില്ക്കുന്നതു്? (രണ്ടാളെയും സൂക്ഷിച്ചുനോക്കുന്നു.)

കണ്ണി— ഒരു നമ്പൂരിയാ തോന്നുന്നു. അടിയനു നിശ്ചയില്ല. നമ്പൂരാരല്ലാതെ തിരുമേനിയെ കണ്ടാൽ അങ്ങിനെ തോന്നിക്കില്ല.

തമ്പുരാട്ടി— (ആത്മഗതം) ഇടത്തുഭാഗത്തു് ഇരിക്കുന്ന ആൾ (രാജാ) വളരെ സൌന്ദര്യമുള്ള ഒരു പുരുഷനായിരിക്കുന്നു. ഇദ്ദേഹത്തെ കണ്ടമാത്രയിൽ എന്റെ മനസ്സു വല്ലാതെ ഇളകിയിരിക്കുന്നു. അല്ല! ശരീരത്തിന്നു് എന്താ സ്വാധീനതയില്ലാതെ തോന്നുന്നതു്? (പ്രകാശം) കണ്ണി! നമുക്കു് ഇങ്ങോട്ടു കൊണ്ടുവാ: എന്റെ കണ്ണുനീരു ഇടറുന്നു. (നാലാളും മുമ്പു വാങ്ങി കുറച്ചു നടക്കുന്നു.)

കാമാക്ഷി — ശൈവലികേ! ഇന്നു തിരുമേനി പുറപ്പെടുന്ന ചെവിക്ക് ഏതോ ചൊല്ലുവാനുണ്ട്.

രാജാ — ചെറുപ്പെണ്ണേ! ഈ ത്രൈലോക്യസുന്ദരി എന്റെ ഹൃദയത്തെ രാഗമലിനമാക്കിത്തീൎക്കുന്നു.

താമരപ്പൂങ്കണ്ണി മന്ദമന്ദംപാടും
ചെമ്പൊന്മണിപ്പാട്ടു കേൾക്കവേ
പൊന്നിൻതൂപ്പുതുമാളെ എന്റെ ചെവിയിൽ
തേന്മഴ പെയ്യുന്നപോലെ!
ഇന്നാൾ മന്മഥനായ മാന്ത്രികശ്രേഷ്ഠൻ,
കണ്ടുകൊണ്ടിരിക്കേ —
ലോകരെക്കാൺമതിനായ് ബലിപ്പെടുത്തിട്ടും
ഉള്ളിലുള്ളൊരു സങ്കടം! 22

ചെറുപ്പെണ്ണ് — (ആത്മഗതം) ഹാ! ദൈവമേ! [illegible] നവം കൂട്ടരി (പ്രകാരം) തമ്പുരാട്ടിയും കാമദേവന്റെ ഭയമെന്ന തോന്നുന്നു.

രാജാ — ഞാനും ചെറുപ്പെണ്ണിന്റെ അഭിപ്രായത്തോടു കൂടി യോജിക്കുന്നു.

ഇടയിടെ വഴിയെ തെളിപ്പാക്കി വിടർത്തുകൊണ്ടു —
ത്തുടനടനെ വിടർന്ന് ഭിന്നഭിന്നപാനമൊരം (ഇതു
പോലെ ചോട്ടെ ശയനത്തിൽനിന്ന വീഴുന്ന മാ
തളത്തു വചനത്തിന്നാരമാം ലജ്ജകൊണ്ടും. 23

(അണിയറയിൽ)

പറവാൻ പള്ളി ദ്രുതമായ തിരുനാവായ
കൊണ്ടവർ ഭദ്രിച്ച [illegible]

ചമ്പിച്ചു വീട്ടകം തകർത്തതിവേഗമോടു
മുമ്പോട്ടു പാഞ്ഞു വരവുണ്ടു വിലങ്ങിനില്പിൻ! 24

(എല്ലാവരും സംഭ്രമത്തോടെ ചുറ്റും നോക്കുന്നു.)

(അണിയറയിൽ പിന്നേയും) ഇതാ കുലശേഖരൻ ഉദ്യാനത്തിൽ കടന്നു.

രാജാ—(ഭോകിട്ടു) ചെറുപ്ലേരി! കുലശേഖരനെ നോക്കു.

ഇമ്പിക്കുങ്കടകി ഗന്ധയുഗളം
പൊന്തില്ല വാല്യം വരു-
പ്പമ്പിൽപ്പെൺ ചെവി വട്ടമിട്ട ലംബു പാ-
യോടുന്ന കൊമ്പൻ ദ്രുതം
ചമ്പിച്ചിടിന വൃക്ഷിതങ്ങളിടയിൽ
ചെല്ലുന്ന പോകുന്നിവൻ
വമ്പൻ കുന്നലക്കോനെന്റെ വിശ്വമദ്ധ്യാ
ളൂതിക്കരിപ്പുള്ളതോ? 25

(തമ്പുരാട്ടിയും ദാസിയും സംഭ്രമത്തോടെ ചുററി നടക്കുന്നു; തമ്പുരാട്ടി ബോധക്ഷയത്തെ നടിക്കുന്നു; വീഴുവാൻ ഭാവിക്കുന്നു.)

കുഞ്ഞി—(ദീനസ്വരത്തിൽ) അയ്യോ! തിരുമേനികളേ! തമ്പുരാട്ടിയെ രക്ഷിക്കണേ, രക്ഷിക്കണേ!

(രാജാവു തമ്പുരാട്ടിയെ താങ്ങിപ്പിടിച്ചു ചെറുപ്ലേരിയുടെ സഹായത്തോടെ ചന്ദനത്തറയിൽ കൊണ്ടുപോയി കിടത്തി.)

ചെറുപ്ലേരി—(ദാസിയോടു) നീ പോയി കുറെ മുണ്ടു നനച്ചു വെള്ളത്തോടെ ഉടനോട്ടു കൊണ്ടുവാ. ഇതാ വ

ടയിലെ കരകൾക്കൂടി കിഴക്കോട്ടോടി. ഇനി ഇങ്ങോട്ടു വരില്ല.

(ദാസി പോയി.)

രാജാ — ആനയുടെ ബാധ കഴിഞ്ഞുവല്ലോ. ഇനി മനസ്സമാധാനത്തോടുകൂടി വേണ്ടതു പ്രവൃത്തിക്കാം. ഹാ! ചെറുള്ളേരി! തമ്പാട്ടിയെ നോക്ക.

നയനയുഗമടച്ചും, ശ്വാസമെല്ലാം നിലച്ചും,
വദനമതു വിളർത്തും, ദേഹമെല്ലാം തരിച്ചും,
ഹൃദയമതു തുടിച്ചും കാലു രണ്ടും വിറച്ചും
മരുവുമിവളിലോർത്താൽ ജീവിതം സംശയത്താൻ.

(ദാസി മൊന്തയിൽ വെള്ളം നിറച്ച് ഓട്ടത്തോടുകൂടി പ്രവേശിക്കുന്നു.)

ദാസി — ഇതാ വെള്ളം, അയ്യോ! തമ്പ്രാട്ടി ഇനിയും ഉണന്നില്ലേ? തിരുമേനികളേ, എന്റെ തമ്പ്രാട്ടിക്ക് എന്താണ്? അടിയൻ കോവിലകത്തോളം വിടകൊള്ളട്ടെ.

ചെറുള്ളേരി — വിഡ്ഢീ! തമ്പുരാട്ടിക്ക് എല്ലാം സുഖമാകും. ഒരു മോഹാലസ്യമാണ്. (മൊന്ത വാങ്ങി മുഖത്തു വെള്ളം തളിക്കുന്നു; ഈ ഉപചാരംകൊണ്ടു മെല്ലെ, തമ്പുരാട്ടി കണ്ണു തുറന്നു നോക്കുന്നു.)

ചെറുള്ളേരി — (നല്ലവണ്ണം നോക്കീട്ടു ബോധം തെളിഞ്ഞതായി ബോദ്ധ്യം വന്നപോലെ നടിക്കുന്നു.) ഇപ്പോഴും സുഖമായില്ലേ? എണീക്ക; കണ്ടില്ലേ? ഇതാ ഉണ്ട്; ആന പോയി; ഇനി ഭയപ്പെടേണ്ട, മെല്ലെ

എണീക്കു. (തമ്പുരാട്ടി എഴുനീല്ക്കുവാൻ ശ്രമിക്കു
മ്പോലെ നടിച്ച് രാജാവിനെ കണ്ടപ്പോഴ് സൂക്ഷ്മ
മായി നോക്കുന്നു.)

ദാസി—അവിടുത്തു വേണ്ടതുകയതന്നെയാണ് ഈ തി
രുമേനികൾ. അവരെ തൃക്കൺപാൎക്കണം.

രാജാ—ഞാൻ അവിടുത്തെ ദാസനാണെന്നുകൂടി പറ
യാം. അവിടേയ്ക്കു് അല്പം സുഖമുണ്ടെങ്കിൽ ഞങ്ങൾ
കൃതാൎത്ഥന്മാരായി. അവിടേയ്ക്കുവേണ്ടി എന്തുപചാര
ത്തിന്നും ഒരുക്കമാണ്.

ചെറുശ്ശേരി—അല്ല! തമ്പുരാട്ടിക്ക് ഒന്ന് എഴുനീറ്റിരിക്കു
ന്നതോ? അത്ര സുഖം തോന്നുന്നില്ലേ? ഒന്നു പരീക്ഷി
ച്ചുനോക്കു. എണീക്കു.

രാജാ—(ആത്മഗതം) ഈ തരുണീരത്നം എന്റെ സ
മീപത്തിൽ അല്പനേരം കിടക്കുന്നതു് എനിക്ക് എ
റെയും പരമാനന്ദമായിരിക്കെ ഈ മൂഢൻ അതിന്നു
വിഘ്നംചെയ്യുന്നുവല്ലോ? കഷ്ടം! ഈ വിഡ്ഢിയുടെ
അസൂയ നോക്കു. (പ്രകാശം) എഴുനീല്ക്കുവാൻ സാ
ദ്ധ്യമാകുമെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കേണ്ടതാണ്.
(തമ്പുരാട്ടി എഴുന്നീറ്റിരിക്കുന്നു. നല്ല സുബോധം വ
ന്നതായി നടിക്കുന്നു.)

തമ്പുരാട്ടി—കാന്തി! എന്റെ മുഖത്തു വല്ല ഭേദഗതി
യുമുണ്ടോ? നോക്ക്.

കാന്തി—തിരുമുഖം വളരെ വിളൎത്തിരിക്കുന്നു. അല്ലാ
തൊന്നും തിരുമേനിക്കില്ല. ഈ തിരുമേനികളുടെ ഗു
ണത്താലും, തളിലപ്പന്റെ അനുഗ്രഹംകൊണ്ടും തിരു
മേനിക്ക് ഒന്നും പറ്റില.

തമ്പുരാട്ടി—എനിക്കുവേണ്ടി ഈ ഉപചാരങ്ങൾ എല്ലാം ചെയ്യു ഈ മഹാനുഭാവന്മാർ ആരാണെന്നു ഞാൻ അറിയുന്നില്ലല്ലൊ.

രാജാ—ഞങ്ങൾ അവിടത്തെ പരിചാരകന്മാരാണെന്നു മാത്രം ഇപ്പോൾ ധരിച്ചാൽ മതി.

ചെറുശ്ശേരി— ദേവിയുടെ പാദശുശ്രൂഷയ്ക്കു കാംക്ഷിക്കുന്ന ഈ പരിചാരകൻ കേരളത്തിലെ ഒരു രാജവംശത്തെ അലങ്കരിക്കുന്ന ഒരു ഭുജപരാക്രമിയാണ്.

(തമ്പുരാട്ടി സംഭ്രമത്തോടെ തിരിഞ്ഞുനോക്കി രാജാവിൽനിന്നും കുറെ അകന്നിരിക്കുന്നു.)

ചെറുശ്ശേരി—ഞാൻ വെറും നമ്പൂരിയാണ്.

തമ്പുരാട്ടി—(ആത്മഗതം) സൌന്ദര്യംകൊണ്ടും, വശ്യവാക്കുകൊണ്ടും എന്റെ മനസ്സിനെ ആകർഷിക്കുന്ന ഈ യുവാവ് ഏതൊരു രാജവംശത്തെയാണ് അലങ്കരിക്കുന്നതു്? ഈ നമ്പൂതിരി സ്പഷ്ടമായി ഒന്നുംതന്നെ പറയുന്നില്ലല്ലൊ; ഈ വിഷയത്തെ എടുത്തു ചോദിക്കുന്നതെങ്ങിനെ? ഇവരോട് എങ്ങിനെയാണു നന്ദി കാണിക്കേണ്ടതു്?

കുഞ്ചി—എന്താ തിരുമനസ്സുകൊണ്ടു നിരീച്ചുംകൊണ്ടിരിക്കുന്നതു്. നേരം കുറെ ആയില്ലേ? അവിടേക്കു് എഴുന്നള്ളാൻ മേനാവണ്ടോനും കൊണ്ടരാൻ കല്പിച്ചാൽ അടിയൻ വിടകൊള്ളാം. ഇന്നു് അമ്പലത്തു ചെന്നു തൃക്കൺപാർക്കാൻ ആവില്ല.

തമ്പുരാട്ടി—(ആത്മഗതം) ഈ ചേട്ടക്കു ബുദ്ധി ലവലേശമില്ല. ആരാ, എന്താ, എന്നു ചോദിച്ചറിയാതെ

വെറുതെ എന്നെ ഉപദ്രവിക്കുന്നവരല്ലോ. (പ്രകാശം) എന്നാൽ പോകാം. (രാജാവിനേയും, ചെറുശ്ശേരിയേയും നോക്കീട്ടു്) ഞാൻ എന്താണു് നിങ്ങൾക്കു പ്രത്യുപകാരം ചെയ്യേണ്ടതു് എന്നറിയുന്നില്ല.

ചെറുശ്ശേരി — അവിടേക്കു് എല്ലാം സുഖമായാൽ ഞങ്ങൾക്കു പ്രത്യുപകാരമായി. ചുമരുണ്ടെങ്കിൽ അവസരംപോലെ ചിത്രമെഴുതാമല്ലോ?

രാജാ — അവിടേക്കു ഞങ്ങൾ ചെയ്ത ഉപകാരങ്ങളെല്ലാം അവിടത്തെ ഓൎമ്മയിൽ എപ്പോഴും വെച്ചുകൊണ്ടിരിക്കുന്നതു തന്നെയാണു ഞങ്ങൾക്കു മതിയായ പ്രത്യുപകാരം.

തമ്പുരാട്ടി — (ആത്മഗതം) ഇദ്ദേഹം കൊടുങ്ങല്ലൂർ രാജവംശത്തിൽപ്പെട്ട ഒരു കോവിലായിരിക്കുമോ? ഇദ്ദേഹത്തിന്റെ ഈ മാതിരി സംഭാഷണത്തിനു കാരണമെന്തു്? (പ്രകാശം) ഞാൻ അധികം സംസാരിച്ചാൽ അധികം അധികം പരവശയായിത്തീരുന്നതാണു്. ഉപകാരസ്മരണ എനിക്കെപ്പോഴുമുണ്ടാകുന്നതാണു്. എന്റെ മനസ്സിനെ തുറന്നു കാണിച്ചുതരുവാൻ എനിക്കു ശക്തിയില്ലല്ലോ? (കുന്തിയെ നോക്കീട്ടു്) കുന്തീ! നമുക്കു പോകുക. സമയം അധികമായി. മുണ്ടും എണ്ണക്കിണ്ണങ്ങളും മറ്റും എടുക്കു. (രണ്ടാളുംപോയി, രാജാവിനെ തിരിഞ്ഞു നോക്കി കടാക്ഷിച്ചും മറ്റും പല ശൃംഗാരചേഷ്ടകളും നടിക്കുന്നു.)

രാജാ — (ആത്മഗതം) ഹാ! കഷ്ടം! ആ സുന്ദരാംഗി എന്റെ ഹൃദയത്തെ മുഴുവനും ഹരിച്ചിരിക്കുന്നു. ഞാൻ കേവലം മൃതപ്രായനായിരിക്കുന്നു. (പ്രകാശം).

തീക്ഷ്ണാസ്ത്രമോടു സമമായ കടാക്ഷമേറ്റി-
ട്ടുള്ളിച്ചിടുന്നു മമ ദേഹമശേഷമിപ്പോൾ
വിഷ്ണോ! ഹരേ! തവസുതൻസ്മരനാണതെന്നെ
കൊല്ലിപ്പതിന്നിടവരുത്തരുതേ, മഹാത്മൻ! 26

ചെറുശ്ശേരി! തമ്പാട്ടിക്ക് എന്നിൽ കലശലായ രാഗമുണ്ടെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ:—

വിരിഞ്ഞനേത്രങ്ങളിടക്കിടക്കലായി
തിരിഞ്ഞുനോക്കീട്ടുനിമിത്തഹാസവും
കുറഞ്ഞൊരുന്മേഷവുമിന്നിതൊക്കയും
നിറഞ്ഞരാഗം വെളിവാക്കിടുന്നു മേ. 27

(അണിയറയിൽ) അയ്യോ! നേരം ഉച്ചയായല്ലോ? തമ്പുരാൻ എഴുന്നള്ളിയിരിക്കുന്നതു് എവിടെയാണെന്ന് അറിയുന്നില്ല. പൂന്തോട്ടത്തിൽ ഒന്നന്വേഷിക്കട്ടെ.

ചെറുശ്ശേരി — (കേട്ടതായി നടിച്ചു്) കളിക്കെല്ലാം ഒരുക്കി കോമപ്പൻ തിരഞ്ഞിറങ്ങിയെത്തി.

രാജാ — നേരം ഉച്ചയായല്ലോ?

ഇംഗാലിത്യനൊഴും പ്രചണ്ഡകിരണം
തട്ടിത്തളർന്നുള്ളൊരു—
ഞ്ഞെങ്ങും മണ്ടി, മയങ്ങി, പല്ലവഗണം
വാടിത്തളർന്നു ഭാരം

മന്ദം വന്നണയുന്ന ശീതപവന-
ന്താരൊന്നൊന്നടങ്ങീടിനാ-
നൊന്നല്ലാ തപശക്തിയാൽ പുതുമലർ-
ക്കൊരത്താരകെ വാടുന്നിതാ.

ചെറുശ്ശേരി — എന്നു മാത്രമല്ല.

ഉച്ചപ്പൂജകഴിഞ്ഞു പുഷ്പിണികളും
ചോറ്റും തലക്കേറിയ-
ങ്ങുച്ചത്തിൽ ചിലമൊച്ചയാട്ടിയുമഹോ
പോകുന്നു വേഗാലിതാ
പട്ടന്മാർ ചിലരുട്ടിപ്പുരെക്കു വെളിയിൽ
പോകുന്നു, നമ്പൂരിമാർ
കൂട്ടത്തോടെ മുറുക്കുവാൻ തുണർന്നിട-
ത്തെത്തുന്നു കൂട്ടം കൂവാൽ 28

അതിനാൽ ഇനി അധികം താമസിക്കാതെ കുളി
ച്ച് ഊണുകഴിക്കുക തന്നെ.

രാജാ — എന്നാൽ പോകുക (രണ്ടാളും പോയി).

ഒന്നാമങ്കം കഴിഞ്ഞു.

രണ്ടാമങ്കം.

(തമ്പുരാട്ടിയുടെ ദാസി കുഞ്ഞി വ്യസനാവേശത്തോ
ടും ബാല്യപ്പാടോടുംകൂടി പ്രവേശിക്കുന്നു)

കുഞ്ഞി — (വിചാരം) ആലത്തൂര് നമ്പി തിരുമനസ്സു
കൊണ്ട് ആതാനത്ത് എഴുന്നള്ളിട്ടുണ്ടെന്നു വാർത്താൻ
നമ്പൂരി തിരുമേനി അരുളിച്ചെയ്തതു ശരിതന്നെയോ

എന്തോ? തമ്പ്രാട്ടിക്ക് ആനയെ കണ്ടു ഭയപ്പെട്ടമുതൽക്ക പനി ഇനിയും വിട്ടിട്ടില്ല. കിളിമങ്ങലത്തു നമ്പൂരി തിരുമനസ്സുകൊണ്ടു ഭസ്മമിട്ടിട്ടും നിന്നില്ല. വേലൻ വെലിവെച്ചു. അതുകൊണ്ടും മാറീല. ഇത് എന്തു ഭയപ്പാടാണാവൊ? പേപറയുമ്പോലെ എന്തൊക്കെയോ പറയുന്നു. ആന ഭയപ്പെട്ട സമയത്തു കണ്ട തമ്പുരാന്റെ ഓൎമ്മ ഇനിയും വിട്ടിട്ടില്ല. ആ വിചാരം മനസ്സീന്നു പോയാലേ പനി വിടുള്ളു. ഇനി നമ്പി തിരുമനസ്സിന്ന് എഴുന്നള്ളി വല്ല മരിന്നൊ കഷായമൊ കൊടുത്താലേ സുഖമാകുള്ളു. (മുമ്പോട്ടു സൂക്ഷിച്ചു നോക്കുന്നു.) ഇതാ, ആരൊ വരുന്നു. അന്നൊതന്നെ ആ തിരുമേനിയാണെന്നു തോന്നുന്നു. അവിടത്തോടു ചോദിച്ചാൽ വിവരം അറിയാം. (അനന്തരം ചെറുശ്ശേരി നമ്പൂതിരി പ്രവേശിക്കുന്നു) (നമ്പൂരി കുഞ്ഞിയെ നല്ലവണ്ണം നോക്കീട്ടു)

ചെറുശ്ശേരി — നീ, ആരാ, ആ തമ്പാട്ടിയുടെ ദാസി — അന്നു കണ്ട — ആ കുഞ്ഞി — അല്ലെ?

കുഞ്ഞി — (വണക്കത്തോടെ വായപൊത്തി) ഏറാൻ, അടിയൻ ആ കുഞ്ഞി — തന്നെ.

ചെറുശ്ശേരി — നീ! എവിടെക്കാ? നിനക്ക സംബന്ധക്കാരനുണ്ടൊ? ഓന്റെ അവിടെക്കായിരിക്കാം. അല്ലെ?

കുഞ്ഞി — (വായ പൊത്തി ചിരിച്ചുംകൊണ്ട്) ആ ചൊദ്യായി. അമ്മക്ക പ്രാണവേദന, മകൾക്ക വീണവായന. അവിടെക്ക് എപ്പൊഴും [illegible]. അ

ടിയൻ തിരക്കപ്പിടിച്ചു വിടകൊള്ളുന്നതാണ്. ഈ കമ്പം കേട്ടു നിൽക്കാൻ എടയില്ല. (പോകാൻ ഭാവിക്കുന്നു.)

ചെറുശ്ശേരി:— നിൽക്ക്; എന്തൊക്കെയാ പറ; കേൾക്കട്ടെ.

കണ്ണകി— തമ്പുരാട്ടിക്ക് അന്നുമുതൽ പനിയാണ്. ഇനിയും പനി വിട്ടിട്ടില്ല. പേ പറയുന്നു, അന്നത്തെ ഓർമ്മതന്നെ ആണ് ഇപ്പോഴും. ആ തിരുമേനിയുടെയും ഇവിടത്തെയും ഓർമ്മ ഇനിയും വിട്ടിട്ടില്ല. പല മന്ത്രവാദവും ചെയ്തു. ഇനിയും പയ്യപ്പാട് വിട്ടിട്ടില്ല. അന്നാരാത്ത്' ആലത്തൂർ നമ്പി തിരുമനസ്സിന്ന് എഴുന്നള്ളിട്ടുണ്ടെന്നു കേട്ടു. കൂട്ടിക്കൊണ്ടുപോരാൻ കല്പിച്ചു. അതിനാണ് അടിയൻ വിടകൊള്ളുന്നത്. അടിയന്റെ വേഗത്തിൽ വിട്ടയക്കണം.

ചെറുശ്ശേരി— ഏ! അങ്ങിനെ ആണോ? ഞാനറിഞ്ഞില്ല. തമ്പുരാട്ടി എപ്പോഴും കിടപ്പിലാണോ? എണീക്കാറില്ലേ?

കണ്ണകി— എപ്പോഴും കിടക്കാറില്ല; ഒരു ഭ്രാന്തുപോലെ; കൊറച്ചു കിടക്കും; കൊറച്ചു നടക്കും; കൊറച്ചിരിക്കും; കൊറച്ചിരുന്നാൽ അപ്പൊത്തന്നെ എണീക്കും; പിറുപിറെ പറയും. കലശലായ പയ്യപ്പാടാണെന്ന് അടിയൻ പഴമനസ്സിൽ നിരീക്കുന്നു.

ചെറുശ്ശേരി— അതിനെന്താ കാരണം?

കണ്ണകി— അന്ന് ആനയെ കണ്ടതും, അന്നു കഴിഞ്ഞതും ആണ് എപ്പോഴും പറയുന്നത്. ആ ഓർമ്മ അല്ലാതെ മറ്റൊന്നും ഇല്ല.

ചെറുശ്ശേരി—ഈപ്പാടാണെങ്കിൽ ആലത്തൂര് നമ്പിക്കു മാററുവാൻ കഴിയുമോ?

കുന്തി—പയപ്പാട്ട മാത്രമല്ല പനിയും ഇല്ലെ? പിന്നെ ഈ ഉന്മാദം—ഇതൊക്കെ അവിടുക്കു മാററുവാൻ കഴിയില്ലെ? ഒന്നാന്തരത്തിൽ അവിടുത്തെ കവിയല്ലെ? അവിടേക്ക് ഇതൊരു കാര്യമാണോ? എന്താ തിരുമനസ്സുകൊണ്ട് ഇതിനെ ഉപേക്ഷിചെയ്യുന്നതു്?

ചെറുശ്ശേരി—ആട്ടെ; അതിരിക്കട്ടെ; ആലത്തൂരന നമ്പി മരുന്നു കൊടുക്കട്ടെ. വടക്കുനിന്നു് ഒരു മന്ത്രവാദി വന്നിട്ടുണ്ട്. അയാളെക്കൊണ്ട് ഉച്ചത്തിന്ന വേണ്ടതെല്ലാം ചെയ്യിക്കാം. അയാളെ കൂട്ടിക്കൊണ്ടു വരട്ടെയോ എന്നു തമ്പുരാട്ടിയോട ചോദിച്ചു വിവരം അറിയിച്ചാൽ ഞാൻ അയാളെ കൂട്ടിവരാം. കേട്ടോ! എന്താ മിണ്ടാതെ നില്ക്കുന്നതു്?

കുന്തി—അടിയൻ ഇപ്പോൾ നമ്പി തിരുമനസ്സിലെ അടുക്കലേക്കല്ലെ വിടകൊള്ളുന്നതു്? പോയി വന്നതിൽപിന്നെ വിവരം തിരുമനസ്സറിയിക്കാം.

ചെറുശ്ശേരി—എന്നാൽ ഒരു കാര്യം ഉണ്ട്. തമ്പുരാട്ടിയോടല്ലാതെ വേറെ ആരോടും പറയരുതു്. സ്വകാര്യമായിട്ടു പറവാൻ പാടുള്ളൂ. വെളിയിൽ അറിഞ്ഞാൽ പ്രവൃത്തികൾക്കു ഫലം കുറഞ്ഞുപോകും. രാത്രിയാകുന്നേരം കാണുവാനുള്ള സമയം. എന്നാൽ അധികം ഗുണമുണ്ട്. തമ്പുരാട്ടിയുടെ സ്വഭാവം മാറേണമെങ്കിൽ ഞാൻ പറഞ്ഞതെല്ലാം കേൾക്കേണമെന്ന

ഞാൻ പറഞ്ഞതായി തമ്പാട്ടിയോടു പ്രത്യേകിച്ചു പറയണം. എന്നാൽ കാൎയ്യമെല്ലാം ഗുണമാക്കി തരാം.

കുന്തി — ഇവിടുന്ന് അരുളിച്ചെയ്യുന്നതെല്ലാം അടിയൻ അവിടെ ഉണൎത്തിക്കാം. തമ്പാട്ടിയുടെ കല്പനപോലെ അടിയൻ ചെയ്യാം. തിരുവുള്ളം എപ്പോഴും ഉണ്ടായിരിക്കണം.

ചെറുശ്ശേരി — ഒളിസേവക്കാരുടെ വലയിൽപ്പെട്ടു കാൎയ്യമെല്ലാം കൊളത്തിലിറക്കരുതേ. കുന്തി! വേണ്ടവിധമെല്ലാം പ്രവൎത്തിക്കണം.

കുന്തി — (ചിരിച്ചുംകൊണ്ടു) അവിടുക്ക് എപ്പോഴും കളിതന്നെ. എല്ലാം തിരുവുള്ളംപോലെ ചെയ്യാം. ഇപ്പോൾ അടിയൻ വിടകൊള്ളട്ടെ.

(പോയി.)

ചെറുശ്ശേരി — (വിചാരം) തമ്പിരാട്ടിക്ക് മനഃപരിതാപമാണെന്നു തീൎച്ചപ്പെട്ടു. രാജാവും അതേസ്ഥിതിയിൽ തന്നെ കിടന്നുഴലുന്നു. ഈ പ്രകാരമാണെങ്കിൽ ഇവരെ സംഘടിപ്പിക്കാൻ യാതൊരു പണിയും ഇല്ല. പക്ഷേ സാമൂതിരിയുടെ ആഭിജാത്യത്തെയും, ദൈവത്തിനുള്ള ബലത്തെയും ആലോചിക്കുമ്പോൾ ഈ വിഷയത്തെ സൂക്ഷിക്കക്കൂടി വേണ്ടു. എന്തായാലും ഇവരെ അന്യോന്യം കാണിച്ചുകൊടുക്കുന്നതായാൽ രോഗത്തിനെല്ലാം സമാധാനം കിട്ടുമായിരിക്കാം. ഒരു സമയം ഇവരുടെ പ്രഥമസമാഗമംകൊണ്ടുതന്നെ ഐകമത്യവും സംഭവിക്കുന്നതായാൽ ഉപകാരമാ

ന്നും കൂടാതെ കഴിക്കാം. പിന്നെ കോലത്തനാട്ട് എത്തിയാൽ രാജാവിന്ന് ഈ വിചാരം വിട്ടുപോയേക്കാം മതി. എന്തായാലും അടുത്ത ദിവസംതന്നെ തമ്പുരാട്ടിയായിട്ട് ഒരു കൂടിക്കാഴ്ച കഴിപ്പിക്കുകയാം. രാജാവിനെ വേഷപ്രച്ഛന്നനാക്കി അവിടെ കൊണ്ടുപോകതന്നെ. അതിന്ന സൌകൎയ്യം സന്ധ്യാകാലത്താണ. ബ്രാഹ്മണരെല്ലാം സന്ധ്യാവന്ദനത്തിന്നും, സ്ത്രീകളും മറ്റും അമ്പലത്തിലേക്കും പോയിരിക്കും. രോഗിയായ തമ്പാട്ടിതന്നെയായിരിക്കും. അപ്പോഴാണ സൌകൎയ്യം (എന്ന പറഞ്ഞു ചുറ്റിനടക്കുന്നു.) (മുമ്പോട്ട നോക്കീട്ട് ആരെയോ കാണുന്നതായി നടിക്കുന്നു) രാജാവ് ഉദ്യാനത്തിൽ ചന്ദ്രശാലയിൽതന്നെ ഇരിക്കുന്നു. അങ്ങോട്ട പോകട്ടെ.

(പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ഉദ്യാനത്തിൽ ചന്ദ്രശാലയിൽ ഇരുന്നുംകൊണ്ട രാജാ പ്രവേശിക്കുന്നു.)

രാജാ--(ആത്മഗതം) സാമൂതിരിയുടെ ആതിത്ഥ്യത്തെ വഹിച്ച് എത്രകാലം ഇവിടെ പാൎക്കും? സ്വരാജ്യത്തു എന്തുണ്ടെന്ന ആലോചന കൂടെതന്നെയില്ല. രാജ്യകാൎയ്യങ്ങളെപ്പറ്റി യാതൊരു വിചാരവും എനിക്കില്ലാതായി. സൎവ്വസംഗപരിത്യാഗം ചെയ്ത യതികളെപ്പോലെ ഏകചിന്തയോടുകൂടിയ എന്റെ അവസ്ഥ വളരെ ശോചനീയമായിട്ടുള്ളതാകുന്നു. കഷ്ടം! കഷ്ടം! പക്ഷെ ശ്രീദേവിയുടെ കഥയാലോചിക്കുമ്പോൾ ക

റൊന്നും സാരമില്ലെന്നു പിന്നെയും, പിന്നെയും തോന്നിപ്പോകുന്നു.

താരുണ്യശ്രീ വിളങ്ങും സുമുഖിയുടെയിള-
    ക്കോലമ്മാകാരമെല്ലാം-
ഓരത്തും ചിത്തതാരിൽപ്പരിചൊടു കുടികൊ-
    ള്ളുന്നൊഴിഞ്ഞന്യചിന്താ?
ഓരേയേകാഗ്രചിത്തത്തൊടു പരമപുമാൻ
    തന്നെ ഞാനിപ്രകാരം
തൽപാദം നിത്യം ഭജിച്ചാൽ ജനനമരണവും
    തീൎത്തവൻ മുക്തിയേകും.

ഈ ലോകത്തിൽ സകല ദുഃഖത്തിന്നും കാരണമായ സ്ത്രീരൂപത്തെ ഹൃദയത്തിൽ നിക്ഷേപിച്ച സമയം കഴിഞ്ഞ എന്റെ അവസ്ഥ വളരെ ദയനീയമായിട്ടുള്ളതാണെന്നു സംശയമില്ല. എന്റെ ആഗ്രഹത്തിനു വല്ല ഫലവുമുണ്ടാകുമോ? പുരുഷന്മാർ എത്ര തന്നെ ഉന്നതന്മാരായിരുന്നാലും അവർ സ്ത്രീകളെ ജയിപ്പാൻ ശക്തിയില്ല. (മുമ്പോട്ടു നോക്കീട്ടു) ആരോ വരുന്നുണ്ടു. (സൂക്ഷിച്ചു നോക്കീട്ടു) വരുന്നതു ചെറുശ്ശേരിയാണു്. ഇദ്ദേഹം ഒരു വിടനാണു് കാൎയ്യത്തിന്റെ ഗൌരവത്തെപ്പറ്റി ഒന്നും ആലോചിക്കാതെ എവിടെയോ പോയി ഇഷ്ടിച്ചും കൊണ്ടു നിന്നു് ഇപ്പോൾ ഇങ്ങോട്ടു വരികയാണു് കഷ്ടം!

(അനന്തരം ചെറുശ്ശേരി നമ്പൂതിരി പ്രവേശിക്കുന്നു.)

രാജാ—ഹല്ലൊ! ചെറുശ്ശേരി എവിടെ ആയിരുന്നു? ഞാ-
ണയെപ്പോലെ ഇത്ര അലസനായിട്ടു ഒരു പുരുഷനി.

ല്ല. എന്റെ മനോരഥത്തിന്ന പ്രവേശിപ്പാൻ വല്ല
മാൎഗ്ഗവും കണ്ടിട്ടുണ്ടൊ?

ചെറുശ്ശേരി— അലസനാണെങ്കിൽ അതിന്ന സാമൎത്ഥ്യമ
ല്ലല്ലൊ. അവിടുന്ന വെയിലിന്റെ ചൂട കഠിനമാ
തിന്ന മുമ്പായി ഉദ്യാനത്തിലേക്ക വന്നതു് എന്തേ?

രാജാ— സൂൎയ്യന്റെ ചൂട ശമിച്ചിട്ട കാൎയ്യമില്ലല്ലൊ? ഉള്ളി
ലുള്ള ചൂട മുഴുവനും തീരാതെ എനിക്കുള്ള താപം
തീരുമോ? പിന്നെ സൂൎയ്യരശ്മിക്ക കാഠിന്യമുള്ളപ്പോൾ
വൃക്ഷങ്ങളുടെ തണലിലല്ലെ സുഖം? എല്ലാംകൊണ്ടും
ഈ ഉദ്യാനത്തിൽ വന്നപ്പോൾ എനിക്ക കുറെ സുഖ
മുണ്ടു്.

അംഭോരാശിയിലേറിട്ടും തിരയണ—
ഞ്ഞപ്പോടടിക്കുമ്പോൾ—
സംഭോഗഖിന്നകുലന്മ ശീതളമതായ്
തീൎത്തുള്ള മന്ദാനിലൻ
സംഭോഗോചിത വീശിടുന്നു സുഖം
തെല്ലകമെന്നാകിലും
അംഭോജപ്രിയതന്റെ ചിന്തയിടയിൽ—
സ്സന്താപമേകുന്നു, മേ. ൩

ചെറുശ്ശേരി— വസന്തകാലവും, ഉദ്യാനവും, മന്ദമാരുത
നും മറ്റും അവിടുത്തെ രോഗത്തിന്ന വളരെ അപ
ഥ്യമായിട്ടുള്ളതല്ലെ? ഇങ്ങിനെയാണ ഞാൻ ധരി
ച്ചിട്ടുള്ളതു്. ഇതുകൊണ്ടെല്ലാം രോഗം വൎദ്ധിക്കയേ
ഉള്ളു.

രാജാ— അപത്ഥ്യങ്ങളെ വൎജ്ജിച്ചതുകൊണ്ടുമാത്രം

രോഗം മാറുന്നതാണോ? അതിനു വെച്ചിട്ടുള്ള പ്രത്യൌഷധങ്ങളെക്കൊണ്ടല്ലാതെ രോഗം തീരെ ഭേദപ്പെടുമോ?

ചെറുശ്ശേരി — (ആത്മഗതം) സ്വയംകൃതാനർത്ഥമെന്നു പറയേണ്ടു. ഈ കവിതത്തിന്നാരാണൊരു? ഏറ്റവും ശുദ്ധാശ്രമിയായ ഈ മഹാപുരുഷൻ ഇങ്ങിനെ വിശ്വാസിയായി ഭവിച്ചുവല്ലോ? കഷ്ടം! (പ്രകാശം) അവിടത്തെ രോഗം വൈദ്യശാസ്ത്രത്തിൽ കാണാത്ത ഒരു രോഗമാണു്. ഔഷധങ്ങളെ വിധിക്കേണമെങ്കിൽ അല്പം പണിയുണ്ടു്.

രാജാ — ചെറുശ്ശേരിക്ക് എന്റെ രോഗത്തിൽ വിനോദമാണു്. എന്റെ ദീനമിന്നതെന്നും, അതിനുള്ള ഔഷധമിന്നതെന്നും ധരിച്ചിട്ടുകൂടി കളവം പറയുന്നതു കഷ്ടമല്ലേ?

ഉത്തമൻ ഗന്ധവാഹൻ പിന്നെ പ്രബല മധുമാസവും
ഇന്ദുവൈശ്രവണന്മാരും കാമികർക്കാപരാവും സഖേ!
ഈ രോഗത്തിനുള്ള പ്രത്യൗഷധങ്ങളെപ്പറയാം.

പ്രാണപ്രേയസിതന്റെ ഗണ്ഡപാളികം
ചുംബിച്ചു സല്ലാപമാ–
ക്കേണം നൽപ്പുളകാളിമോചനമതിൽ
പിന്നെക്കുചോത്തുംഗനാൽ
വേണം കുങ്കുമലേപനം സുഖമതിൽ കി–
ട്ടാഞ്ഞിലോ താപിതൻ
വേണിബന്ധമതിൽപ്പിടിച്ചധരപീ–
യൂഷമേവ സേവിക്കണം.

ഷ്ടിനെയുള്ള ചികിത്സകളെക്കൊണ്ടു നമുക്ക വല്ല ഭേദവും കിട്ടുന്നതാണെന്നു തോന്നുന്നു. എന്താ ചെറുശ്ശേരി! ഒന്നും മിണ്ടാതെയിരിക്കുന്നതു്?

ചെറുശ്ശേരി — (ആത്മഗതം) 'കാമാതുരാണാം ന ഭയം ന ലജ്ജാ' എന്ന പ്രമാണം വളരെ ശരിയാണു്. (പ്രകാശം) അവിടത്തെ രോഗത്തിന്നു ഉടനെ ചികിത്സിക്കണം. അല്ലെങ്കിൽ രോഗം ഇനിയും വൈഷമ്യമായി ഭവിക്കുന്നതാണു്.

രാജാ — ആകട്ടെ, ചെറുശ്ശേരി! ഈ കാൎയ്യത്തിൽ ചെറുശ്ശേരി ഒന്നു കൈതൊട്ടുപിടിക്കുമോ എന്നറിയുന്നില്ല. ചെറുശ്ശേരിയുടെ ശ്രമം ഈ കാൎയ്യത്തിൽ എത്രത്തോളം ഇതുവരെ ഉണ്ടായിട്ടുണ്ടെന്നു പറയുന്നതുമില്ല. ചെറുശ്ശേരിയുടെ ഉപായങ്ങളെല്ലാം എവിടെ പോയി?

ചെറുശ്ശേരി — അവിടത്തെ ഭൃത്യന്മാർ അവിടത്തെ കാൎയ്യങ്ങൾക്ക തുണയായിട്ടുള്ളവരാണെന്നു് അവിടുന്നു വിചാരിച്ചുകഴിഞ്ഞാൽ കാൎയ്യസാദ്ധ്യത്തെപ്പറ്റി ഇത്ര വേഗം ചോദ്യം ചെയ്യുവാനവകാശമില്ല.

രാജാ — ചെറുശ്ശേരിയോ? ഈ കാൎയ്യത്തിന്നു ധാരാളം മതി. ക്ഷമിക്കാതിരിക്കേണമെന്നും എനിക്കു വിചാരമില്ല. പക്ഷേ ഉപായങ്ങൾ എന്തെല്ലാമാണെന്നു പറയുന്നില്ലല്ലോ എന്നു മാത്രമേ എനിക്കു വിചാരമുള്ളു.

ചെറു — ഇവിടത്തെ, ഞാൻ തമ്പാട്ടിയുടെ മുമ്പാകെ ചെന്നുവല്ലോ. ഇവിടത്തെ അനുരാഗവിവരത്തെ പിന്നെ ഇവിടുന്നുതന്നെ വരുത്തുന്നതാണല്ലോ? ഇ

വിട്ടത്തെ രോഗത്തിനുള്ള മരുന്ന് ഇങ്ങോട്ടും അവിടത്തെ രോഗത്തിനുള്ള മരുന്ന് അങ്ങോട്ടും കൊടുത്തു സന്തുഷ്ടന്മാരായിത്തീരണം.

രാജാ—ചെറുശ്ശേരി എന്താ പറയുന്നത്? എനിക്കുണ്ടായിട്ടുള്ളപോലെയൊന്നു തമ്പാട്ടിക്ക് ഇങ്ങോട്ടും അനുരാഗം ഉണ്ടെന്നോ? പറയൂ; പറയൂ; കേൾക്കട്ടെ. എന്റെ പ്രിയതമയുടെ സ്ഥിതി എന്താണെന്നു കേൾക്കുവാൻ ഞാൻ വളരെ ആഗ്രഹമുള്ളവനായിരിക്കുന്നു. പറയൂ; പറയൂ.

ചെറു—(ആത്മഗതം) ഓ! അബദ്ധമായോ? വാക്കു പിഴച്ചുപോയി. ഇനി വിവരം പറഞ്ഞല്ലാ, പറയാതിരുന്നാലോ അവിടുക്ക് ഉന്മാദം വർദ്ധിക്കുക എന്നു വിചാരിച്ചു. തമ്പാട്ടിക്ക് അല്പം സുഖമില്ലെന്ന് ഒരു മാതിരി പറഞ്ഞു. സ്വഭാവം മുഴുവനും ചോദിച്ചറിഞ്ഞപ്പോൾ ഇവിടെയും, അവിടെയും ഒരേ രോഗമാണെന്നു ഞാൻ മനസ്സിലാക്കി.

രാജ—(ആത്മഗതം) ഈ സംശയം എന്റെ ഉള്ളിലുണ്ടായിരുന്നു. അതിപ്പോൾ തീരെ തീർന്നു എന്നു തന്നെ പറയാം.

'സതാം ഹി സന്ദേഹപദേഷു വസ്തുഷു'
'പ്രമാണമന്തഃകരണപ്രവൃത്തയഃ'

എന്ന പ്രമാണം ശരിയാണ്. (പ്രകാശം) ചെറുശ്ശേരിക്ക് അപരാധം പറഞ്ഞു.

പെറ്റന്നാൾ തൊട്ടുപുറവും പരിചോടു ചേർത്തു-
ണ്ടോമനാശ്ലിഷ്ടകവതിനൊരെന്തു ബാധകിപ്പോൾ?
കന്നിപ്പൂ ഗൗരമിയലും തങ്കനിറമൊന്നൊ-
ന്നൊന്നിച്ചു ചേരുവതിനാൾക്കിലൊരാളുവേണം. 5

ചെറു— കഥയൊക്കെ മറന്നു. അവിടുന്നു കോലത്തിരിവംശമാണ്. മറുഭാഗം സാമൂതിരിവംശമാണ്. മത്സരത്തായമാണ്. അതുകൊണ്ട് അവിടത്തെ അനുരാഗം യഥാസ്ഥാനത്താണെന്നു ചൊല്ലിക്കൂടാത്തു് എന്നു ഞാൻ സംശയിക്കുന്നു.

രാജാ— താൻ പറഞ്ഞ സംഗതികളെല്ലാം എനിക്കോർമ്മയുണ്ട്. അവിടുന്നുതൊട്ടും ഞാൻ ആലോചിക്കുന്നുണ്ട്. അതുകൊണ്ടുള്ള വൈഷമ്യം ഞാനറിയും. എന്റെ ഹൃദയം അതു വിചലിതമായിരിക്കുന്നതല്ല.

ചെറു— (ആത്മഗതം) എന്റെ അഭിപ്രായം ഇദ്ദേഹം ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. എന്റെ വിചാരംപോലെ ഈ കഥയെ അവസാനിപ്പിക്കാം എന്നാണു തോന്നുന്നതു്. ബ്രാഹ്മണകുലമല്ലാത്തതുകൊണ്ടു മറ്റുള്ള ലോകങ്ങളെപ്പറ്റി ചിന്തിക്കേണ്ട കാര്യം ഇല്ല. ഒരു ദിവസംകൊണ്ടുതന്നെ അവസാനിപ്പിക്കണം. (പ്രകാശം) അവിടുന്നു് ഇതിനെ വകവെപ്പിക്കാതെ കഴിച്ചുകൂട്ടുന്ന പക്ഷം ഇതിൽ യാതൊരു വൈഷമ്യവും ഉണ്ടാകുന്നതല്ല.

രാജാ— ചെറുശ്ശേരി വൈഷമ്യത്തെപ്പറ്റി എന്നോടധികം പറയേണമെന്നില്ല. ആലോചനാശക്തി എ-

നിക്ക് ഒട്ടും ഇല്ല എന്തോ? പ്രിയമായിട്ടുള്ള സകാ-ശം കിട്ടിയതാൽ ഞാൻ ബലവാനായി. അതുവരെ ഞാൻ അശക്തനാണു്. അതുകൊണ്ടു ചെറുശ്ശേരി ഈ കാര്യത്തിന്ന വേഗത്തിൽ ശ്രമിക്കുക.

(അണിയറയിൽ)

നേരം സന്ധ്യാസമയമായി. സന്ധ്യാവന്ദനത്തിന്ന പോരിക. കൂട്ടരെ വിളിക്ക.

ചെറു—(ഭക്തനായി നടിച്ച്) നേരം സന്ധ്യാവന്ദനത്തിന്ന പോകാറായി.

രാജ—വൈലപ്പുടവെന്തായി? (എല്ലാവരും നോക്കീട്ടു) ചെറുശ്ശേരി ഈ സമയത്തെ പ്രകൃതിയുടെ ഭാവം നോക്കു.

താപംകൊണ്ടു തളർന്നൊരാകുലിത
മാനസന്മാർ കരഞ്ഞെന്നപോ
ലാപാദപോലെയെല്ലാ ജനസ്സിലധുനാ-
മുങ്ങിടുമാറായ് മയോ!
ഗ്രീഷ്മേ ചാരുതെളിഞ്ഞിടന്നവിധമേ-
ന്നാദരേണ കാണുവാൻ
രാപാദപോലുമെയം പ്രദോഷമകലെ-
പ്പോകാതെയാകില്ലയോ! 6

ചെറുശ്ശേരി—എന്ന മാത്രമല്ല;

തിങ്ങുമ്പോൾ തപനാബ്ധിയിൽ മുങ്ങി വെണ്ണ-
നെയ്യുണർപോലെ ശശി മെല്ലെയുദിച്ചിടുന്നു

പെയ്യുന്ന മേഘമൊടു വിപ്രകുലം കളിച്ചു
ചെയ്യുന്നു സന്ധ്യയതിൽ വേണ്ടുന്ന കർമ്മമെല്ലാം. ൭

എന്നാൽ ഇനി നാം പോക.

(രണ്ടാളും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

മൂന്നാമങ്കം.

(അനന്തരം നമ്പൂരിവേഷം ധരിച്ച രാജാ പ്രവേശിക്കുന്നു) (അന്തഃപുരത്തിന്റെ പുറമേ ഒരു ഭാഗം.)

രാജാ — ബാലചന്ദ്രനസ്തമിച്ചതിന്റെ ശേഷം അന്തഃപുരത്തിലേക്ക പോകാമെന്നാണ ചെറുശ്ശേരി പറഞ്ഞിരിക്കുന്നത. ആ സമയംവരെ ഇവിടെ നില്ക്കുന്നതെങ്ങിനെയെന്ന ഞാൻ അറിയുന്നില്ല. ചന്ദ്രൻ അസ്തമിക്കുന്നതിന്ന കാലതാമസം വരുത്തുന്നതുപോലെ തോന്നുന്നു. ഈ അവസ്ഥയിൽ ഈ ചന്ദ്രിക എനിക്ക ഏറ്റവും ദുസ്സഹമായിരിക്കുന്നു.

കാമാതുരന്റെ കളി കണ്ടു വിശേഷകാരം
സോമപ്രകാശകപടേന ചിരിച്ചിടുന്നു
ഈ മാനിയായ നൃപനിന്നിതു കണ്ടുകൊണ്ടു
കാമാജ്ഞയാലിവിടെ നില്പതു കഷ്ടമല്ലേ? ൮

ഹാ! കഷ്ടം! അയ്യോ! കാമ! ഈ ലോകത്തിൽ നിന്റെ അവസ്ഥ ഏറ്റവും ശോചനീയമായിട്ടുള്ളതാകുന്നു. നിനക്കഭിമാനമില്ല; ലജ്ജയില്ല; ഭയമില്ല. ഒന്നുപോലെ

ശം വന്നാൽ ശൌൎയ്യപരാക്രമങ്ങൾ എല്ലാം പോയി ന്നി പൌരുഷമില്ലാത്തവനായി തീരുന്നില്ലേ? ഹാ! കഷ്ടം! കഷ്ടം! ഇപ്പോൾ എന്റെ അവസ്ഥയെ നോക്കുക!

നാരീമണിക്കുട്ടിലൊരു സുസ്ഥചിത്തനായി-
ട്ടോമായുമൊന്നു കണക്കെ നടന്നിടുന്നു
വാമാക്ഷിതന്റെ മുഖമതൊടു കാൺകമൂലം
കാമപ്പിശാചു പിടിപെട്ടൊരു കോമരം ഞാൻ. 2

ആകട്ടെ: ഈ ഭൂലോകത്തിൽ സുഖം എന്നുള്ളതു കാമിനിതന്നെയാകുന്നു സമൎത്ഥന്മാരെന്ന കവികൾ ഉല്ഘോഷിക്കുന്നുണ്ടു. ആ അഭിപ്രായങ്ങളെല്ലാം എത്രത്തോളം പരമാൎത്ഥമാണെന്നു വ്യക്തമാകുവാൻ എനിക്കു സാദ്ധ്യമല്ലെങ്കിലും എന്റെ ഹൃദയത്തെ കവൎന്ന ഈ പ്രേയസിയുടെ സമാഗമംകൊണ്ടു എനിക്കു പൂൎണ്ണമായ ഒരു സുഖം ലഭിക്കുമെന്നു തോന്നുന്നുണ്ടു. അതു എനിക്കെപ്പോഴാണു സാദ്ധ്യമാകുക എന്നറിയുന്നില്ല. പ്രിയയുടെ വിരഹം ദുസ്സഹമായിട്ടുള്ളതുതന്നെ.

താരുണ്യമേറുമതൻ മുഖപങ്കജ-
സ്മരണം വിട്ടൊരു നേരവുമില്ലഹോ!
വിരഹവേദനയായ വിപത്തിനാൽ
പരമദുഃഖപദത്തിലണഞ്ഞു ഞാൻ. 3

അതിസുന്ദരിയായ തമ്പുരാട്ടിയുടെ പ്രഥമദൎശനത്തിൽതന്നെ അനുരാഗത്തിന്നു ഇത്ര ശക്തിയുണ്ടായല്ലോ? എന്തിനധികം പറയുന്നു.

മന്ദം സുന്ദരിയാളുപഗേഹവിശിഖം-
കൊണ്ടെൻ്റെ ചിത്തം പിള-
ർന്നാശ്ചില്ലിയലഗ്ഗ്രകൊണ്ടടനാടിച്ചീടുന്നു-
ഹാ ദാരുണമഹോ!
വന്നില്ലാ മൽസുഹൃത്താരാനുമവിടെനി-
ന്നേകലത്താനാചിയാ-
ളെന്നെപ്പഞ്ചശരാഗ്നിയിൽദ്ദഹനാവും
ചെയ്യട്ടെന്നോർത്തു ഞാൻ. 5

പ്രിയയുടെ രൂപത്തെ മനസ്സിൽ ധ്യാനിക്കുന്നതാകും പ്രത്യക്ഷത്തിൽ കാണുവാനുള്ള ഒരു ഗ്രഹം വർദ്ധിപ്പിക്കുന്നു. മേഘകാന്തിയേയും, വിലാസവൃക്ഷങ്ങളെയും ചിന്തിക്കുമ്പോൾ എൻ്റെ പ്രേയസി മനുഷ്യസ്ത്രീ അല്ലെന്നുകൂടി തോന്നിപ്പോകുന്നു. ഹേ! സൌന്ദര്യവതി! പ്രിയേ! നവയൌവനത്തോടുകൂടിയ യുവതിയുടെ രൂപം എത്ര മനോഹരം! യുവതിയുടെ രൂപമാധുര്യത്തെ ഞാൻ എങ്ങിനെ വർണ്ണിക്കട്ടെ!

വിലാസസാരം കലർന്നെൻ്റെ ജന്മമോ?
നിലാവുതാൻ രൂപമെടുത്തു വന്നതോ?
കലാധിനാഥൻ്റെ സഹോദരിക്കഹോ
വിലാസിനി നീ! ഗുണശാലിയാണതോ? 6

(ചുറ്റിനടക്കുന്നു) ഇങ്ങിനെ ഓരോ മനോരാജ്യത്തോടുകൂടി ഇവിടെ നിന്നാൽ അന്തഃപുരം കാക്കുന്നവരോ മറ്റോ ചെയ്യുന്നതു കണ്ടു എന്നു വരും. അതിനാൽ അല്പനേരം ഒരു സ്ഥലത്തു സാവധാനമായിരിക്കട്ടെ. (ചു

റി നടന്നു നോക്കീട്ട്) ആരാരാ ഒരു ചമ്പകവും അശോകവുംകൂടി നില്ക്കുന്ന സ്ഥലത്തു ചെന്നാൽ മറഞ്ഞുനില്ക്കുവാൻ കഴിയുന്നതാണ്. അപ്രകാരം ചെയ്യാം. (പറഞ്ഞപോലെ ചെയ്യുന്നു.)

(അണിയറയിൽ.)

“ചെറിയ തമ്പുരാട്ടിയുടെ സുഖക്കേട് ഭേദമാകുവാൻവേണ്ടി വലിയ തമ്പുരാട്ടി ഭഗവതിസ്സേവ കഴിക്കുന്നുണ്ട്. സാധിക്കുമെങ്കിൽ ചെറിയ തമ്പുരാട്ടി അമ്പലത്തിലേക്ക് എഴുന്നള്ളണമെന്നു കല്പിക്കുന്നു.” (രാജാ കേൾക്കുന്നതായി നടിക്കുന്നു.)

രാജാ—‘ഹതവിധി’ കാര്യങ്ങളൊക്കെയും അവതാളമായല്ലോ. ഒരു സമയം തമ്പുരാട്ടി ഇപ്പോൾ അസ്വാസ്ഥ്യം നടിച്ചു പോകാതിരിപ്പാനാണോ കാരണം കാണുന്നുള്ളൂ.

(അണിയറയിൽ പിന്നെയും.)

കുഞ്ഞി! ഒന്നു പാദലവെട്ടം കത്തിച്ചുവെക്ക്. ചെറിയ തമ്പുരാട്ടി അമ്പലത്തിലേക്കെഴുന്നള്ളുന്നുണ്ട്.

രാജാ—(കേട്ടതായി നടിച്ച്) ഇവരുടെ വരവ് ഈ വഴിക്കായിരിക്കുമോ? ഞാൻ ഈ സന്ദർഭത്തിൽ ഇവിടെ എങ്ങിനെ നില്ക്കും? ഒരു ഇഷ്ടനായ ചെറുശ്ശേരിയെ കാണുന്നതുമില്ല. അർത്ഥമില്ലാത്ത പ്രവൃത്തിയിൽ ഏർപ്പെട്ടതുകൊണ്ട് അപകീർത്തിക്കു പാത്രമായിത്തീരുമോ? (ഒരു ഭേദം കാണുന്നതായി നടിച്ചു സൂക്ഷിച്ചു നോക്കീട്ട്) ആരോ വരുന്നതായി തോന്നുന്നു. ബാലചന്ദ്രന്റെ അനൂനകിരണങ്ങളും ഈ തമസ്സിനെ നിരാകരിപ്പാൻ ശക്തിയുള്ളതായി തോന്നുന്നില്ല. (അട

ത്തു വരുന്നതുപോലെ കാണുന്നതായി നടിച്ചു നൃത്തിച്ചു പോകുന്നു.) കാണുന്ന രാജാവുടെ ദീർഘവിസ്താരത്തെ നോക്കുന്നതായാൽ ചെറുള്ളിയാണെന്നു തോന്നുന്നു. ആകട്ടെ; ഈ വിഡ്ഢിത്വത്തെ ഒന്നു പരിഭ്രമിപ്പിക്കണം. (അശോകവൃക്ഷത്തിന്റെ നിഴലിലേക്കും മറവിലേക്കുമായി മാറിനില്ക്കുന്നു.)

(യഥാർത്ഥം സംഭ്രമത്തോടുകൂടി ചെറുള്ളി പ്രവേശിക്കുന്നു.)

ചെറുള്ളി—ഹാ! പറ്റിപ്പോയോ? അവിടുന്ന് എവിടെയാണെന്നറിഞ്ഞില്ലല്ലോ? വല്ല ഭരിക്കാരന്മാരും കണ്ടുപിടിച്ചു കൊണ്ടുപോയോ? ഇവിടെ നില്ക്കാമെന്നാണല്ലോ പറഞ്ഞിരുന്നതു; കാണുന്നില്ലല്ലോ? കഷ്ടം! എന്താ ചെയ്യുക? അവിടേക്കു വല്ല അപമാനമോ, അപകീർത്തിയോ പറ്റിയാൽ ഞാൻ എന്തു ചെയ്യും? ശിവ! ശിവ! ഭഗവാനേ! അപമാനം! എന്തായാലും ഇവിടെ ഒക്കെയും ഒന്നു തിരഞ്ഞുനോക്കട്ടെ; (ചുറ്റിനടക്കുന്നു)

രാജാ—(ആത്മഗതം) ചെറുള്ളി നല്ല വിശ്വസ്തയാണു. വളരെ അനന്താപവും, കൂറുമുള്ള ദാസിയാണ്. ആകട്ടെ തിരഞ്ഞുപിടിക്കുന്നതുവരെ ഞാൻ ഒന്നും മിണ്ടുന്നില്ല.

ചെറുള്ളി—ഒരു സമയം അന്തഃപുരത്തിലെ ആരവാരങ്ങളെല്ലാം കേട്ട് ആ മരങ്ങളുടെ നിഴലിൽ മറഞ്ഞുനില്ക്കുന്നുണ്ടായിരിക്കാം. (മരത്തിന്റെ സമീപം ചെല്ലുന്നതായി നടിച്ചിട്ട്) ആരാണു്? അവിടുന്നല്ലേ?

രാജാ — ചെറുശ്ശേരി! പറയുക; പറയുക.

ചെറുശ്ശേരി — അയ്യൊ, ഞാൻ വല്ലാതെ ബദ്ധപ്പെട്ടുപോയി. ഇപ്പോഴെ എന്റെ ജീവൻ നിലയ്ക്ക നിന്നുള്ളൂ. അവിടുന്നെന്താ ഇവിടെ ഒളിഞ്ഞു നില്ക്കുന്നതു്?

രാജാ — സ്ത്രീകൾ ക്ഷേത്രത്തിലേക്ക് ഇതിലെ പോകുന്നുണ്ടെന്നു കേട്ടിട്ടുണ്ട്. ചെറുശ്ശേരി ഇത്ര വൈകിപ്പോയതെന്തേ?

ചെറുശ്ശേരി — നമ്മുടെ കാര്യസാദ്ധ്യത്തിന് ഒരാളെക്കൂടി കണ്ടുകിട്ടി; കണ്ടു: കണ്ടു: ഒരു തോട്ടക്കാരിസ്ത്രീയാണ്. തമ്പാട്ടിയുടെ ദാസിസ്ത്രീയാണ്. അവരോടു വർത്തമാനം പറഞ്ഞിരുന്നുപോയി.

രാജാ — തമ്പാട്ടി ക്ഷേത്രത്തിലേക്ക് പോകുന്നില്ലയോ?

ചെറുശ്ശേരി — ഇപ്പോൾ പോകുന്നില്ല. വടക്കുന്ന് ഒരു മാന്ത്രികൻ വന്നു ദസ്തുമിടുവാൻ ഭാവിക്കുന്നതുകൊണ്ടു ത്രികാലപൂജ കഴിഞ്ഞാൻ വരാൻ സാധിക്കില്ലെന്നു കണ്ടു ഉപായം പറഞ്ഞയച്ചു. എന്നാൽ നമുക്കിനി പോകാം.

രാജാ — (മുൻപുറത്തു നോക്കീട്ടു്) ബാലചന്ദ്രനിതാ അസ്തമിക്കുന്നു.

> ലജ്ജാവിശാലന്റെ കല മെല്ലെ ഗേഹിയിൽ
> ഗജപോതങ്ങളെപ്പോൽ വിളങ്ങിനാൻ
> ദുഃഖവിഷ്ണുശാലി നൃപന്റെ കരമൊരം
> ലജ്ജകൊണ്ടു മെല്ലെ വിളങ്ങുന്നപോലെയോ! 6

ചെറുശ്ശേരി— എന്നാൽ പോകുകയല്ലേ?

രാജാ— അങ്ങിനെ തന്നെ. (രണ്ടാളും ചുററിനടക്കുന്നു)
ചെറുശ്ശേരി ഇത കാണുന്ന പുര എന്താണ്?

ചെറുശ്ശേരി— അന്തഃപുരത്തിലേക്കു ചെന്ന അഗ്രശാലയാണ്.

രാജാ— എന്താണ ചെറിയ തമ്പുരാട്ടി പാക്കുന്ന സ്ഥലം?

ചെറുശ്ശേരി— ആ വെളിച്ചം കാണുന്ന വാതിലിൽകൂടി ചെന്നാൽ അവിടെ എത്തും.

(രണ്ടാളും ജനാലപ്പാതെ പ്രവേശിക്കുന്നതായി നടിക്കുന്നു.)

(അനന്തരം കുഞ്ചി ആലവട്ടം വീശിക്കൊണ്ടും, കുഞ്ചി സമീപത്തിലുള്ള ഭാഗ്യവതി ചെപ്പുകൊണ്ടുമായി തമ്പുരാട്ടി പ്രവേശിക്കുന്നു.)

ചെറിയ തമ്പുരാട്ടി— കുഞ്ചി! നമ്പൂരി പറഞ്ഞത് ഒക്കെ അദ്ദേഹം തന്നെ അല്ലേ?

കുഞ്ചി— അവിടേക്ക് എന്താ മാത്രം സംശയം? കൂ ഞാൻ പോണ പുറം കേട്ടറിയണമോ?

ചെ. ത— (കുഞ്ചിയെ നോക്കീട്ട്) നീ! ഒരുക്കാ വിളരുന്നുണ്ട്? എന്തിനാണെന്ന് എനിക്കു തോന്നുന്നില്ല. എന്റെ ഉള്ളം ഉറക്കുന്നുമില്ല.

കുഞ്ചി— (ആത്മഗതം) സ്വയമായി ഉള്ളതാണെങ്കിൽ മാത്രമേ ഇതുകൊണ്ടു സുഖം കിട്ടൂ. വ്യാധിക്കു മരുന്നുണ്ട്. ആധിക്കു മരുന്നുണ്ടോ?

രാജാ— ചെറുശ്ശേരി! തമ്പുരാട്ടിക്ക് അന്തഃകരണത്തിൽ പിന്നെ പല ഭാവഭേദവും ബാധിക്കുന്നു.

പാൎത്തും വില്ലുതന്നെ കൊള്ളുന്നു പറഞ്ഞു ചൂണ്ടും
തൊണ്ടുണർ പാടി കരയുമെൻഗാനാതിരല്ലം
ഗാത്രം തളിർന്നു പരാജയിക്കുമിന്നിവൎക്ക
മാത്രം ഭരിപ്പു മധുരാകൃതിയെത്ര ചിത്രം? 7

ചെറുവള്ളി.— നമുക്ക് നടക്കലേക്ക് ചെല്ലുകയല്ലേ വ
ള്ളതു?

(കണ്ടമാനം നടക്കലേക്ക് ചെല്ലുന്നു.)

(തമ്പുരാട്ടി തോഴമാരും കൂടെ തൊഴുതു നടിച്ചു ഒരു
വാതിൽക്കലായി പുറപ്പെടുന്നു.)

(മന്ത്രി തോഴമാരുടെ കൂടെ ചായ കൊടുത്തിരി
ക്കുന്നു.)

ചെറുവള്ളി.—(തമ്പുരാട്ടിയോടായിട്ടു) അവിടുന്നു ഇവി
ടന്നു തൃക്കാല്ലൂരത്തു തൃക്കാക്കരെ എന്തു ചൊല്ലുന്നു?
എല്ലാം സുഖമായി വരട്ടെ.

മന്ത്രി.— ഭവതിക്കു മനോരഥം സാധിക്കട്ടെ.

തമ്പുരാട്ടി.— ഭവാന്മാരുടെ അനുഗ്രഹംകൊണ്ടു എനി
ക്ക ഭാഗ്യം മറ്റൊന്നു വിചാരിക്കുന്നു.

മന്ത്രി.— (ആത്മഗതം) ഈ തിരുമേനിക്കു കണ്ടിട്ടുള്ള
തമ്പിരാട്ടി വല്ലതായാലെങ്കിൽ തരുണെപ്പട്ടില്ല ഇത്ര
സൌന്ദൎയ്യമുള്ള സ്ത്രീയെ ഞാൻ ഇതേവരെയും ക
ണ്ടിട്ടില്ല.

തമ്പുരാട്ടി.— (ആത്മഗതം) ഞാൻ ഇന്നു കണ്ട ഇദ്ദേ
ഹത്തോടായാലെങ്കിലും ഒരിക്കലും തിരിച്ചു ചെല്ലുവാൻ പറ്റി
[illegible]

യായിരിക്കാം. (പ്രകാശം) അവിടേക്കു് ഇതു കൊ വിലകത്തു് എല്ലാം സ്വന്തംതന്നെ എന്നു വിശ്വസിക്കുന്നു.

രാജാ — (ആത്മഗതം) ഞാൻ എന്തിനെയാണു സ്വന്തമെന്നു പറയുന്നതു്? ശരിക്കു ശോധിക്കുമ്പോൾ എന്തിനെയാണു സ്വന്തമല്ലെന്നു പറയുന്നതു്? (പ്രകാശം) ഇവിടെ എല്ലാം എനിക്കു് അനുകൂലമായിതന്നെയിരിക്കുന്നു; സർവ്വവും സ്വന്തംതന്നെ.

ചെറുപ്പള്ളി — അവിടുത്തെ ശരീരം കണ്ടാൽ വന്നതിൽ വെച്ചു വളരെ ക്ഷീണിച്ചിരിക്കുന്നതായി തോന്നുന്നു. അതുകൊണ്ടു് അവിടേക്കു് ഇവിടെ അത്ര സുഖമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടായിരിക്കാം അവിടുന്നു് ഇങ്ങിനെ ചോദിക്കുന്നതു് എന്നു തോന്നുന്നു.

കഞ്ചുകി — (ആത്മഗതം) ... ...

...പറഞ്ഞു.

തമ്പുരാട്ടി — (... മന്ദസ്മിതത്തോടുകൂടി) (ആത്മഗതം) എന്റെ അഭിപ്രായത്തെ ചെറുപ്പള്ളി വെളിവാക്കുന്നു. ... ... വരുമെന്നു് ... (പ്രകാശം) കഞ്ചുകി ഇതു കേൾക്കുന്നുണ്ടോ? കഞ്ചുകി അവിടുത്തെ വിളിക്കുന്നു.

രാജാ — (ആത്മഗതം) ചെറുപ്പള്ളിയുടെ ചാതുര്യത്താൽ സംഗ്രഹയായ തമ്പുരാട്ടി സന്തോഷത്തെ മറക്കുവാൻ പാടുപെടുന്നതായിരിക്കണം. (പ്രകാശം) എനിക്കിപ്പോൾ

ഉഷ്ണം ലേശമില്ല. അതുകൊണ്ടു യാതൊരു ശീതോപചാരങ്ങളും വേണമെന്നില്ല.

ചെറുശ്ശേരി—(രാജാവിനോടു സ്വകാര്യം) തമ്പാട്ടിക്കു അവിടത്തെ കടാക്ഷംകൊണ്ടു ഉഷ്ണമില്ലാതായിരിക്കും. അതാണല്ലൊ ഇങ്ങിനെ പറയുന്നതു്.

രാജാ—(ചെറുശ്ശേരിയോടു സ്വകാര്യം) തമ്പാട്ടിക്കു വലിയ ദേഹോപദ്രവമുണ്ടായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. ധൈര്യബലംകൊണ്ടു വ്യാകുലതയെ പുറത്തു കാണിക്കുന്നില്ല. രാജവംശത്തിൽ ജനിച്ച തമ്പാട്ടിക്കു ഈ ധീരഭാവം ഏറ്റവും യോഗ്യമായിരിക്കുന്നു.

കുഞ്ചി—(തമ്പാട്ടിയെ നോക്കീട്ടു—ആത്മഗതം) അവിടെക്കു ഇപ്പോഴും വല്ലതെ സുഖക്കേടുണ്ടെന്നു തോന്നുന്നു. ആകട്ടെ, ഒന്നു ചോദിക്കട്ടെ. (പ്രകാശം) അവിടക്കു ഇപ്പോഴും വല്ലതും അസുഖമുണ്ടോ? അടിയൻ ഈ പനിനീർക്കുപ്പി എടുത്തു കിടക്കയിൽ തളിക്കട്ടെ?

തമ്പുരാട്ടി—ഇപ്പോഴും ഒന്നും വേണ്ട കുഞ്ചി! വേണമെങ്കിൽ പറയാം.

കുഞ്ചി—ഏറാൻ: കല്പനപോലെ.

ചെറുശ്ശേരി—(രാജാവിനെ ചൂണ്ടീട്ടു തമ്പുരാട്ടിയോടു) ഈ മന്ത്രവാദി എല്ലാം മന്ത്രിച്ചുകളഞ്ഞു. അതുകൊണ്ടുള്ള സുഖം അവിടെക്കറിയാമല്ലൊ?

തമ്പുരാട്ടി—(സലജ്ജം മുഖം താഴ്ത്തുന്നു)

രാജാ—(തമ്പുരാട്ടിയോടു) ഞാൻ അവിടത്തെ സുഖദുഃഖങ്ങൾക്കു കാരണമായിത്തീർന്നിട്ടുണ്ടെങ്കിൽ വളരെ

ഭാഗ്യവാനാണു്; എന്നെ ഒരു കാലത്തും അന്യഥാ ശങ്കിക്കരുതു്. രാജസ്ത്രീകളുടെ ധൎമ്മത്തെ രക്ഷിക്കുന്നതിൽ ഞാൻ ഉത്തമനാണു്. ക്ഷാത്രധൎമ്മത്തെ പ്രകാശിപ്പിക്കുന്നതിൽ ഞാൻ അദ്വിതീയനാണു്.

ചെറുശ്ശേരി — മാനഗ്രഹത്തെ ഉച്ചാടനം ചെയ്യുന്നതിൽ അവിടുന്നു പ്രസിദ്ധനാകുന്നു. അതിനാൽ ഒരു ഗ്രഹപീഡയുള്ള സ്ത്രീകൾക്കു് അവിടുത്തെ വലിയ താല്പൎയ്യമാണു്.

തമ്പുരാട്ടി — (പാരവശ്യത്തെ നടിക്കുന്നു) (ആത്മഗതം) ഇവരുടെ നൎമ്മവചനങ്ങളെക്കൊണ്ടും വക്രോക്തികളെക്കൊണ്ടും ഞാൻ വളരെ പരവശയായിരിക്കുന്നു. കേവലം കാവ്യനാടകങ്ങളിൽ നിന്നു മാത്രം ഗ്രഹിച്ചിട്ടുള്ള മന്മഥന്റെ കാൎയ്യകൃത്യങ്ങൾ എനിക്കിപ്പോൾ സ്വാനുഭവമായിരിക്കുന്നു. (പ്രകാശം) കുബ്ജി! നമ്മുടെ അതിഥികൾക്കു നാം എന്താണു് ഉപചാരം ചെയ്യേണ്ടതു് എന്നറിയുന്നില്ല.

രാജാ — (ആത്മഗതം) അതു വേണമെങ്കിൽ ഞാൻ പറഞ്ഞുകൊടുക്കാമായിരുന്നു. (ചെറുശ്ശേരിയോടു സ്വകാൎയ്യം.)

ഇന്ദീവരത്തിനുടെ മൊട്ടുകൾ രണ്ടു നിത്യം
ചന്ദ്രന്റെ ബിംബമതിലുള്ളമൃതം ഭുജിപ്പാൻ
സാന്ദ്രപ്രമോദമിവനാൎക്കുകിലിന്നിനിക്കു-
മിന്ദ്രപദമൊടു തുല്യമൊരു തൃപ്തിയുണ്ടാം. 8

കുബ്ജി — നിന്മനസ്സിൽ എന്തെല്ലാം ഉദിക്കുന്നുവോ

അതെല്ലാം ചെയ്യുന്നതിനെന്താണു് ഉചിതമായ സല്ക്കാരം.

തമ്പുരാട്ടി—(ആത്മഗതം) കഞ്ചി ഏതിനെക്കൊണ്ടും എന്തും ചെയ്യിപ്പാൻ സമർത്ഥയാകുന്നു. ശാകുന്തളത്തിലെ പ്രിയംവദ തന്നെ സംശയമില്ല. (പ്രകാശം) ഞാൻ അസ്വതന്ത്രയാണെന്നും, ഇതു് അന്തഃപുരമാണെന്നും ബോധമാക്കിയിരിക്കണമല്ലൊ?

ചെറുക്കുട്ടി—(ആത്മഗതം) ഇതു നാടകം വായിച്ചുണ്ടായ ഫലമായിരിക്കാം. ഞാൻ എന്റെ അറിവും വെളിപ്പെടുത്തട്ടെ. (പ്രകാശം) ക്ഷത്രിയസ്ത്രീകൾക്കും, സാമാന്യസ്ത്രീകൾക്കും ഏറ്റവും സ്വാതന്ത്ര്യമുണ്ടാകുന്നു. സ്വയംവരം എന്നതു മഹാന്മാരുടെ കാലങ്ങളിൽ നടന്നിരുന്നതിനാൽ ആ കാലത്തിൽ സ്വാതന്ത്ര്യം ക്ഷത്രിയസ്ത്രീകൾക്കു ധാരാളമുണ്ടായിരുന്നു.

കഞ്ചി—തിരുമനസ്സുകൊണ്ടു തമ്പുരാട്ടി സ്വയംവരത്തെ പറ്റി തന്നെ പറയുന്നതു കേൾക്കുന്നു. സ്വയംവരത്തിനുപകരം നിശ്ചയിച്ചിട്ടുള്ള ആളെ തമ്പുരാട്ടിയെ കാണിപ്പാൻ ഇതുപോലെ കഴിയുമോ?

(ചെറുക്കുട്ടിയും കഞ്ചിയും കൂടെ തമ്മിൽ നോക്കുന്നു.)

തമ്പുരാട്ടി—(ആത്മഗതം) കഞ്ചി പറയുന്നതു ശാകുന്തളത്തിൽ അനസൂയയുടെ വാക്കു പോലെ തോന്നുന്നു. ഇവരെന്റെ മനസ്സറിഞ്ഞിട്ടുള്ളതായി തോന്നുന്നു.

ചെറുക്കുട്ടി—കഞ്ചി പറയുന്നതു ശരി, തമ്പുരാട്ടിയു

യുടെ കാരുണ്യം ഇളകിത്തിക്കുന്നു ഒരു പേക്കത്തി നാം ആരുപത്തായി വരുന്നതാണ്. പുണ്യപൂർണ്ണമായ ഒരു സ്വൈകാര്യമില്ല.

(അണിയറയിൽ)

വലിയ തമ്പുരാട്ടി തൃക്കാൽപൂജ കഴിച്ച് പ്രസാദം കൊണ്ടു ചെറിയ തമ്പുരാട്ടിയെ കാണ്മാൻ വരുന്നുണ്ട്. ഉമ്മറത്തു വിളക്കു കൊളുത്തി വെക്കട്ടെ.

(പുഷ്പവസനം പരിഭ്രമിച്ച് അകത്തേക്കു പോകുന്നു)

കലി — ഇങ്ങിനെ നികടം വടക്കെ ഗോപുരത്തിലേക്ക് പുറപ്പെടുന്നതാണെ നല്ലത്. തമ്പുരാട്ടി വരുമ്പോൾ ഇവിടെ ചില അപരിചിതന്മാരെ കാണുന്നത് അത്ര ഭംഗിയായിരിക്കയില്ല.

രാമ — (ആത്മഗതം) കോവിലകങ്ങളിലും, കുടിലുകളിലുമുള്ളവർ കണക്കെ അനുഷ്ഠാനമാകുന്ന ഇങ്ങിനെ കാര്യങ്ങളിൽ പൂർണ്ണമായ് ഒരു പ്രകാരത്തിൽ ഉത്സവത്തെ നടിക്കണം. (പ്രകാശം) ചെറുപ്പുള്ളി ഇനി നാം പുറത്തേക്കു പുറപ്പെടുക.

ചെറുപ്പുള്ളി — നാം തമ്പുരാൻ ഇവിടെനിന്ന് മാറിയിരിക്കാനാണല്ലോ. അങ്ങിനെ ചെയ്യാം. (പുറത്തേക്കു പോയി) (അനന്തരം വലിയ തമ്പുരാട്ടിയുടെ തമ്പുരാട്ടിയും രണ്ടു ദാസികളും പ്രവേശിക്കുന്നു.)

വ. തമ്പുരാട്ടി — (ആത്മഗതം) കിടാവ് ഇല്ലത്തിലേക്ക് ... പറഞ്ഞു നടക്കുന്ന ... പുറ

കഷ്ടമാണ്. (പ്രകാശം) കിളിമംഗലം പ്രസാദം കൊടുക്കൂ.

കിളിമംഗലം__(പ്രസാദം കൊടുക്കുന്നു. ചെറിയ തമ്പുരാട്ടി ഭക്തിപൂർവ്വം സ്വീകരിക്കുന്നു.)

കിളിമംഗലം__രണ്ടു ദിവസംകൊണ്ട് എല്ലാം ഭേദപ്പെടും. സൌഖ്യമാകും. എന്തെന്നാൽ,

“ആപദി കിം കരണീയം
സ്മരണീയം ചരണയുഗളമംബായാഃ
തൽസ്മരണം കിം കുരുതേ
ബ്രഹ്മാദീനപി ച കിങ്കരീകുരുതേ.”

ആപൽകാലത്തു ഭഗവതിസേവ വളരെ ശ്രേഷ്ഠം. സംപ്രീതിസ്ഥലമായിവരും.

കാളി__(ആത്മഗതം) ഭഗവതിസേവ തുടങ്ങിയപ്പോൾ തന്നെ ഇവിടെ ദക്ഷിണയും മിക്കതും സാധിച്ചു.

ചെ. തമ്പുരാട്ടി__(ആത്മഗതം) ബ്രഹ്മാദികളെ കിങ്കരന്മാരാക്കിയില്ലെങ്കിലും ഇദ്ദേഹത്തെ അപ്രകാരം ആക്കിത്തീർക്കട്ടെ! എന്റെ ദേവി!

വ. തമ്പുരാട്ടി__കിടാവേ! സുഖക്കേട് എന്തിനായിരിക്കുന്നു? ഇപ്പോൾ അല്പം സുഖമുണ്ടോ? ധർമ്മദൈവങ്ങളെ ഒന്നും ഭജിക്കാറില്ല. അതാണ് ഇതിനെല്ലാം കാരണം. സുഖക്കേട് മാറിയ ഉടനെ തിരുവള്ളക്കാട്ടുകാവിലും, മങ്കാവിലും, തിരുവണ്ണൂരും മറ്റും ചെന്നു തൊഴുതു വഴിപാടുകൾ കഴിക്കണം.

ചെ. ത__അമ്മ അനുഗ്രഹിക്കണം. എനിക്കു വളരെ സുഖക്കേട്. പൊറുക്കാൻ വയ്യ. ഉറക്കമില്ലായ്മയും ആലസ്യത്താൽ ശരീ

ത്തിന്റെ വ്യാകുലത ഉണ്ടായതാണു. രണ്ടു ദിവസം കഴിഞ്ഞാൽ തീരെ സുഖമാകും.

വ.ത.—കിടാവു് ഞാൻ ഉറങ്ങുമ്പോൾ അല്പം ആഹാരം വല്ലതും കഴിക്കുമൊ?

ചെ.ത.—അമ്മ എന്നോടു ഇങ്ങിനെ വിചാരപ്പെടുന്നു. ഞാൻ ആഹാരമെല്ലാം കഴിക്കാറുണ്ടു്. ഇപ്പോൾ ആഹാരത്തിന്നു സമയം ആയിട്ടില്ല. ആ കാലത്തു് അമ്മ ഇവിടെനിന്നു കല്പിച്ചപ്രകാരം പഥ്യവൃത്തി ഭക്ഷിക്കാറുള്ളു.

വ.ത.—കിടാവു് ഇന്നു മുഴുവനായിട്ടു യാതൊരാഹാരവും കഴിച്ചില്ലെന്നു കുട്ടിപ്പട്ടർ പറഞ്ഞു. അതു സത്യമാണെന്നു് എനിക്കു തോന്നുന്നു. കിടാവു വല്ലാതെയിരിക്കുന്നതാണം.

ചെ.ത.—അല്പം ചൊറുള്ളായ്മ എനിക്കെന്നു ഞാൻ തന്നെ സമ്മതിച്ചില്ലെ? അതിന്നടുത്തു് ആഹാരത്തിന്നു കാര്യം ഉണ്ടായിരിക്കും. വിചാരപ്പെടുവാൻ ഒന്നും ഇല്ല. അമ്മക്ക പോകാം.

വ.ത.—അല്പം ആഹാരം കഴിച്ചു് ഒന്നു കിടന്നുറങ്ങിയാൽ ഭാരം പൂർണ്ണമായൊഴിക്കും. എല്ലാം സുഖപ്പെടും.

ചെ.ത.—എന്നാൽ അങ്ങിനെ ചെയ്യാം. അമ്മ പോകുന്നില്ലെ? (വലിയ തമ്പുരാട്ടിയും പരിവാരങ്ങളും പോയി)

കുഞ്ചി.—വലിയ തമ്പുരാട്ടി എന്തൊക്കയോ ശങ്കിച്ച പോലെ തോന്നുന്നു. ഇല്ല്യേ? എന്താ അവിടെക്കു തോന്നുന്നതു?

ചെ. ത.—അതു് അമ്മയുടെ സ്വഭാവമാണു. പിന്നെ നിന്റെ ഉള്ളിലെ കപടംകൊണ്ടു തോന്നുകയാണു് അല്ലാതെ മറ്റൊന്നുമല്ല.

കുഞ്ചി.—തമ്പുരാനും, നമ്പൂരിയും ആഹാരം കഴിഞ്ഞിരിക്കുന്നു എന്നു തോന്നുന്നു. ഇനി അവർ എന്താ ചെയ്യേണ്ടതു്?

തമ്പുരാട്ടി.—അവർ ഇന്നു നമ്മുടെ അതിഥികളാണു്. അവർക്കെന്തെല്ലാം വേണ്ടിയതൊ അതെല്ലാം ഒരുക്കണം. ഞാൻ കുളിയും ജപവും കഴിച്ചു ആഹാരം കഴിക്കട്ടെ. കുഞ്ചീ! വിളക്കെടുത്തു വഴികാണിക്കു.

കുഞ്ചി.—തിരുമേനി ഇതിലെ; ഇതിലെ;

(എല്ലാവരും പോയി.)

മൂന്നാം അങ്കം കഴിഞ്ഞു.

നാലാമങ്കം.

(അനന്തരം ചെറുശ്ശേരി നമ്പൂരി പ്രവേശിക്കുന്നു).

ചെറുശ്ശേരി.—രാജാവിന്റെ മനോവേദനക്കു നിവൃത്തി കിട്ടീട്ടു ദിവസം എട്ടു കഴിഞ്ഞു. കാൎയ്യം ഞാൻ വിചാരിച്ചപോലെ ഒക്കില്ലെന്നു തീൎച്ചതന്നെ. രാജാവിനു അമ്പാട്ടിയിൽ കലശലായ അനുരാഗം കാണു

ന്നു. ഇപ്പോൾ മുമ്പെത്തതിലധികം വിഷമമായി തീൎന്നിരിക്കുന്നു. ഇതിന്നു് എന്താണു നിവൃത്തിയാണു ഉള്ളതു് എന്നറിയുന്നില്ല. (അനന്തരം കുറച്ചുനേരം ചിന്താമഗ്നനായി ചുററി നടക്കുന്നു) തമ്പാട്ടിയുടെ അഭിപ്രായം ഇതുപോലെതന്നെയാണെങ്കിൽ എന്താ നിവൃത്തി. (ആലോചിച്ചു) രണ്ടും ഒരു മാതിരി വരുവാനെ തരമുള്ളു. എന്തുകൊണ്ടെന്നാൽ.

സൌന്ദൎയ്യം സമമായിയങ്ങിനെപുറ-
ത്തേററം വിളങ്ങുന്നതും,
കാന്തിക്കും വിഭവത്തോടൊത്തു നിറയു-
ന്നോരാൎദ്രസൌശീല്യവും,
നന്നായ്വംശസമത്വവും വിമലമാം
വൈദഗ്ദ്ധ്യവും ചേരിലോ
വന്നീടുന്നു വധൂവരക്രമിതമാ-
നന്ദ്യത്യന്തമാനം സഖേ

അതുകൊണ്ടു തമ്പാട്ടിക്കു് അന്യഥാ വരുവാൻ തരമില്ല. ഏതായാലും കാൎയ്യം വലിയ ഉൾഘടത്തിലായി. ഇനി അധികം ഇവിടെ താമസിപ്പാൻ തരമില്ലാതെ ആയിരിക്കുന്നു. സാമൂതിരിയായുള്ള സംബന്ധി ശേഷിയായി അവസാനിക്കില്ലെന്നാണു തോന്നുന്നതു. രാജാവിന്റെ വരവു കാണാതെ വടക്കുനിന്നു ചിലരൊക്കെ കത്തുകളും, മാവിലായി നമ്പ്യാരും വന്നിട്ടുണ്ടെന്നു കേട്ടു. അവർ എവിടെ എന്നു് അന്വേഷിക്കട്ടെ (ചുററിനടക്കുന്നു.) (സൂക്ഷിച്ചു നോക്കീട്ടു്.) ഇതാ ഇങ്ങോട്ടു വരുന്ന രണ്ടാൾ അവർതന്നെയോ എന്നു തോന്നുന്നു.

(അനന്തരം ചിറ്റാരത്തു കുഞ്ചനും മാവിലായി നമ്പ്യാരും പ്രവേശിക്കുന്നു)

മാവിലായി നമ്പ്യാര് (ചെറുശ്ശേരിയെ നോക്കീട്ടു്) അല്ല! എഴുന്നെള്ളത്തു നിന്നല്ലേ ഇതു്? എന്തു് ഇങ്ങിനെ കോഴിക്കോട്ടു കൂടിയിരിക്കുന്നതു്? തമ്പുരാൻ ജീവനോടുണ്ടോ, ഇപ്പോം?

കുഞ്ചൻ—അല്ല! അവിടത്തോടു വന്ന കാര്യം എന്തായി? നാട്ടിലെക്കൊന്നോട്ടില്ലേ? ഞാൻ വിചാരിച്ചു താമൂതിരിപ്പാട്ടിലെ മാപ്പിളമാര് അവിടത്തെയും, തമ്പുരാനെയും കഥ കഴിച്ചിട്ടു് എന്നു.

ചെറുശ്ശേരി—അതൊന്നും ഇല്ല കുഞ്ചനെ കാര്യം ഒന്നും ആയിട്ടില്ല അതാവാതിരിക്കുന്നതു, ഞങ്ങളിവനും കൂടി സാമൂതിരിപ്പാടും, മന്ത്രിമാരായ മങ്ങാട്ടച്ചനും, തിനയഞ്ചേരി ഇളയതും, ധർമ്മോത്ത പണിക്കരും, പാറനമ്പിയും കൂടി ഒരു ആലോചന ചെയ്തിട്ടുണ്ടു്. ആ കാര്യമായിട്ടാണ നടന്നിട്ടുള്ളതു്.

കുഞ്ചൻ—നമ്മുടെ തമ്പുരാനെ പിടിച്ചു ബന്ധനത്തിലാക്കാനാണോ?

ചെറുശ്ശേരി—അതൊന്നും ഉണ്ടാവില്ല. എങ്കിലും സൂക്ഷിക്കണം.

മാ. നമ്പ്യാര്—തമ്പുരാൻ എവിടെയാണു് എഴുന്നള്ളിയിരിക്കുന്നതു്? കോട്ടക്കകത്തോ, പുറത്തോ?

ചെറുശ്ശേരി—അകത്തു തന്നെയാണ. സാമൂതിരിയുടെ സൽക്കാരം കേമം തന്നെ. ഒരുകാര്യം കലശലാണു്. താമസത്തിനു വളരെ സുഖമുണ്ടു്.

കുങ്കൻ——മന്ത്രിമാര്‍ക്കു ഊണും, കിടപ്പും നന്നായാല്‍ പിന്നെ എന്താ വേണ്ടതു്? തമ്പുരാനും ഇപ്പം ഇങ്ങനെയോ?

ചെമ്പശ്ശേരി——(ആത്മഗതം) ഇതുവരെ ഇവര്‍ രാജമന്ത്രികളായിരുന്നു. ഇപ്പോള്‍ ശാപ്പാടുകാരന്‍ നായരായി. (പ്രകാശം) അതുകൊണ്ടു തമ്പുരാന്‍ അപകടമോ, അപമാനമോ ഉണ്ടാവാന്‍ വഴിയില്ലെന്നാണു പറയുന്നതു്.

കാ_നമ്പിയാര്‍——നിങ്ങള്‍ രണ്ടുപേരും അടങ്ങേണ്ടതില്ലെന്നുണ്ടോ?

കുങ്കൻ——ഇഹ കേട്ടു! അവിടത്തോടു്, താങ്കളിപ്പോടും നാലു മന്ത്രിമാരുംകൂടി വിചാരം ചെയ്തതു് എന്തായെന്നു വല്ലതും അറിഞ്ഞുവോ?

ചെമ്പശ്ശേരി——ഞാന്‍ അതിനെപ്പറ്റി കുറെ കേട്ടു. അയാളുടെ ആഗ്രഹം കേട്ടപ്പോള്‍ മുതല്‍ക്കുള്ള രാജ്യം മുഴുവനും നാട്ടിലേക്കു വിട്ടുകൊടുക്കേണ്ടിവന്നതെന്നാണു്.

കാ_നമ്പിയാര്‍——പയ്യനാടും, താമരശ്ശേരിയും അല്ലേ?

കുങ്കൻ——താമരശ്ശേരി കോട്ടയത്തു രാജാവിനു കൊടുത്തതല്ലേ? ഇനി നാം അതിനെപ്പറ്റി ചിന്തിച്ചിട്ടു കാര്യം? ഒരു ആശ സാധിക്കില്ല. വേഗം ഇവിടെനിന്നു പോകാനാണു ശ്രമിക്കേണ്ടതു. തമ്പുരാനോടു് അവിടുന്നു് ഉണര്‍ത്തിച്ചില്ലേ?

ചെമ്പശ്ശേരി——ഉവ്വു്! ഉവ്വു്! തമ്പുരാന്‍ കാര്യം ആലോചന ചെയ്തുകൊണ്ടിരിക്കുന്നു.

(കോമപ്പന്‍ പ്രവേശിക്കുന്നു.)

കോമപ്പൻ—വടക്കുനിന്ന് എജമാനന്മാരും നീങ്ങീട്ടുണ്ടെന്നു കേട്ടല്ലൊ? അവർ എവിടെയായിരിക്കുമെന്ന് അറിഞ്ഞു വരാൻ തമ്പുരാന്റെ കല്പനയായിരിക്കുന്നു.

(ചുററി നടന്നു നോക്കീട്ട്) ഇതാ എഴുന്നെള്ളേടത്തു നിന്നും, എജമാനന്മാരും നില്ക്കുന്നു. എന്റെ പാക്യം മററാർക്കാനുണ്ടൊ? (അരികത്തു ചെന്നു തൊഴുതു ഭയഭക്തിയോടെ നില്ക്കുന്നു.)

കുഞ്ഞക്കൻ—എന്താ കോമപ്പാ! തമ്പുരാൻ തിരുമനസ്സുകൊണ്ട് എവിടെയാണ് എഴുന്നെള്ളിയിരിക്കുന്നതു്? കാണാനെപ്പം ഒക്കും?

കോമപ്പൻ—എജമാനനെ! തമ്പുരാൻ കൊട്ടക്കകത്തു പൂന്തോട്ടത്തിൽ എഴുന്നെള്ളിയിരിക്കുന്നു. ഉടൻ നാട്ടിലേക്ക് എഴുന്നെള്ളുന്നുണ്ട്. എജമാനന്മാർ വന്നിട്ടുണ്ടെന്നു കേട്ടു കൂട്ടിക്കൊണ്ടുവരുവാൻ കല്പനയായിരിക്കുന്നു. അതാ, ഇങ്ങോട്ടു വരുന്നു്.

ചെറുശ്ശേരി—എന്നാൽ നിങ്ങൾ വേഗം കോമപ്പന്റെ കൂടെ പോകിൻ. ഞാൻ ഉടനെ വരാം.

രാ-നമ്പ്യാര്—കോമപ്പാ വഴി കാണിക്ക്. കുഞ്ഞക്കളെ! പോകുക വരുക.

ചെറുശ്ശേരി—(കോമപ്പനെ സ്വകാര്യമായി വിളിച്ചിട്ട്) എടാ! ഇവിടെ കഴിഞ്ഞ സ്വകാര്യവർത്തമാനങ്ങളൊന്നും ഇവരോട്ട പറയരുതു്. കേട്ടോ?

കോമപ്പൻ—അടിയനൊ! രാമ! പറയില്ല്യ.

കുഞ്ഞക്കൻ—(നമ്പൂരിയോട്) എന്താ! അവിടുന്നെ! സ്വകാര്യം. ഞങ്ങൾക്കു കേട്ടുകൂടെയോ?

ചെറുശ്ശേരി!—തേച്ചുകുളി വേണം എന്നു പറയുകയാണെന്നിങ്ങൾ പരിഹസിച്ചാലോ എന്നു വിചാരിച്ച് സ്വകാര്യം പറഞ്ഞതാണ്.

കോമപ്പൻ:— ഇതിലേയാണ് കോട്ടവാതിലിലേക്കു വഴി. ഏജമാനന്മാർ ഇതിലേനീങ്ങാം.

(കുഞ്ഞക്കുട്ടും, നമ്പിയാരും, കോമപ്പനും പോയി)

ചെറുശ്ശേരി—(ചുററി നടക്കുന്നു.) (സൂക്ഷിച്ചുനോക്കീട്ട്) കുഞ്ചിയാണെന്നു തോന്നുന്നു ആ വരുന്നതു്. ഇവളെ ഇപ്പോൾ കണ്ടതു നന്നായി. തമ്പുരാട്ടിയുടെ വർത്തമാനങ്ങളെല്ലാം അറിയാം.

കുഞ്ചി—(പ്രവേശിക്കുന്നു.) കുളിക്കാൻവേണ്ടി പുറത്തിറങ്ങിയതാണ്. നേരം നന്നാ വൈകി എന്നു തോന്നുന്നു. (ചെറുശ്ശേരിയെ കണ്ടതായി നടിച്ച്) അല്ല! തിരുമേനിയല്ലേ ഇതു? എന്താ തിരുമനസ്സുകൊണ്ടു കോട്ടക്കു പുറത്തു വന്നിരിക്കുന്നതു്? തിരുമേനി എവിടെയാണ്? നീരാട്ടുകുളിയും, അമൃതേത്തും ആയില്ലേ?

ചെറുശ്ശേരി—കുഞ്ചിയെ കണ്ടിട്ടാണു ഞാൻ ഇവിടെ നിന്നതു. അന്യന്മാർ മുഖേന കൊടുക്കുന്നല്ലാതെ നമുക്കു രണ്ടാൾക്കും തമ്മിൽ കൂടുവാൻ സാധിക്കുന്നില്ല. ഇപ്പോൾ എവിടേക്കാണ്.

കുഞ്ചി—വെള്ളിയാഴ്ചയല്ലേ ഇന്നു? തിരുവളങ്ങോട്ടുകാവിൽ ചെന്നു കുളിച്ചു തൊഴേണമെന്നു വെച്ചാണു പുറത്തേക്കു വന്നതു്.

ഇനി അദ്ദേഹത്തെക്കുറിച്ചു വ്യസനിക്കേണ്ട ആവശ്യം. ഇപ്പോൾ പോരുവാൻ കഴികയില്ല.

ചെറുശ്ശേരി.-- നാം ഒരുപക്ഷംകൂടി ചിലതെല്ലാം ചെയ്തു വെച്ചിട്ടുണ്ടല്ലോ? ഏതിനെയാണ് ഇതിനെ നശിപ്പിക്കുന്നതു? വലിയ ദുർഘടമായി.

കുഞ്ഞി.-- ഇനി അവരുടെ ഭാഗമല്ലേ? അവർ ഉറക്കം കഴിഞ്ഞു. തമ്പിരാൻ തമ്പിരാട്ടിയെയുംകൊണ്ടു ഇവിടുന്നു പോകും. തമ്പിരാട്ടി അതിനൊരുക്കവുമാണ്. അവർ തമ്മിൽ എല്ലാ ആലോചനകളും കഴിഞ്ഞിരിക്കുന്നു. അവിടത്തെ തമ്പിരാൻ ഒന്നും അറിഞ്ഞിട്ടില്ലല്ലോ?

ചെറുശ്ശേരി.-- എനിക്കു അവിടത്തെ കണ്ടു സ്വൈരമായി സംസാരിപ്പാൻ സാധിച്ചില്ല. ഇപ്പോൾ ചെന്നു കാണണം.

കുഞ്ഞി.-- തമ്പുരാൻ ഇന്നു താമസിപ്പാതെ തമ്പുരാനോടു യാത്ര പറഞ്ഞു പിരിയും. 'കാര്യങ്ങളെല്ലാം എളേമ്പ്രാരോടും, മന്ത്രിമാരോടും ആലോചിച്ചു വേണ്ടപോലെ ചെയ്യാമെന്നാണു തീർച്ച പറവാൻ പോകുന്നതു'.

ചെറുശ്ശേരി.-- കുഞ്ഞി ഇതെല്ലാം വിവരമായി അറിഞ്ഞിരിക്കുന്നു. തമ്പുരാൻ എന്നോടുകൂടി ഇതൊന്നും പറഞ്ഞിട്ടില്ല.

കുഞ്ഞി.-- ഇതെല്ലാം തമ്പിരാട്ടിയോടു പറഞ്ഞതാണ്. അതിനെയാണ ഞാൻ അറിഞ്ഞതു. നേരം വഴുകി തിരുമനസ്സിലെ! ഞാൻ പോകുന്നു (പോയി).

ചെറുമ്മി — ശരിതന്നെ. നേരം വൈകി. കഞ്ഞി പാകത്തെല്ലാം വാസ്തവമറിയിക്കാം. അതുകൊണ്ടു ഞാൻ വേഗം ചെന്നു അവിടത്തെ കാണട്ടെ. എന്തെല്ലാം അപകടത്തിനാണു കയറിയിരിക്കുന്നതു എന്നറിയുന്നില്ല. (പോയി).

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം രാജാ പ്രവേശിക്കുന്നു)

രാജാ — (ദുഃഖനാട്യം)

ഇഷ്ടപ്രിയസഖീവിയോഗമതിനാൽ
ദീർഘിച്ചുനാളൊരു ഞാൻ
കഷ്ടപ്പെട്ടു കഴിച്ചുവെങ്കിലുമഹോ!
താപം കുറഞ്ഞില്ല മേ
ദുഷ്ടൻ മന്മഥനെന്നെയിപ്പുതിനമാ-
ശ്രയിച്ചു സന്തതിയാ
ക്ലിഷ്ടൻ വേഗമനിഷ്ടകാരികളൊരാ-
ശ്രുതൻ വിവശനായ്‌ച്ചമഞ്ഞൻ 2

(വിചാരിച്ചു) ഞാൻ ഇപ്രകാരമാണെങ്കിൽ എന്റെ പ്രിയയുടെ അവസ്ഥ എന്തായിരിക്കും? ഞാൻ സമ്മതിയെ ലഭിച്ചു എന്റെ കൃത്യത്തെ ചെയ്യാതിരിക്കയോ? അതു ശരിയല്ല. ഒരിക്കലും പാടില്ല.

ശ്രീശൈലാദ്രിയിൽനിന്നു വന്നീടിനൊരു
ശ്രീദേവിയാണെൻ പ്രിയ.
ആശങ്കയറ്റെല്ലാവരും മാറ്റുവതി-
നില്ലം ശരീരത്തിനും

അംഗാരോപമമായിട്ടും വിരഹതാ-
പമതു ദഹിച്ചിട്ടു ഞാ-
നങ്ങനെയൊട്ടുങ്ങിയെ പോയിടുന്ന കഠിനം
ചെയ്യുന്നതും കഷ്ടമാം. (3)

അതുകൊണ്ട് എന്റെ ഹൃദയത്തിൽ ഞാൻ യാതൊരു ചാപല്യത്തിനും ഇടവരുത്തുന്നതല്ല. എന്റെ പ്രിയതമ സ്വയമേവ എന്നെ വശത്താക്കിയതുകൊണ്ടു പ്രിയയുടെ സ്നേഹത്തെ കളവാൻ ശക്തനല്ല. ആ പ്രേമബന്ധം എത്രയോ വിലയുള്ളതാകുന്നു എന്നു മാത്രമല്ല പ്രിയയുടെ വിരഹത്തെ വിനാഴികപോലും സഹിപ്പാൻ ഞാൻ ശക്തനല്ല. ഞാൻ ആ ബന്ധത്തിന് അധീനനായിരിക്കുന്നു എന്തുകൊണ്ടെന്നാൽ;

ഹാരാവലീലസൽസ്തനകൊണ്ടിവളെന്റെ
മാനസത്തിനെ എത്രയും പ്രഥമം കവർന്ന
സുന്ദരമിഴികൾ സൗന്ദര്യമാകും കാമിനിയാകി-
യെന്നെ അനുഭവിപ്പിച്ചവളാകി മനോഹരാംഗി. (4)

എന്നുമാത്രമല്ല ആ ദേവി ഒരിക്കലും പതിവ്രത്യ-
ധർമ്മത്തിൽ ഇരിക്കുന്നവളാണ്. അതുകൊണ്ടു ഇവളെ ഞാൻ ഈ സമയത്തിൽ കൈവിടുകയാണെങ്കിൽ കഴിവുകേടിനെ ആലോചിച്ചാൽ ഞാൻ എങ്ങിനെ എന്റെ പ്രിയയെ കളയും?

സാമന്തകന്യക കലാവതിയാണെന്നാലും
കാമരൂപസൗഭാഗ്യത്താൽ വിശേഷാൽ
സാമപ്രീതികളിലൊക്കെ ലയിച്ചു ഞങ്ങൾ
ഒരുമിച്ചു യൗവനത്തെ സഫലീകരിച്ചു. (5)

(അല്പം ചിന്താമഗ്നനായിനിന്നതിന്നുശേഷം)

എന്റെ പ്രാണപ്രിയയുടെ പ്രഥമസമാഗമത്തിൽ തന്നെ എനിക്കു ദശാവൈരസ്യമായിത്തീർന്നിരിക്കെ ആലോചിച്ചാൽ വിരഹം ദുസ്സഹമാകുന്നു. പ്രിയയുടെ വിയോഗത്തിൽ എന്റെ ഹൃദയം കലുഷമായിത്തീർന്നിരിക്കുന്നു.

സന്തോഷം ചിത്രലേഖയുണ്ടാം സംഗമത്തിങ്കലാദ്യം
മന്ദം മന്ദസ്മിതമുഖമതാം [illegible]
[illegible]
മന്ദാക്രാന്താ മമ [illegible]

ഇതിന്റെ കഴിഞ്ഞ കാര്യങ്ങൾ ഓർമ്മനായി ആലോചിക്കുമ്പോൾ വിരഹാഗ്നി ഹൃദയത്തിൽ കത്തിജ്ജ്വലിക്കുന്നു. എന്നുമാത്രമല്ല ഈ ലോകത്തിലെ സുഖസമ്പത്തിന് എനിക്കിനിയധികം ഒരു സഹായി കിട്ടുമോ? ഇല്ല, നിശ്ചയം.

സൗന്ദര്യം [illegible]
[illegible] പ്രിയതമ [illegible]
[illegible]
[illegible] (7)

അതുമാത്രമല്ല [illegible] ത്തിന്റെ പ്രേമഭാജനമായിത്തീർന്ന ഞാൻ [illegible] ഗൃഹത്തിലേക്ക് [illegible] വിയോഗത്താലായി [illegible]?

[illegible] ഭോഗങ്ങളേകം
പ്രാണപ്രിയയുടെ യോഗം [illegible]

ഞാനിന്ന വഴി നിനക്കാതുണ്ടായ കത്തിനാനി.
ഒട്ടേറെ [illegible] പുമിനിക്കില്ലെന്നതോർത്തിടാം. (8)

ഇത്രമാത്രമല്ല പ്രിയതമയുടെ കാര്യംകൂടി ആ
ലോചിക്കേണ്ടതല്ലേ? പ്രിയതമ രാക്ഷസരാജധാനിയിൽ
സീതയെന്നപോലെ [illegible] ദുഃഖിതയാകുന്നതിൽ നാളു
കളായില്ലേ?

നിന്നെ [illegible] കാമിനിമാരിലെ സന്തോഷവും
[illegible] ചിരിക്കുന്നതിനാൽ [illegible] വേഷത്തോടെയാവും
[illegible] നിന്നെ [illegible] വാഴേണമേ. (9)
ഇവിടത്തെ വളെ വിട്ടു ഞാനെങ്കിലെന്തിനിനിവാഴുന്നതും

(വിചാരഭാവത്തിൽ അല്പനേരം ചാരി നടന്നതി
നുശേഷം) (സൂക്ഷിച്ചുനോക്കീട്ട്, ആ വരുന്നത് ആരാ!
ചെറുപ്പുളിയമ്മയെന്നു തോന്നുന്നു.

അതിനുശേഷം ചെറുപ്പുളി പ്രവേശിക്കുന്നു.)

ചെറുപ്പുളി—(വിചാരം) ഈ ശനികെട്ട കൊട്ടാരത്തിൽ വ
ന്നുചേർന്നിട്ട് ഒന്നുരണ്ടുദിവസമായി. രാജാവിന് ഇ
വിടെ വരുവാൻ തോന്നിയത് എന്റെ ഭാഗ്യംകൊ
ണ്ടാണ്. കാര്യം തീരുന്നവരെല്ലാതെ മറ്റാർക്കും ഇ
വിടെ വരുവാൻ [illegible] പിന്നെ [illegible]
കള്ളന്മാരെയും [illegible]. രാജാവിനു [illegible]
[illegible] ഒന്നും [illegible]
ല്ല. [illegible] കാര്യം [illegible] കിട്ടും ഒരു
[illegible] ഏതാണ്ടൊക്കെ കണ്ടുപിടിക്കയാണ്.
രാജസഭയിലെ [illegible] ഒ
[illegible] പ്രവൃത്തികളിൽ [illegible] സേവക

നാടകം   കേൾപ്പിക്കാം. നല്ലതാകയാലാണെ
ങ്കിൽ:—

കല്പത്തിനൊപ്പമവസാനമടുത്തിടുമ്പോൾ
ശാപ്പാടുമായ്ക്കൊടിപറഞ്ഞു മുറുക്കി നിത്യം
കോപ്പും പിടിച്ചിയുടനെ ചങ്ങാതിമാരായി
ട്ടെപ്പോഴുമങ്ങിനെ കളിപ്പതു ചിത്രമല്ലോ   (10)

ഇതുകൊണ്ടെന്തു കാര്യം? രാജാക്കന്മാരുടെ ചി
ത്തത്തിനുണ്ടോ വ്യവസ്ഥ?

ചിത്തത്തിൽ മന്ദരസമന്വിപരാക്രമസ്യ
വിത്തത്തിലാശയൊഴിമാറി വിചാരമോരം
കത്തുന്ന കോപമിവരെക്കുറവറ്റുമാറാം
ചിത്തപ്പുരങ്ങളുടെ കാന്തിയിലാറിടുന്നു   (11)

എന്താ മുമ്പേ പോന്നതായി തോന്നിയില്ലേ? ഇനി കഥ
യോടണയാൻ മടിക്കാനെന്തിനാണ്? അവിടുന്ന് എവി
ടെയാണെന്നു നോക്കട്ടെ. (പുറമേ നോക്കീട്ട രാജാവിനെ
കാണാത്തതായി നടിക്കുന്നു) (ചെറുശ്ശേരിയോടു) അവിട
ന്ന് എന്താ വളരെ ദൈന്യത്തോടെ ഇരിക്കുന്നതു?
രാജാ—ചെറുശ്ശേരി എന്താണുള്ളതു പറയുന്നതി
നെ നോക്കി ചിരിക്കുകയാണ്. എന്തെന്നാൽ മഠത്തിൽ വ
ന്നു കാണുക പറയു.

ചെറുശ്ശേരി—കണ്ടുകിട്ടും, നമ്പിമാരുടെ കൂടെയാണവിടെ അര
ങ്ങേൽ പോയിരിക്കുന്നു. എല്ലാം ശരിയായാൽ വിവ
രം അറിയിക്കാം. നാം ഇന്നത്തെ നാടകത്തിനു
പോകണ്ടെ?

രാജാ.__ഇന്നു തിങ്കളാഴ്ചയല്ലേ? ഇന്നു വൈകുന്നേരം പോയാൽ നാളെ രാവിലെ കല്ലായിപ്പുഴയിൽ എത്തും. നാളെ തമ്പാട്ടിയും, കണിയും മററും മാങ്കാവിൽ ഭഗവതിയെ തൊഴുതു മടങ്ങുമ്പോൾ പുഴയിൽ തോണികടക്കുന്ന സമയം ആ തോണിയോടുകൂടി അഴിമുഖത്തുള്ള കപ്പലിലേക്കു കൊണ്ടുവരുവാനാണെന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നതു്. ഈ വിവരം ഞാൻ പറഞ്ഞിട്ടില്ലേ? കപ്പൽ ശരിപ്പെടുത്തുന്നതും അതിനല്ലേ?

ചെറൂട്ടി.__(ആത്മഗതം) നല്ല ധൈര്യം: രാജാക്കന്മാൎക്കതിന്നു ഉറക്കം (പ്രകാശം) പറഞ്ഞിട്ടുണ്ടു്. അതങ്ങനെതന്നെയാണു് ഒരുപായം. എങ്കിലും ഈ പ്രവൃത്തികൂടാതെ കഴിപ്പാൻ തരമില്ലേ? ഇതു വല്ലാത്ത കഷ്ടംതന്നെ.

രാജാ.__ഇതു കൂടാതെ കഴിക്കേണമെങ്കിൽ ചെറൂട്ടി വേറെ വല്ല ഉപായവും പറഞ്ഞുതരേണം. എന്നാൽ അപ്രകാരം ചെയ്യാം.

ചെറൂട്ടി.__ഞാൻ പറയുന്നതു് ഇത്ര പ്രയാസപ്പെട്ടു് ഈ തമ്പാട്ടിയെ എന്തിനാണു കൊണ്ടുവരുന്നതു്? സാമൂതിരിക്കോവിലകത്തു സമ്പ്രദായമേയുള്ളു. മരുമക്കത്തായദായത്തിന്നു വിരോധമായി ഈ കൃത്യം ചെയ്യേണമോ? ഇതു വലിയ അനൎത്ഥമായിത്തീരുമല്ലോ. അതുകൊണ്ടെനിക്കു വളരെ വ്യസനമുണ്ടു്.

രാജാ.__ഇതു ചെയ്യാതിരിക്കുന്നതിലുള്ള അനൎത്ഥത്തെയും

ചെയ്യേണ്ടുള്ള അനുസന്ധാനത്തെയും താരതമ്യപ്പെടുത്തി നോക്കിയതിൽ ഔത്സുക്യം പറഞ്ഞതിനാണു പ്രാബല്യമുള്ളതു്. അതുകൊണ്ടു് ഈ കൃത്യം അത്യാവശ്യമാണെന്നാണു ഞാൻ തീർച്ചപ്പെടുത്തിയതു്. എന്റെ പ്രിയതമ ഞങ്ങൾ തമ്മിൽ പിരിയുമ്പോൾ പറഞ്ഞതിനേയും, ആ ഭാവത്തെയും ഞാൻ എങ്ങിനെ മറക്കും?

ഗാഢാശ്ലേഷം വിടർത്തി പ്രിയയൊടു മുഖവായ്
ഞാൻ ഗമിക്കട്ടെയെന്നായ്
ഉടനേ ചൊന്നൊരു നേരം, മുഖമതുവിളറി,
ദീനമായെന്നെ നോക്കി
ഉത്കണ്ഠാപ്രേമത്തോടെന്നെപ്പിരിയുകിലിനി
ഞാനെന്നു കാണും ഭവാനെ?
അപ്രകാശമെന്നാലുമിത്ഥം പറയുമളവില-
ക്കണ്ണിൽ വെള്ളം നിറച്ചാൾ 12

(വിരഹതാപം നടിച്ചു ദീർഘശ്വാസം വിടുന്നു)

ഇതിനെ സ്മരിക്കുമ്പോൾ ഇപ്പോഴും എനിക്കു മനോവേദന വർദ്ധിക്കുന്നു. ഇതു് എന്റെ ഹൃദയത്തിൽ ഇരിക്കുമ്പോൾ ഞാൻ എന്തിനെയാണു് എന്റെ പ്രിയയെ ഇതുവരെ കൊണ്ടുവരാതെയിരിക്കുക?

ചപ്പുള്ളി—രാജകുമാരികൾക്കു് അനുരൂപന്മാരായ വരന്മാരെ കിട്ടിയാൽ അവർ വിടുന്നതല്ല. കാമദേവന്റെ കൊലക്കളമായാൽ അവരെ തടുക്കാനാമാണു്?

രാജാ—കാമപാരവശ്യം ഭിന്നമെന്നമാണു്. എന്നാൽ

അന്യോന്യാനുരാഗംകൊണ്ടുണ്ടാകുന്ന സ്ത്രീപുരുഷന്മാരുടെ സംയോഗം ഈ ലോകത്തിൽ ഏറ്റവും പരിശുദ്ധമായിട്ടുള്ളതാണ്.

ചെറുശ്ശേരി.- എന്നാൽ കോവിലകങ്ങളിലെ തമ്പുരാട്ടികൾ ഈ പരിശുദ്ധമായ ആനന്ദത്തെ പ്രാപിക്കുന്നില്ല. നമ്മുടെ ഉണ്ണിക്കുട്ടികളുടെ കഷ്ടം പറഞ്ഞാൽ ദുഃഖം സഹിക്കുന്നതല്ല. കഷ്ടം; കഷ്ടം!

കമ്പംകൊട്ടി നടത്തുന്ന പിടയും
 നമ്പൂരിമാരാരാവും
പമ്പന്മാരുടെ പിട്ടിലെഴുന്നള്ളമോ!
 സന്താനങ്ങളെല്ലാം
ജുമ്പില്ലാത്തവരാ ചട്ടകണ്ണിളു; ചില-
 ക്കാർ ചിരിക്കില്ലയോ?
കന്യം ഇന്ത്യകത്തില്ല നമ്മുടെ കുലം-
 വങ്കപ്രഭുക്കളാകരേ! 18

രാമൻ.- (വിസ്മയത്തോടെ) എന്തോ! ചെറുശ്ശേരി! എന്റെ വിവാഹവേളയിൽ എല്ലാവരെയും ഒന്നിച്ചു വിളിക്കാൻ ഒരു സന്ദർഭം കിട്ടി അല്ലേ? ക്ഷത്രിയന്മാരുടെ ആചാരമില്ലായിരുന്നുവെങ്കിൽ ശൂരവീരന്മാരായ രാജാക്കന്മാരുടെയും, നായന്മാരുടെയും വംശങ്ങൾ കൂടി അറ്റുപോകില്ലായിരുന്നുവോ? നമ്പൂരിമാരില്ലെങ്കിൽ പ്രഭുക്കന്മാരുടെ സ്ത്രീകൾ എന്നും വിധവകളല്ലയോ? അവർക്ക് സന്താനം എങ്ങിനെയുണ്ടാകും? പണ്ടത്തെ സൂര്യവംശവും, ചന്ദ്രവംശവും മറ്റും ഇപ്പോൾ എ

വിടെ? ചെറുശ്ശി ചിലപ്പോൾ ധാരാളമായി പറഞ്ഞാൽ വല്ലാതെ തെറ്റുന്നു.

ചെറുശ്ശി— (ആത്മഗതം) രാജാവിന്റെ ഭാവം മാറി ഇപ്പോൾ വിചാരിച്ചല്ല കോപത്തിലായാണ്. (പ്രകാശം) എന്നാൽ തമ്പുരാട്ടിക്ക് അവിടത്തെ പേരിൽ ഇത്ര അധികം അനുരാഗമുണ്ടാവാൻ കാരണമെന്തു?

രാജാ— സ്ത്രീപുരുഷന്മാരുടെ അനുരാഗം ആകസ്മികമായി സംഭവിക്കുന്നതാണ്. അതു ചിലപ്പോൾ സ്ഥാനത്തായി എന്നു വരാം. ചിലപ്പോൾ അതു് അസ്ഥാനത്തുമാകും.

ചെറുശ്ശി— എന്നാൽ ഞങ്ങടെ തമ്പുരാട്ടിയുടെ അനുരാഗം ഇപ്പോൾ അസ്ഥാനത്തല്ലേ?

രാജാ— (സസ്മിതം) അസ്ഥാനത്താണെങ്കിൽ സ്ഥാനത്താക്കേണ്ടതു് എന്റെ ശ്രമം. ഇനി ആ കാര്യം ആലോചിക്കുക.

ചെറുശ്ശി— ഇവിടുന്ന് അങ്ങോട്ട് എഴുന്നെള്ളുന്നുണ്ടോ?

രാജാ— ഞാൻ പോരാതിരുന്നാൽ തമ്പുരാട്ടി കപ്പലിൽ കേറുന്നതല്ല. ചെറുശ്ശിക്കെന്താ വരുവാൻ മടിയുണ്ടോ? എന്താ പേടി! ആരുമില്ലേ കൂട്ടിനു? നാം ഇവിടെനിന്നു ഊണു കഴിച്ചിട്ടാണു പോകുന്നതു്. കപ്പലിൽ ഒരു രാത്രി ഒന്നും കഴിക്കേണ്ടതെന്നില്ല. സുഖമായി ഉറങ്ങാം. രാവിലെ പുഴയിൽ കുളിച്ചു വല്ലതും കഴിച്ചാൽ മതി.

ചെറുപ്പെണ്ണി—എന്ത് എന്ത്? [illegible] ഇല്ല. ഇവിടത്തെ [illegible] [illegible]. ഇതെല്ലാം വേണോ?

രാജാ—ഇതെല്ലാം [illegible] പറഞ്ഞിട്ടുണ്ട്. [illegible] വേണം. [illegible] [illegible] ഉണ്ടായിരിക്കണമല്ലോ?

ചെറുപ്പെണ്ണി—[illegible] കോട്ടയിൽ വേണ്ട തെല്ലാം [illegible] പറഞ്ഞിട്ടു [illegible] പറഞ്ഞു. [illegible] കോട്ടയിലല്ല [illegible] [illegible] [illegible] അറിയിച്ചിട്ടുണ്ടോ?

രാജാ—[illegible] [illegible] വേണ്ട തെല്ലാം [illegible]. [illegible] കാര്യം [illegible] [illegible].

ചെറുപ്പെണ്ണി—[illegible] [illegible] രാജ്യഭാരത്തിൽ നിന്ന് [illegible] കാര്യം [illegible] വലിയ കാര്യം [illegible]. [illegible] [illegible] [illegible] [illegible].

രാജാ—(ആത്മഗതം) ഈ ചെറുപ്പെണ്ണി [illegible] [illegible] [illegible]. ഇത് [illegible] (പ്രകാശം) ചെറുപ്പെണ്ണി [illegible] [illegible] [illegible]. [illegible] പ്രിയ [illegible] കാര്യ [illegible] വലിയ കാര്യം [illegible] [illegible]

പറഞ്ഞതു്. ഞാൻ എന്റെ പ്രിയയിൽ എനിക്കുള്ള പ്രേമാധിക്യത്തെ കാണിക്കുവാനല്ല ചെയ്യുന്നതു്. സാമൂതിരിയുടെ വംശമാഹാത്മ്യത്തെ കാണിക്കുവാനല്ല ചെയ്യുന്നതു്. അതു് ഇതു വിധിവശാലുള്ള [illegible] കഷ്ടം!

ചെറുപ്പിള്ളി.— (ആത്മഗതം) സ്ത്രീകളെടുത്തുടനെ. ഇവർ വിചാരിക്കുന്നില്ല (പ്രകാശം) ഇങ്ങിനെയൊക്കെ വലിയ ശാസ്ത്രങ്ങൾ കാണിപ്പാൻ ഞാൻ പറഞ്ഞതാണു്. എല്ലാവരും വിചാരിക്കുന്നതും പറഞ്ഞതല്ല.

(അനന്തരം മങ്കട കോവിലകത്തു പ്രവേശിക്കുന്നു)

മങ്കട.— അമ്പാടി എവിടെയാണു് എന്താണിവിടെ ന്നതു്? (കോവിലകത്തിൽ വീട്ടിൽ അവരെ തൊഴുന്നു.)

രാജാ.— എവിടെ കേളപ്പൻ? എന്തോ വന്നതു്? എല്ലാം ശരിയായോ?

കേളപ്പൻ.— എല്ലാം— എല്ലാം ശരിയായിരിക്കുന്നു. അദ്ദേഹം [illegible] ഇരിക്കുന്നു, [illegible] അടിയന്തരം [illegible] ട്ടു് [illegible]

രാജാ.— [illegible]

കേളപ്പൻ.— എന്നാൽ (എന്റെ [illegible])

രാജാ.— ചെറുപ്പിള്ളി! [illegible]

[illegible]

[illegible]

[illegible]

കാണുന്ന [illegible]

[illegible] 14

(എല്ലാരും പോയി)

മൂന്നാം അങ്കം കഴിഞ്ഞു.



അഞ്ചാമങ്കം.

[പന്ത്യുര ഭട്ടേരി, മഴമംഗലം നമ്പൂരി, പാറക്കുന്നത്തു നമ്പൂരി, ചെമ്പകശ്ശേരി നമ്പൂരി ഇവർ പ്രവേശിക്കുന്നു]

പന്ത്യുര ഭട്ടേരി..എന്താ! മഴമംഗലം! കോവിലകത്തെ വർത്തമാനം കേട്ടില്ലേ? വാസ്തവംതന്നെ അല്ലേ? വല്ല സംശയം ഉണ്ടോ?

മഴമംഗലം..ഇല്ലേ; ഭട്ടേരിക്ക് ഒരു കാര്യത്തിലും സംശയം തീരാറില്ല; അങ്ങനെ പതിവില്ല ഉവ്വോ?

പാറക്കുന്നു..വല്ല സംശയമുണ്ടെങ്കിൽ മഴമംഗലത്തോടു ചോദിച്ചാൽ അറിയാം. അതാ ഭട്ടേരി ചോദിച്ചത്.

ഭട്ടേരി..(ചിരിച്ചുകൊണ്ട്) അങ്ങനെ പറയൂ;

ചെമ്പകശ്ശേരി..അതെന്താണ്? മഴമംഗലത്തിന് ഒരു നിശ്ചയം എന്തിനാ?

പാറക്കുന്നു..മഴമംഗലം ഒന്നാമതായി നല്ലവണ്ണം ശ്രുതിപ്പെട്ട കൂട്ടത്തിലാണ്. മഴമംഗലത്തിനല്ലേ ബോധ്യമുണ്ടാവും?

മഴമംഗലം..എന്തിനാ ഇങ്ങനെ പറയുന്നത്? ഭട്ടേരിയാണ് അതിനു അവകാശി; ഭട്ടേരിക്കാണ് ബോധിച്ചത്.

ചെമ്പകശ്ശേരി..എന്നാണ് മഴമംഗലം ഭ്രഷ്ടായതും,

അധികം പഠിപ്പ്, മാത്രമല്ല ശുദ്ധമായ യോഗ്യത
കൾ പട്ടേരിക്കുണ്ടായിരിക്കുന്നുണ്ട്. മഴമംഗലത്തിന്നു
കാലക്കേടില്ല.

പട്ടേരി — ഭൂമി അനാവശ്യമായ സംസാരം വേണ്ട. കാ
ര്യം നടന്നതു പറയൂ തെളിഞ്ഞു പറയുക. ഇത്
എന്തിനെ നടന്നു എന്നാണു കേട്ടത്? തമ്പാട്ടിയെ
ആരാണു കൊണ്ടുപോയതു? എവിടെക്കാണു കൊണ്ടു
പോയതു? ആരാണ് അറിയുന്നതു.

പാറക്കൻ — ഒക്കു ഞാൻ പറയാം. തമ്പുരാട്ടിയും, മ
ങ്ങിയും നാലുകമ്പടിക്കാരും കൂടി മൂകാംബി ഭഗവതി
യെ തൊഴാൻ പോയിരുന്നു. മടക്കത്തിൽ പുഴയിൽ
തോണി കേറിയതു മാറിപ്പോയി. തോണിക്കാർ തോ
ണിയും കൊണ്ടു അഴിമുഖത്തിലേക്കു പോയ്ക്കളു
ഞ്ഞു. ഇതാ വൃത്താന്തം.

കൈപ്പങ്ങാട്ടേരി — ഇതു അവാസ്തവം, അല്ലേ? ഞാൻ
കേട്ടതു ഞാൻ പറയാം. കോലത്തിരി ഇയ്യിടെ ഇവി
ടെ വന്നപ്പോൾ തമ്പുരാട്ടിയെ കണ്ടു മോഹിച്ചു
പോൽ. കള്ളനമ്പൂരിയെക്കൊണ്ടു തോണിയെ വ
ശീകരിപ്പിക്കുകയാണ് ഉണ്ടായതു എന്നും, തോണി
പുഴയുടെ നടുവിലായപ്പോൾ താനേ അഴിമുഖത്തി
ലേക്കു തിരിഞ്ഞു എന്നുമാണു ഞാൻ കേട്ടതു.

മഴമംഗലം — കോലത്തിരി തമ്പാട്ടിയെ കൊണ്ടുപോയാ
ലും അപായം നമ്പൂരിക്കാണ്. കള്ളന്റെ തല
ക്കാണു കറാം ഉണ്ടാക്കിപ്പിക്കുന്നതു. തല്ല വേണ
്ടും, പണം മാത്രം അല്ലേ പതിവു?

പാറക്കൻ — പട്ടേരി! കോലത്തിരിയുടെ കൊണ്ടുപോ

യല്ലേ എന്നിട്ട് പല്ലു ഉന്ത് സാമൂതിരിക്കോ, കോലത്തിരിക്കോ ഉണ്ടായത്? അത്ര ഉയർന്ന ജാതി?

പട്ടേരി — അതിനു സംശയമുണ്ടോ? കോലത്തിരിതന്നെ. കോലത്തിരിക്ക പൂണൂലും, ഗായത്രിയും ഉണ്ടല്ലോ. കോലത്തിരി 'അടികളാ'ണ്. സാമൂതിരി ഏറാടികളാണ്.

പാഠകക്കാരൻ — 'അടികളും' 'ഏറാ അടികളും' ആകുമ്പോൾ അടികൾ ഏറിയവർക്കല്ലേ വലിപ്പം? അങ്ങിനെ ഒരു വ്യാഖ്യാനം ഉണ്ടാമോ?

ചെമ്പകശ്ശേരി — 'കോലത്തിരി അടികൾ' എന്നു പഴയ പട്ടയങ്ങളിൽ കണ്ടിട്ടില്ലേ? വേണാട്ടു രാജാവും കോലത്തുനാട്ടു രാജാവും ഒരേ ജാതി. എന്തിന്, ഒരേ വംശമാണ്.

കിഴക്കേടം — രാജാക്കന്മാരെ വിളിക്കുമ്പോൾ 'തിരുവടികൾ' എന്നു വിളിക്കുന്ന പതിവാണ്. വേണാട്ടു രാജാവിനെ 'രാമവർമ്മ തിരുവടികൾ' എന്നു വിളിക്കുന്നില്ലേ?

പട്ടേരി — അതിനെക്കുറിച്ചൊന്നും തർക്കമില്ല. പക്ഷെ സാമൂതിരിയുടെ കോവിലകത്തുനിന്നു കുട്ടികൾ കടന്നാൽ രാജാവിന്റെ വില എത്ര താഴുമെന്നോ?

ചെമ്പകശ്ശേരി — എന്നാൽ പട്ടേരി ചെന്നു സാമൂതിരിയുടെ അടുത്തു ചെന്ന് ഏഷണി കൂട്ടിക്കൊള്ളൂ

കിഴക്കേടം — ഹാ! കഷ്ടം! കഷ്ടം! അതാ കിട്ടിക്കഴി

ടം വരുന്നു. അദ്ദേഹത്തോടു ചോദിച്ചാൽ വിവരം മുഴുവനും അറിയാം. (അനന്തരം കിളിമംഗലത്തു നമ്പൂരി പ്രവേശിക്കുന്നു)

(എല്ലാവരും കിളിമംഗലത്തെ സ്വീകരിച്ചിരുത്തുന്നു)

പാറക്കൽ—എന്താ കിളിമംഗലം ഇതുപോലെയുള്ള വേഷം, ഇതുപോലെയുള്ള വേഷം, നമ്പൂരാട്ടിയെ പുറത്താക്കിയതിൽ പിന്നെ വന്നതാവോ, കേൾക്കട്ടെ

വേലക്കാരി—അതങ്ങിനെയല്ല പതിവ്. കളിപ്പിച്ച് കളിപ്പിച്ച് ഉണ്ണിയെ കാണിച്ചു.

കിളിമംഗലം—വിശേഷം ഒക്കെയും ഉണ്ട്. നമ്പൂരി പാരമ്പര്യം വെടിഞ്ഞു. എല്ലാം പറയേണ്ടതുണ്ട്. ഇതിനെപ്പറ്റി എനിക്ക് [illegible] പറയുന്നത് എന്റെ [illegible]. നമ്പൂരിമാരെ [illegible] ചെയ്യണം.

മഴമംഗലം—കിളിമംഗലം പറയുന്നതല്ലല്ലോ? ഇവിടെ ഉള്ള കാര്യം ഒന്നും അറിഞ്ഞിട്ടില്ല. അതുകൊണ്ട് — അതും — ഇതും — പറഞ്ഞു സമയം കളയണ്ട. കിളിമംഗലം നമ്പൂരാട്ടിയുടെ നടപ്പിന്റെ പേരിൽ ഉണ്ടായ വിവരം പറയൂ.

കിളിമംഗലം—പറയാം. (എല്ലാവരും കേൾക്കുന്നു) പെണ്ണുങ്ങൾ കൂടിയാലിൽ ഭഗവതിയെ തൊഴാൻ നമ്പൂരാട്ടി പോകുമ്പോൾ; ഇവിടെ പോരേണ്ട എന്നു വലിയ നമ്പൂരി എന്നോടു പറഞ്ഞു. ഞാൻ അന്നു രാവിലെ പേരിൽ നമ്പൂരാട്ടിയുടെ കോവിലകത്തു ചെന്നു

പ്പോൾ നാലു നായന്മാർ അകമ്പടിക്കു വാളും പരിചയുമായി നില്ക്കുന്നുണ്ടു്. രണ്ടു ദാസികളുമുണ്ടു്. പുറപ്പെട്ടു നില്ക്കുന്നു.

മഴമംഗലം — വലിയ തമ്പുരാട്ടിയും കൂട്ടക്കാരും ആരും ഇല്ല. അപ്പോൾ പറയൂ: പറയൂ:

കിള്ളിമംഗലം — എന്നാൽ ഉടനെ എല്ലാവരും ഇറങ്ങി. അകമ്പടിക്കാർ മുമ്പിലും, ദാസികൾ പിന്നിലും, ഞാൻ നടുവിലുമായി പോയി. കടവത്തു് എത്തിയപ്പോൾ തമ്പുരാട്ടിയും, കുഞ്ഞിയും ഒരു തോണിയിൽ കേറി. മറ്റുള്ളവർ വേറെ തോണികളിൽ കേറി. കടവു കടന്നു് അമ്പലത്തിലേക്കു പോകയും ചെയ്തു.

ചെമ്പകശ്ശേരി — ആരൊക്കെ പറയൂ:

കിള്ളിമംഗലം — കുളിയും, തൊഴലും കഴിഞ്ഞു. അവിടെത്തന്നെ പ്രാതലിനും വട്ടമുണ്ടായിരുന്നു. അതും കഴിഞ്ഞു. പുറപ്പെട്ടു തിരുവണ്ണൂർ വഴിക്കായി കടവത്തു് എത്തിയപ്പോൾ രണ്ടു നായന്മാർ ഒരു തോണിയുംകൊണ്ടു കാത്തുനില്ക്കുന്നു.

പാറക്കുന്നു് — മുമ്പു തോണികടത്തിയവരല്ലേ; അതെന്തേ?

കിള്ളിമംഗലം — അല്ല. അവർ തമ്പുരാട്ടിയെ കണ്ടപ്പോൾ 'ഇതിൽ എഴുന്നള്ളാം' എന്നു പറഞ്ഞു എന്തോ കയ്യിൽ കൊടുത്തു. തമ്പുരാട്ടിയും കുഞ്ഞിയും ബലപ്പെട്ടു് ആ തോണിയിൽ കേറുന്നതും കണ്ടു.

പട്ടേരി — അപ്പോൾ അകമ്പടിക്കാരും, ദാസികളും, പരിക്കാരന്മാരും എവിടെയായിരുന്നു?

കിളിമംഗലം — അവരാരെങ്കിലും തമ്പുരാട്ടി ചെയ്യുന്നതിൽ വിരോധം പറയുമോ? ഞാനും ഉടനെ തോണിയിൽ കേറിത്തുടങ്ങി. അപ്പോഴേയ്ക്കും തമ്പുരാട്ടിയുടെ തോണി പുഴയുടെ നടുവിൽ എത്തി. പടിഞ്ഞാട്ടേയ്ക്കു തിരിഞ്ഞുകഴിഞ്ഞു.

ചെമ്പലശ്ശേരി — അപ്പോൾ ഈ അകമ്പടിനായന്മാർ എല്ലാവരും, കിളിമംഗലത്തെ തോണിയെ പിടിച്ചുനിർത്തുവാൻ ശ്രമം ചെയ്തില്ലേ?

കിളിമംഗലം — ഞാൻ കല്പിച്ചു വിളിച്ചുകൊണ്ടിരുന്നു. അവർ നായന്മാരാണോ? കാവൽക്കാർ; അവർ കൂക്കവും വിളിച്ചുകൊണ്ടു ഇരുന്നു. തമ്പുരാട്ടിയുടെ തോണി അപ്പോഴേയ്ക്കും മറഞ്ഞുപോയി. പിന്നെ പുഴയിൽ കൂരാക്കൂരിരുട്ടല്ലേ. ഞാനും തോണിക്കാരും മടങ്ങിപ്പോന്നു. ഇത്രമാത്രം മടങ്ങി അവിടുന്നു പോന്നു.

പാട്ടി — തമ്പുരാട്ടിയുടെ അകമ്പടിക്കാരെക്കൂട്ടിക്കൊണ്ടു പോയിട്ടുള്ളതു് എന്തു പ്രയോജനത്തിനാണു്. അടുത്ത ഇരുട്ടും, വെളിച്ചപ്പാടും മറ്റും കണ്ടപ്പോൾ ഭയം ഉണ്ടായിരിക്കണം. ഇതിന്റെ ഉള്ളിലെന്താണു്?

കിളിമംഗലം — സംശയമായിരിക്കണം, കോലത്തിരി വന്നതാണെന്നു വരാം. കോലത്തിരി ഇവിടെ വന്നപ്പോൾ; നമ്മുടെ മനസ്സിൽ ചെറുതല്ലേ ഇല്ലേ? അദ്ദേഹം കോലത്തിരിയേയും, തമ്പുരാട്ടിയേയും കൂട്ടിച്ചേർത്തുവച്ചിട്ടുണ്ടെന്നു് ഒരു സംശയം തോന്നുന്നു?

മഴമംഗലം — ഇതെല്ലാം എങ്ങിനെ അറിഞ്ഞു കിളിമംഗലം? പറയൂ, പറയൂ.

കിളിമംഗലം — ഞാനും, വലിയ തമ്പുരാട്ടിയുംകൂടി തമ്പുരാട്ടിയുടെ ദാസിയായ കുഞ്ഞിയെ വിസ്തരിച്ചു. കുഞ്ഞിയുടെ തെളിവുതന്നെയാണ സാമൂരിക്കും കിട്ടീട്ടുള്ളതു്. കോലത്തിരിയാണെന്നുള്ള ഊഹം അങ്ങിനെയാണ് ധൈര്യം ഉണ്ടായതു്

പട്ടേരി — വലിയതമ്പുരാട്ടി ഇപ്പോഴും എന്തുപറയുന്നു? വ്യസനമുണ്ടോ? ദാസീവിചാരം കഴിഞ്ഞില്ലേ?

കിളിമംഗലം — വലിയ തമ്പുരാട്ടിക്കു നല്ല ധൈര്യം. 'വന്നവന്റെ കൂടെ ഓടിയവൾ ഈ തൊടിയിലിപ്പു സ്വരൂപത്തിൽ ഇരിക്കേണ്ടവളല്ല. പുകഞ്ഞ കൊള്ളി പുറത്തു പോട്ടെ' എന്നാണ പറയുന്നതു്.

പാറക്കന് — അതിൽ രണ്ടു ഉണ്ടു; മകൾ നല്ല പ്രാപ്തനായ ഭർത്താവിന്റെ കൂടെപ്പോയാൽ അമ്മക്കു നല്ല ധൈര്യമുണ്ടായിരിക്കും.

കിളിമംഗലം — അയ്യോ!! അതൊന്നുമല്ല. വലിയതമ്പുരാട്ടിക്കു വളരെ ദേഷ്യമുണ്ടു്. 'ആ കടാവിനെ ഇനി ഇതിന്റെ അകത്തു കടത്തരുതു്' എന്നാണ പറയുന്നതു്.

പട്ടേരി — ഇനി, ഇപ്പോൾ എന്താ ഭാവം?

കിളിമംഗലം — ഇനി എന്താ ഭാവം എന്ന നിശ്ചയമില്ല. കാര്യക്കാരു്, കൂടെപ്പോയവരേയും, പിന്തുടർന്നു പോയവരേയും വിചാരണ ചെയ്യുന്നു. സാമൂരി വള

നെ ക്രുദ്ധനായിരിക്കുന്നു. ആരും സമീപത്തു പോകുന്നില്ല.

പട്ടേരി — ഏതായാലും കോവിലകത്തെ തമ്പുരാട്ടിമാരെത്തന്നെ കളവുചെയ്തു കൊണ്ടുപോവാൻതുടങ്ങി.

മഴമംഗലം — ഇതു കളവാണോ? തമ്പുരാട്ടി സ്വന്തമേവ പോയതല്ലേ?

കിളിമംഗലം — നാം ഇവിടെ അധികം താമസിക്കേണ്ട. മന്ത്രിമാരും മററും ഇപ്പോൾ ഇവിടെ വരും. നാം പിരിയുക; അതാണു നല്ലതു്.

(എല്ലാവരും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം സാമൂതിരിപ്പാടും മങ്ങാട്ടു നമ്പൂതിരിയും പ്രവേശിക്കുന്നു.)

സാമൂതിരിപ്പാടു് — എന്തോ! മങ്ങാട്ടു്! ഇത്ര വലിയ അപമാനം നെടിയിരിപ്പുസ്വരൂപത്തിനു് എന്റെ കാലത്തു വന്നുചേർന്നുവല്ലോ. ഞാൻ ഇനി ഇരുന്നിട്ടു പ്രയോജനമില്ല.

മങ്ങാട്ടു് — കോലത്തിരിയുടെ ഭഗിനിയാണു പോയതെങ്കിൽ നമ്മുടെ സ്വരൂപത്തിലേയ്ക്കു യാതൊരു അപമാനവും ഇല്ല. അതിനെപ്പററി യാതൊരു സുഖക്കേടും അവിടേയ്ക്കു വേണ്ട.

സാമൂതിരിപ്പാടു് — ശരിയായാലും അപമാനംതന്നെ. ഈ

കാര്യത്തിൽ ഞാൻ എന്താണ ചെയ്യേണ്ടതു്? സ്ത്രീബുദ്ധിയുടെ ഒരു കൌശലം നോക്ക.

കഷ്ടിച്ചൊരു വയസ്സിനോടധികമായ്
വളൎത്തു ഞാനിവളെ!
ശിഷ്ടവാരമെഴുത്തുവായനയും തുട-
ൎന്നിട്ടു പഠിപ്പിച്ചു ഞാൻ;
കഷ്ടമൊട്ടു വളൎത്തി യെന്നുടെ ഫലമോ,
ഇഷ്ടമില്ലാത്ത [illegible] -
നിഷ്ഠമേ [illegible] ച്ചു പോയവളെ
യെന്തിനു ചെയ്യേണ്ടു ഞാൻ!

നാരദൻ — ഇതിനെന്താണിത്ര വ്യസനിക്കുന്നതു വല്ലോ; [illegible] വളൎത്തി കട്ടിൽ [illegible] [illegible] [illegible] ന്നതു്?

സത്രാജിത് — [illegible] ഇത്ര [illegible] ചെയ്യുന്ന [illegible] സൂൎയ്യന്റെ വംശത്തിൽ [illegible] വംശമല്ലേ ഇതു്. ഇവിടെനിന്നു [illegible] ഇറങ്ങി കപ്പൽകയറി [illegible] [illegible]? സ്ത്രീകളെ കപ്പലിൽ കേററാമോ? [illegible]) [illegible] ഞാൻ ഇതിന്റെ [illegible] അറിയട്ടെ: ഞാൻ ഇത [illegible]?

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible] 2

ഈ ധിക്കാരം പ്രവർത്തിച്ചതിന്ന പ്രതികാരം ഇ[illegible] ഞാൻ [illegible].

നായകൻ:— 'താരുണി കണ്ടുവോ?' 'കോമളാംഗി കണ്ടുവോ?' എന്ന ചോദ്യം [illegible] [illegible] അപ്പോഴും ഈ കടങ്കഥ [illegible] [illegible] [illegible].

[illegible]:— [illegible] പറയ[illegible] സ്ത്രീകളെ കട്ടുകൊണ്ടുപോക എന്ന [illegible] [illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] 3

നായകൻ:— ശ്രീകൃഷ്ണൻ, അർജ്ജുനൻ മുതലായവർ സ്ത്രീകളെ [illegible] [illegible]

തെല്ലാം വിചാരിച്ചു സമാധാനമായിട്ടായിരിക്കും ഇത്ര പ്രവൃത്തി ചെയ്തിരിക്കുക. പിന്നെ രാക്ഷസവിവാഹം രാജാക്കന്മാർ വിധിച്ചതാണെല്ലോ?

സാമൂതിരി — മാനക്കോടിന്നു് ഈ പ്രവൃത്തിയിൽ അധികം തെറ്റു തോന്നീട്ടില്ലെന്നു തോന്നുന്നു. കൃഷ്ണനോടും, അർജ്ജുനനോടും ഉപമിക്കുവാൻ ഒരു യോഗ്യനെ കണ്ടതു ചിത്രമായി!

മാനക്കോട് — ചെയ്തതു നന്നായി എന്നല്ലാ പറയുന്നതു്. മറെറാരു ആൾക്കു ചെയ്വാൻ ഒരു സമാധാനം ഇതായിരിക്കും എന്നാണ പറയുന്നതു്.

സാമൂതിരി — ശ്രീകൃഷ്ണൻ മുതലായവരോട് ആരും ചോദിക്കാതേയും, പ്രതികാരം ചെയ്യാതേയും ഇരുന്നിട്ടില്ല. അവരുടെ പരാക്രമംപോലെയുള്ള പരാക്രമത്തോടുകൂടി എന്നോടെതിർത്തു യുദ്ധംചെയ്തു ജയിക്കയും ചെയ്യട്ടെ. ആരും പോരെ? (ഉച്ചത്തിൽ) ആരാ അവിടെ?

(നടയിൽ തവണക്കാരൻ പ്രവേശിക്കുന്നു.)

നടയിൽതവണക്കാരൻ — ഏറാൻ! അടിയൻ.

സാമൂതിരി — അകമ്പടിക്കാരിൽ ഒരുവനെ അയച്ചു മാടരേയും, തമ്പുരാനേയും ഇങ്ങോട്ടു വരുത്തണം. വേഗം വേണം.

ന. ത. — ഏറാൻ — അടിയൻ കല്പനപോലെ.

സാമൂതിരി — പിന്നെ! മാനക്കോട്! കോലത്തിരിയാണെന്നു തീർച്ചയായാൽ ഇക്കുറി ഞാൻ കോലത്തിരിയുടെ ഗർവം ശമിപ്പിച്ചേ ഇരിക്കു. എന്തായാലും നാടുകാർക്കും,

നഗരക്കാരും അറിവുകൊടുക്കട്ടെ. എത്രകാലം ഈ ധിക്കാരം കണ്ടുകൊണ്ടിരിക്കും?

മനക്കോട്ട്—കോലത്തിരിയാണെങ്കിൽ സ്വയം പ്രേരണ നടത്തുകയല്ലേ വേണ്ടതു്? അദ്ദേഹം മരുമക്കളുടെ മൂത്താവായില്ലേ? വാർദ്ധക്യം വന്നില്ലേ? ഇനി എന്തിനാണു പരിഭവിക്കുന്നതു്? മരുമക്കൾക്കും വ്യസനമാവില്ലേ?

സാമൂതിരി—ശാപത്തിൽനിന്നു മിണ്ടയാണോ മരുമക്കൾ? മരുമകൾ അത്ര നന്നെങ്കിൽ ഞാൻ അറിയാതെ പൊടിപ്പോകുമോ?

മനക്കോട്ട്—എല്ലാം നല്ലവണ്ണം ആലോചിച്ചിട്ടു മതി, പ്രവൃത്തിപ്പെടേണ്ടു.

നടയിൽ തവണക്കാരൻ (പ്രവേശിച്ചു്) മങ്ങാട്ടച്ചനും, പണിക്കരും എത്തി. കല്പനയായാൽ—

സാമൂതിരി—വേഗത്തിൽ ഇങ്ങോട്ടു വരാൻ പറ. (അനന്തരം മങ്ങാട്ടച്ചനും, തലച്ചെന്നോർ പണിക്കരും പ്രവേശിക്കുന്നു.)

മങ്ങാട്ടച്ചൻ—(രാജാവിനെ നോക്കീട്ടു്) പണിക്കരെ! തമ്പുരാനെ നോക്കു:

ഗാത്രം മങ്ങിനിറം കലർന്നു വദനം
  നന്ദപ്പെടുന്നഞ്ജലി.
ശ്രുത്യന്തം കലുഷങ്ങൾ, കണ്ണുകൾ ചലി-
  ച്ചീടുന്നു മെല്ലം സദയം

പ്രത്യംഗം വിറയുന്നു, ചുണ്ടുകൾ വിറ-
ച്ചീടുന്നു ഹാ! തമ്പുരാൻ
ഭൃത്യാ കോപമൊടാണിരിപ്പതിവിടെ
സ്സംഹാരരുദ്രോപമൻ. 4

ഇങ്ങിനെ ഇരിക്കുമ്പോൾ എങ്ങിനെയാണ് ഈ വർത്തമാനങ്ങൾ പറയേണ്ടതു്?

പണിക്കർ__അത്രമാത്രമല്ല

വല്ലാത്ത തെല്ലും സഹിക്കാത്തിടത്തിട-
ഞ്ഞുള്ളം കടിച്ചങ്ങു കരം തിരുമ്മിയും
വല്ലാതെ കോപത്തൊടു മേവുമീനൃപൻ
കൊല്ലാതടങ്ങില്ലിഹ കോലഭൂപനെ. 5

(രണ്ടാളും സാമൂതിരിപ്പാട്ടിലെ കണ്ടതായി നടിച്ചു് താണുതൊഴുന്നു.)

സാമൂതിരി__(നോക്കീട്ടു്__കോപത്തോടെ) കിടാവിനെ കൊണ്ടുപോയതു കോലത്തിരിതന്നെ അല്ലേ?

മങ്ങാട്ടച്ചൻ__ഏറാൻ, കോലത്തിരിതമ്പുരാൻതന്നെയാണു തമ്പുരാട്ടിയെ കൊണ്ടുപോയതു്. കോട്ടയ്ക്കൽ കുഞ്ഞാലിയുടെ സഹായത്തോടുകൂടീട്ടാണു കൊണ്ടുപോയതു്.

സാമൂതിരി__കോലത്തിരി കപ്പലിൽ ഉണ്ടായിരുന്നുവോ?

മങ്ങാട്ടച്ചൻ__ഉവ്വ്: അവിടുന്നു തന്നെയാണു തമ്പുരാട്ടിയെ തോണിയിൽനിന്നു കപ്പലിലേക്കു കേറ്റിയതു്.

സാമൂതിരി__ഓനെയും, ഓളെയും ഞാൻ കുഞ്ഞാലിയുടെ [illegible]ക്കളാക്കിവിടാം. എന്താ 'മനക്കേടു്!' മിണ്ടാ

തിരിക്കുന്നതു? മാപ്പിളമാരുടെ കൂട്ടത്തിൽ കപ്പലിൽ സഞ്ചരിച്ചാൽ ജാതിയിൽനിന്നു ഭ്രഷ്ടനായില്ലേ?

മനക്കോട്ട് — അങ്ങിനെ ചെയ്താൽ പതിത്വമുണ്ട്. പ്രായശ്ചിത്തം ചെയ്താൽ മതി.

മങ്ങാട്ടച്ചൻ — കപ്പലിൽ തമ്പുരാനും, ചെറുപ്പുള്ളി നമ്പൂരിയും പത്തുനാല്പതു നായന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു. മാപ്പിളമാർ വേറെ കപ്പലിൽ ആയിരുന്നു.

സാമൂതിരി — ആരാ പറഞ്ഞതു്?

മങ്ങാട്ടച്ചൻ — അന്വേഷണത്തിൽ കിട്ടിയ വിവരങ്ങളാണിതൊക്കെയും.

മനക്കോട്ട് — ഇത്ര ധൃതിയല്ല ഉപേക്ഷിപ്പാൻ തരമുള്ളൂ? കോലത്തിരിക്കും നമ്മെപ്പോലെ ജാതിയെയും, വംശത്തെയും അഭിമാനമുണ്ടാവില്ലേ?

സാമൂതിരി — കോലത്തിരി കാമാന്ധനാണ്; കാമാന്ധന്മാർക്കു മേലും കീഴും ഇല്ല.

ധർമ്മോത്തുപണിക്കർ — അവിടുന്നു കല്പിച്ചതു ശരിയാണ്.

സാമൂതിരി — അമ്പ! താൻ പോയി നായന്മാരെ എല്ലാം വിളിച്ചുകൂട്ടണം. ഉടനടി നാടുകളിലേക്കെല്ലാം ഇപ്പോൾ തന്നെ തിട്ടെഴുതണം. പടകളെല്ലാം ഒരുങ്ങട്ടെ. കോലത്തിരിയുടെ ധിക്കാരം നിർത്തണം. തീർച്ചതന്നെ.

മനക്കോട്ട് — വരട്ടെ! ഒന്നു ചോദിക്കട്ടെ! കൂറിയാട്ടുകടവു

വിട്ടു കപ്പാമ്മി കടവിൽക്കൂടി വരുമ്പോൾ കാണണ്ടെ ന്നാണെ?

കൊച്ചുപ്പൻ— ഓമനയിൽനിന്ന ചിലവെല്ലാം കഴിച്ചായി ഒരു വഴിയായി കപ്പാമി കടവിലേക്കു വന്നു. ഒരു വഴിക്കാണു വരുന്നതു് എന്നു ആരാണിക്കൊണ്ടു പോരണ്ടിരുന്നതായിരുന്നു.

കൊച്ചുപ്പൻ— എന്നാൽ ഞാനൊന്നു പാർവ്വതിപ്പിള്ളയെ തിരിച്ചു കണ്ടിട്ടുള്ള പൂക്കണ്ടിയെന്നു ഏതു തിട്ടപ്പെടുത്തു. ഈ കാര്യത്തിൽ ഞാൻ വളരെ കാലത്തിനു ശേഷമാണു ഒരു പൂർത്തിയാണു്. (അവർ തമ്മിൽ വാക്കുകൾ കൊണ്ടു തർക്കിക്കുന്നു)

പാർവ്വതി— ഏതു കാര്യമാണു?

നാരായണൻ— എന്താണു് പറഞ്ഞതു് ഞങ്ങളുടെ മാപ്പിള്ളയെ തിരിച്ചുകണ്ടതെന്നു് എല്ലാവരും വിചാരിക്കുന്നു

പാർവ്വതി— അതെന്താ! എന്തിനു അങ്ങേപ്പുറത്തുവരി ഇപ്പോൾ വരാതിരിക്കുന്നു? എനിക്കു യാതൊരു കാരണം വിചാരിക്കുന്നില്ല.

കൊച്ചുപ്പൻ— അതു ചിലതു് ഒട്ടും ഓർമ്മിക്കുന്നു. എന്നാൽ ഞങ്ങൾ എന്നു് അറിഞ്ഞിട്ടു വേണ്ടതു ഇപ്പോൾ അവൻ കുഞ്ഞാമന്റെ എന്തോ വിരോധത്താൽ ഇതു ചെയ്തു കൂട്ടിക്കൊണ്ടതാ.

നാരായണൻ— എന്താണു! അവിടുന്നു് കൂട്ടിക്കൊണ്ടു (പോകുന്നു)

പാർവ്വതി— ഈ സമയത്തിനു് എങ്ങനെയാണു് കൂടുതലാ

കരകേറുന്നതല്ല. എല്ലാ കാൎയ്യങ്ങളിലും ദൈവൻ തുണയിൽ കാടിവീഴും. ഇവിടെ വന്നാൽ സാധാരണ കലശപ്രശ്നമില്ലാതെ ഒന്നാമതു പറവാൻ ഞാൻ സമയം കൊടുക്കുന്നതല്ല. തീൎച്ചയാണ്.

മനക്കാട്ട് — വരട്ടെ! നമുക്കു വേണ്ടപോലെ പറഞ്ഞു കളയാം. (അനന്തരം അപ്പൻ നമ്പൂരിയോടുകൂടെ നടയിൽ തവണക്കാരൻ പ്രവേശിക്കുന്നു.)

തവണക്കാരൻ — (നമ്പൂരിയോട്) ഇവിടെയാണ് എഴുന്നള്ളിയിരിക്കുന്നതു്.

അപ്പൻ — സാമൂതിരി കാൎയ്യക്കാരനോടും മനക്കാട്ടിനോടുംകൂടി എന്തോ കാൎയ്യമായി ആലോചിക്കുന്നുണ്ടെന്നു തോന്നുന്നു. ആലോചനയെല്ലാം മറിക്കാണുന്നു. നമ്മുടെ കാൎയ്യം എപ്പോഴും പറയും കോലത്തിരിയുടെ ഗുണം ഇതുവരെ തിരിച്ചില്ല. പിന്നെ ഞാനായിട്ട് അധികം പറയേണ്ടതില്ല.

എന്നു മാത്രമല്ല.

കോലാധിനാഥനവൻ താനല്ല ഞാനെന്ന
ഭാവമില്ലാതെ നിന്നിഷ്ടമാം വഴിക്ക്
കാലോചിതമറിഞ്ഞാചരിക്കുന്നവനും
മാലോകർക്ക് ഉപകാരം ചെയ്യുന്നവൻ ൬

(അടുത്തുചെന്നു) ഇവിടെക്കു സൌഖ്യം തന്നെയല്ലേ? അവിടേക്ക് ആയുരാരോഗ്യം വൎദ്ധിക്കട്ടെ.

സാമൂതിരി — നമ്പൂരി ഇവിടെ ഇന്നലെ വന്നുവോ? വഴിയിലൊക്കെ സുഖമായിരുന്നില്ലേ? എന്താ വിശേഷം?

മനക്കോട് — (നമ്പൂരിയോട്) സൌഖ്യം തന്നെയല്ലേ? കണ്ടിട്ടിശ്ശി നാളായി. വഴിയാത്രകൊണ്ടായിരിക്കാം ഇത്ര പരവശം. കുളിയും ഊണും ഒന്നും കഴിഞ്ഞിട്ടില്ലെന്നുണ്ടോ?

ഞറേപ്പൻ... (സാമൂതിരിയോട്) സുഖക്കേടൊന്നും കൂടാതെ എത്തി. (മനക്കോടിനെ നോക്കി). നല്ലകാര്യം

മനക്കോട് — ഹേ! എന്ത ഭാഗ്യം. ഞാൻ കാലത്തു വടക്കൽ എത്തി. കുളിയും ഊണും, അവിടെ കഴിച്ചു. ഇപ്പോൾ അവിടിന്നാണു വരുന്നതു്.

സാമൂതിരി — എന്നാൽ ഒരു കാര്യം പറയാം. നമ്പൂതിരി വളരെ ക്ഷീണിച്ചിരിക്കുന്നു. അല്പം വിശ്രമിക്കുകയാണെ നല്ലതു്. മണ്ണാട്ടൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി വേണ്ട ഏർപ്പാടുകൾ ചെയ്യൂ. അപ്പോഴേക്കും ഞാൻ ഇവിടെ അല്പം കാര്യമുള്ളതു തീർക്കാം.

മനക്കോട് — അതാണു നല്ലതു്. അവിടുന്നു് അല്പം ക്ഷീണം തീരട്ടെ. വന്നകാര്യം നമുക്കു സാവകാശംപോലെ പറയാം.

(മണ്ണാട്ടപ്പനോട് സ്വകാര്യം-ചെവിയിൽ) ഇദ്ദേഹം വന്ന കാര്യം മെല്ലെ ചോദിച്ചു മനസ്സിലാക്കണം.

(ഞറേപ്പൻ നമ്പൂരിയും, മണ്ണാട്ടപ്പനും. പണിക്കനും പോയി).

സാമൂതിരിപ്പാട് — ഇദ്ദേഹം വന്ന കാര്യമെന്താണെന്നു മനക്കോട് ഊഹിക്കുന്നുണ്ടോ? എന്താ അദ്ദേഹത്തിന്റെ ഉദ്ദേശം കേൾക്കട്ടെ.

മനക്കോട് — ഇദ്ദേഹം വന്നകാര്യം സംശയിക്കാനില്ല.

കോലത്തിരിയുടെ ശത്രുവായിട്ടാണ്. ഈ അവിവേകങ്ങളെല്ലാം ചെയ്തുവെങ്കിലും കാര്യം സമാധാനിക്കണമെന്നായിരിക്കുന്നു. കാര്യങ്ങളെ ഒക്കെ ബുദ്ധിമാനം വരത്തക്കവണ്ണം തീർക്കുന്നതിന്നു വല്ല വിരോധവുമുണ്ടോ?

സാമൂതിരിപ്പാട് — അതെല്ലാം ഞാൻ ആലോചിക്കാം. കോലത്തിരിയെ ഞാൻ വെറുതെ വിടുന്നതല്ല.

(അണിയറയിൽ) ഏഴുവാതുക്കൽ ചെറിയ തമ്പുരാക്കളുടെ എഴുന്നള്ളത്തെന്നു തമ്പുരാൻ തിരുമനസ്സുണർത്തിപ്പാൻ കാര്യക്കാർ കല്പിച്ചിരിക്കുന്നു.

മനക്കോട്ട് — എന്താ തമ്പുരാക്കളുടെ എഴുന്നള്ളത്തെന്നോ പറയുന്നത്?

സാമൂതിരിപ്പാട് — തമ്പുരാക്കൾ വരുന്നുണ്ടെങ്കിൽ എതിരേൽക്കുവാൻ അങ്ങോട്ടുതന്നെ പോകണം.

നാം പോക.

എന്നു രണ്ടാളും പോയി.

അഞ്ചാമങ്കം കഴിഞ്ഞു.

ആറാമങ്കം.

(കുഞ്ഞാലി ഒരു മാപ്പിളയോടും, ഒരു നായരോടും കൂടെ രംഗം പ്രവേശിക്കുന്നു).

നായര് — എടോ! കുഞ്ഞാലി എവിടത്തേക്കാ പടവെട്ടാൻ പോകുന്നത്? താൻ വല്ലതും അറിഞ്ഞുവോ?

കുഞ്ഞാലി — ഞമ്മക്ക് ഒന്നും അറിയൂല. കേളു നായരെ! ഞമ്മിന്റെ കോയക്ക പണിക്കരപ്പന്റെ എഴുത്ത്

ഉത്തമന്മാരെ ഞാൻ കേട്ടു. പുരുഷോത്തമന്മാരെ ഞാൻ അറിയുന്നില്ല.

കേളുനായർ — വടക്കോട്ടുകാരനെന്നാണു കേട്ടതു്. തമ്പുരാട്ടിയെ കൊണ്ടുപോയതിനു പകരം വീട്ടാനാണത്രെ. മാപ്പിളമാർക്ക് നല്ല കാലം.

മാപ്പിള — തിയ്യരുടെ കൂടെക്കൂടി കൊള്ളക്കാരല്ലേ? ഞങ്ങൾ ഞങ്ങടെ ആളുകൾ മാത്രം.

കേളുനായർ — മാപ്പിളമാർക്ക് കൊള്ള ചെയ്യാം. നായന്മാർക്ക് അതു ചെയ്തുകൂടാ. അവർക്ക് യുദ്ധം ചെയ്യാനല്ലാതെ കൊള്ള ചെയ്യാൻ പാടില്ലല്ലൊ? യുദ്ധമല്ലെ പാടുള്ളൂ?

കണാരി — നിങ്ങളെ കള്ളക്കടപ്പുറത്ത് ഘടികാരമില്ലേ? അതു ഞാൻ കണ്ടില്ല. താമരശ്ശേരിപ്പാട്ടിനു മാപ്പിളപ്പട്ട ഉണ്ടായിരുന്നോ? എന്താണെന്നറിഞ്ഞുകൂടാ. മാപ്പിളയില്ലെങ്കിൽ താമരശ്ശേരിപ്പാട്ടുണ്ടോ?

കേളുനായർ — അയ്യട്ടെ! അതിരിക്കട്ടെ! കണാരിച്ചിരിയിന്നെന്തു കയ്യിൽ? എന്തു പാപമാണ്?

കണാരി — ഇല്ലത്തെ നായരിലൊരാൾക്ക് എന്റെ ചെറുക്കനോട് ദേഷ്യമുണ്ടോ? (മറ്റൊരു മാപ്പിളയെ ചൂണ്ടിക്കാട്ടുന്നു) എന്നാലും ഇവൻ ശ്രദ്ധിക്കുന്നു)

കേളുനായർ — അതിന്റെ കാരണം മുമ്പേ പറഞ്ഞില്ലേ? നായർക്ക് പൊരുതാൻ തന്നാൽ മാത്രമേ ഉള്ളൂ. കൊള്ള ചെയ്യാൻ അവകാശപ്പെട്ടു. മാപ്പിളക്ക് കൊള്ളയും കവർച്ചയും ചെയ്യാം. യുദ്ധകാലത്തു ധാരാളം ചെ

ള്ളാൻ സമ്മതമുണ്ടു്. അതുകൊണ്ടു കാപ്പിക്കു് ... എത്ര പ്രേമം പണമുണ്ടല്ലൊ?

കണ്ടാലി__തമ്പിരാൻ നിത്യം എത്രയോ ചാർത്തി തന്നാലും നായന്മാർ കള്ളു കുടിച്ചു കളയുമില്ലേ? കള്ളു കുടിക്കുന്നവർ നന്നാകുമൊ?

കേളുനായര്__ഉടമ്പോർക്കു ഉപകാരവും ലൂകാരവും വേണൊ? അതിനു സംശയം. കള്ളു കുടിക്കാത്ത നായന്മാരും കണ്ടാൽ കാപ്പിക്കു ... ആയിരത്തിൽ ... സംശയമായില്ലേ? ചിലർക്കു എല്ലാം ... ഓർമ്മയുണ്ടു്. (കണ്ണാടി ...). കണ്ടാലി ഒരു പാട്ടുപാടി കേൾക്കട്ടെ നല്ല പാട്ടായിരിക്കണം.

കണ്ടാലി__ഞാനെങ്ങനെയാണ് പാടുകാൻ പാട്ടുപാടിന്. പിന്നെ ഞാൻ ഒരു പാട്ടു പാടാം.

കേളുനായര്__കാപ്പിക്കുടെ സാമാന്യം ... ഒരു പാട്ടു പാടണം ... അല്ല എന്നുണ്ടൊ?

കണ്ടാലി__ഒള്ളൊ ... പാടിക്കേണ്ട. ഞാൻ ... പാടിയാൽ ... പാടാം.

കേളുനായര്__ഓ! എന്നാൽ പാടാം. (പാടുന്നു)

(അഞ്ചപ്പൻ പാട്ടു്.)

...
...
...
...

അനന്തകാനനമുള്ളൊരുമലയിൽ
താപസന്മാരെപ്പേടിപ്പിക്കുമൊരു
നാമിവിടെയിരുന്നാലെന്താ
നാണിക്കേണ്ടാനമുക്കവരന്നു
മകരമാസത്തിൽമുമ്പവരന്നു
മകരവേലമഹോത്സവത്തിനു.

കുഞ്ഞാലി—മതി: മതി: കേളുനായരെ! ഇതെന്തൊരു പാട്ടാണിതു്?

കേളുനായർ—ഇതു് അയ്യപ്പൻ പാട്ടാണെടോ.

കുഞ്ഞാലി—ഈ ചക്കരച്ചോറു തിന്നുന്ന തൊപ്പിക്കാരെ വായാടികളെ നമ്മ ഇറക്കി? ഞമ്മളെൻറെ പാട്ട കേക്കി.

(പാടുന്നു)

അള്ളാവുംപടച്ചല്ലോനബിയെപ്പടച്ചു്
പടച്ചുള്ളമനിശ്ശ്യരിൽവിശേഷമത്രെ
അള്ളാവുംനബിയാവും മുകത്തിൻെറ
മുകത്തുള്ളനബിയാവിലള്ളാവിൻെറ

കേളുനായർ—എടാ മൊട്ടെ! നിൻെറ അള്ളാവും നബിയാവും ഒന്നും എനിക്കും കേൾക്കേണ്ട. വേറെ വല്ലതും പാട്.

കുഞ്ഞാലി—നായർക്ക് എളുകിപ്പോയി വെളിച്ചപ്പാട്. എന്നാൽ വേറെ ഒരു പാട്ട കേട്ടോളി.

(പാടുന്നു) (മാപ്പിളപ്പാട്ടിൻെറ രീതി)

(പാട്ട്)

കോയിക്കോട്ടപ്പുറംകടത്തിൽ
ദേശരകരത്തുരാക്കാട്ടയുണ്ട്

കോട്ടയിന്നകത്തുമെന്റെ കോലകമുണ്ട്
കോലകത്തിലപ്പുള്ളതാമ്മരിരാമാവല്ലോ.
കാവലായിനില്ലാനൊരുപടിനായന്മാരുണ്ട്
കള്ളൻകടന്നാലുമിക്കോവിലകത്തിനകത്തല്ലോ
കള്ളൻകട്ടുപൊന്നുമല്ലപണമല്ലപെണ്ണിനെ-
യാണ്.

കേളുനായര് — (ചിരിച്ച്) കണ്ണാലി അങ്ങിനല്ലെടാ. ഞാൻ പാടാം.

(പാടുന്നു) (വടക്കൻപാട്ടിന്റെരീതി)

പാട്ട്.

കടവുകാക്കുമൊപ്പിള്ളമാരെ
കളവുകണ്ടുപിടിച്ചില്ലേ!
കടവുകടക്കുന്നതമ്പുരാട്ടിയെ
കളവുചെയ്തുകണ്ടില്ലയോ
കാത്തുനില്ക്കുമൊപ്പിള്ളമാരും
കള്ളൻമാരോടൊത്തുവല്ലോ.

കണ്ണാലി — ഇതിലും നായരെ തോല്പിക്കുന്നു. ഇനി എന്താ വിദ്യാ?

കേളുനായര — കണ്ണാലി! കണ്ണാലി! ആരാണെടാ വരുന്നത്? നോക്ക. നോക്ക.

കണ്ണാലി — നോക്കീട്ടു കാക്കരനായരാണ്.

(അനന്തരം കാക്കരനായര പ്രവേശിക്കുന്നു.)

കാക്കരനായര — തമ്മേൽ മൂത്തപണിക്കരുണ്ണൻ എവിടെയാണെന്നറിയുന്നില്ല. ഇതാരാ രണ്ടുപേര ഒളിച്ചു

ന്നത്. ഇവരോട ചോദിച്ചാലറിയാം (അടുത്തുചെന്ന്) അല്ല! കേളുമെനോനോ ഇവിടെ നില്ക്കുന്നത്? പണിക്കരെജ്ജൻ എവിടെയാണെന്നറിയാമൊ?

കേളുനായര്—എന്താ തെരക്ക? എവിടെക്കാ ബദ്ധപ്പെട്ടു പോകുന്നത്?

കാരണം—പണിക്കരെജ്ജന്റെ കാര്യക്കാരുടെ ഒരു മുറിയുണ്ട്. നാട്ടാക്കെ മറവും തിരെട്ടുഴതെന്നത്രെ? പടക്കോട്ട പടക്ക പോരുന്നില്ലെന്നാണെവച്ചു.

കണ്ണമാലി—എന്തിനാ കാരണം? എന്റെ പടച്ചോനെ! എടുത്ത വാള് വെക്കാറായൊ? കേറവായി.

കേളുനായര്—എന്താ കാരണം? കുടിപ്പക തീൎന്നൊ? വലിയ ഒരു ശത്രുതതന്നെ. എന്താ കാരണം പറയുന്നത്.

കാരണ—തമ്പ്രാക്കൾ എഴുന്നള്ളിട്ടുണ്ട്. രാത്രിക്ക യാതൊരു ദിക്കാനും ഇല്ല. അടിക്കാർക്ക എറാടിവംശത്തിൽ സംബന്ധമാവാനെന്നു തീൎച്ചപ്പെട്ടതി. തമ്പ്രാട്ടിയെ കാണാതെ കൊണ്ടുപോയതിന്ന സകലതിനി എന്തെങ്കിലും പിഴചെയ്യും. എന്നും തീൎച്ചയാക്കി. കാര്യക്കാരന്മാരും, എജമാനന്മാരും, നാലുതിരിമാരും എല്ലാം അതുകൊണ്ടു പടവെക്കെന്നും തീൎച്ചയാക്കി.

കേളുനായര്—ഇവിടെ തീൎച്ചപ്പെട്ടതിയതു് അവിടെ ചെറിക്കാനനാരോടോ?

കാരണ്—അവിടെനിന്നും ഒരു തിരുമനസ്സിന്ന വന്നിട്ട

ണ്ടു്. അവിടത്തോടു് ആലോചിച്ചിട്ടാണ നിശ്ചയാ ക്കിയതു്.

കേളുനായര് — തമ്പുരാക്കന്മാര് പറഞ്ഞാല് പിന്നെ ഇള ക്കമില്ല. തോണിയാത്രക്കാര് ഉണ്ടില്ലെ? സമുദ്രത്തില് കൂടിയല്ലെ പോയതു്?

കണ്ണോലി — നമ്പൂരിപ്പൻ പറഞ്ഞാല് പിന്നെ തമ്പിരാ ക്കന്മാര് മറിച്ചുണ്ടോ?

കാക്കര — എന്റെ വായിലൂടെ തമ്പുരാക്കന്മാരെ നിന്ദിച്ചാല് വാപുഴുക്കും. (കേളുനായരോടു്) അല്പം ദൂരത്തെന്നഅ ല്ല പൊയ്തു്. കപ്പലില്വെച്ചു് തൃപ്പാദം ഒന്നും കഴി ച്ചിട്ടില്ല. പിന്നെ ഇപ്പൊഴത്തെ വര്ത്തമാനം കേട്ട പോലെ ഒന്നും അല്ല. കല്ലൂര്നമ്പൂരിപ്പാട് തിരുമനസ്സു കൊണ്ടു മന്ത്രം ജപിച്ചു തോണിയെ വശീകരിച്ചതാ ണത്രെ തമ്പുരാട്ടി കേറിയ തോണി തന്നെ പോ യി എന്നാണ പറയുന്നതു തമ്പുരാന്മാര് കൂട്ടി ക്കൊണ്ടു പോയതല്ലത്രെ.

കണ്ണോലി — ആരാ ഈ പൊളി പറഞ്ഞതു്. പുതുപ്പാ ളി നമ്പൂരി അപ്പൻ ആരാ മന്ത്രത്തു തങ്ങളാണൊ?

കാക്കര — കല്ലൂര് നമ്പൂരിപ്പാട്ടിനു തമ്പുരാക്കളുടെ മുമ്പാ കെ സമ്മതിച്ചു. വശീകരണകാരം കഴിച്ചു മന്ത്രങ്ങ ള് നാലുദിവസം ജപിച്ചു. തോണി താനെ വടക്കോട്ടുക പോയി.

കേളുനായര് — ആരാണ് ഈ കര്മ്മം ചെയ്യിച്ചതു്?

കാക്കര — അതു കോലത്തിരി തമ്പുരാന്തന്നെ. ഒരുതാ ണിപ്പോഴും അവിടത്തെ പേരില് കുറമുള്ളതു്. തി റവു ചെയ്യേണമെന്നു നിശ്ചയക്കാര്.

കേളുനായര്‍__ ഒരു കാൎയ്യം അങ്ങിനെയായി.

കാക്കര__ ഇന്നു കല്ല്യാണ നമ്പൂരിപ്പാട്ടിനും, വടക്കിനു വന്ന തിരുമനസ്സിനും, കാൎയ്യസ്ഥന്മാരും, എല്ലാവരും എല്ലാം കൊടുത്തു നാട്ടിലേക്ക പോകുന്നു. അവിടെപ്പോയി എല്ലാം തീൎച്ചപ്പെടുത്തും. (മേല്പ്പോട്ടു നോക്കീട്ടു) നേരം വളരെ ഏറി. എനിക്ക പോകാൻ വൈകി. പണിക്കരുണ്ണൻ എവിടെയാണെന്നറിയുമോ?

കണ്ടോലി__ പണിക്കരും, കോമരം പാളയത്തിലുണ്ട്.

കാക്കര്__ ഞാൻ പോണു (എന്നു പോയി).

കേളു__ എന്താ കണ്ടോലി കാൎയ്യം കഷ്ടത്തിലായി പടയുമില്ല, കുടയുമില്ല.

കണ്ടോലി__ എന്തു് ഞമ്മന്റെ തമ്പുരാനെക്കൂടി ഒന്നുമില്ലാതായല്ലോ. കഷ്ടം തന്നെ പൊന്നു്! കൊന്നേപോയിട്ട് ഈ നമ്പൂരി അച്ഛന്റെ വാക്ക കേക്കണോ?

കേളുനായര്‍__ നിങ്ങളെല്ലാമെന്തിനാടോ നിങ്ങടെ തങ്ങളുടെ വാക്കിനെ ദൈവവാക്യംപോലെ വിചാരിക്കുന്നതു്. അതുപോലെ ഞങ്ങടെ തങ്ങളാണ തമ്പ്രാക്കൾ.

കണ്ടോലി__ എന്തോ ഒരുമ്പെട്ട ഞമ്മള് പാളയത്തുംപോയി വരുമാനമറിയ.

കേളുനായര്‍__ എന്നാൽ കീഴാം.

(രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം കോവിലകത്തിന്റെ മുകളിൽ ഏകാന്തമായിരുന്നുകൊണ്ടു തമ്പുരാട്ടിയും, കുഞ്ചി കോവിലമ്മയും പ്രവേശിക്കുന്നു.)

തമ്പുരാട്ടി — കുഞ്ചി! ഒരു കിന്നര വർത്തമാനമെങ്കിലും ഒന്നും കേട്ടില്ലല്ലോ?

കുഞ്ചി — ചില ന്യായക്കേടുകളെല്ലാം കേൾക്കാറുണ്ട്. അടിച്ചുതളിക്കാരത്തി ഓരോന്നുംകൊണ്ടു വരാറുണ്ട്.

തമ്പുരാട്ടി — എന്താ എന്തൊക്കെയാണു പറയാറുള്ളതു?

കുഞ്ചി — അവയൊന്നും പറയാവുന്നവയല്ല. ഉണ്ണാനുള്ളതുമല്ല. പിന്നെ അടിയനെന്തിനു തിരുവുള്ളം കലക്കുന്നതു്?

തമ്പുരാട്ടി — എനിക്കു കേൾക്കണം കുഞ്ചി!

കുഞ്ചി — താഴ്‌വിപ്പാട് തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടായ അമ്മച്ചി കോലത്തുനാട്ടു കൊണ്ടുചെച്ചിരിക്കാനാണത്രേ ഭാവം. ഇവിടം മുഴുവനും പ്രേതാൽ നശിക്കും.

തമ്പുരാട്ടി — അതൊന്നും സാധിക്കില്ല. ഇവിടെ എന്താ ഒരാണുങ്ങളില്ലേ? പക്ഷെ സാമൂതിരി രാജവംശത്തിന്നു് അപമാനമുണ്ടാക്കുക കല്പിച്ചുതന്നെയാണ്. അതു് എന്താണെന്നു അറിയുന്നു. കല്പിച്ചിട്ടുകൊണ്ടു് അത്ര കളിക്കുന്നതു്.

കുഞ്ചി — തിരുമേനിയുടെ വാഴ്ചക്കാലം വല്ലാതെയായിരിക്കുന്നു.

തമ്പുരാട്ടി — കുഞ്ചി! കല്ലൂർ നമ്പൂരി ഇന്നലെ വന്നില്ലല്ലൊ? അദ്ദേഹത്തെ ഞാൻ എത്ര കാര്യമായി വിളിപ്പിച്ചതാണു്.

കഞ്ചി — ഇവിടെനിന്ന പോയ കരപ്പൻ നമ്പൂരിപ്പാടും എത്തീട്ടില്ല.

തമ്പുരാട്ടി — കുറെ അധികം വഴിയില്ലെ? നടന്നതന്നെ വരേണ്ടെ?

കഞ്ചി — ഇത്രം പോരാ അവിടെ ഒരു കൂട്ടം സമാധാനമാക്കീട്ടു വരണം.

തമ്പുരാട്ടി — കല്പശ്ശേ, അദ്ദേഹം സമർത്ഥന്മാരാണ്. കാര്യങ്ങളെക്കൊണ്ടു പറവാൻ മിടുമിടുക്കന്മാരാണ്.

കഞ്ചി — സംശയമില്ല. അടിയനൊന്നു ബോദ്ധ്യമാണ്.

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ — ഒരു തിരുമേനി എഴുന്നള്ളി കാണ്മാൻ സമയം ചോദിക്കുന്നു.

തമ്പുരാട്ടി — (ഭൃത്യനോടു) വേഗം കൂട്ടിക്കൊണ്ടു വാ! പോ! (ഭൃത്യൻ പോയി).

കഞ്ചി! കല്പശ്ശ നമ്പൂരിയായിരിക്കും.

കഞ്ചി — എന്താ! സംശയമില്ല, അവിടുന്നാണ്.

(അനന്തരം കല്പശ്ശ നമ്പൂരിപ്പാട്ടിന്ന പ്രവേശിക്കുന്നു.)

(തമ്പുരാട്ടിയും കഞ്ചിയും എഴുന്നീറ്റുപചാരം ചെയ്യുന്നു.)

കല്പശ്ശ — അവിടുന്നിരിക്കണം. (തമ്പുരാട്ടിയിരിക്കുകയും കഞ്ചി നില്ക്കുകയും ചെയ്യുന്നു.)

തമ്പുരാട്ടി — അവിടുന്ന വഴിയാത്രകൊണ്ടു നന്നാ ക്ഷീണിച്ചിരിക്കുന്നു. ഒരു ബ്രാഹ്മണനെ ഇങ്ങിനെ ദ്രോഹിച്ചതു് വളരെ കഷ്ടമായി.

കല്ലൂര്‍--ഏതിലും കാര്യം സഫലമായി. അതുകൊണ്ടു വളരെ സന്തോഷമുണ്ടു.

തമ്പുരാട്ടി--എന്തിനൊക്കെയാണു്?

കല്ലൂര്‍--ഇവിടുന്നിനി അങ്ങോട്ടു പോകുവാന്‍ ആവശ്യമില്ലല്ലോ. അങ്ങിനെയായാല്‍ ഇവിടെക്കു സമാധാനമാവുകയില്ലയോ? [illegible] രാജ്ഞിയായി വാഴിക്കും. ഇ[illegible] സ്വാതന്ത്ര്യത്തോടെ അവിടുത്തെ രാജാക്കന്മാരും.

തമ്പുരാട്ടി--അതില്‍ പരിക്ക വലിയ വ്യസനമൊന്നുമില്ല. പിന്നെയോ?

കല്ലൂര്‍--കോലത്തിരി ഈ പ്രവൃത്തിയെ ചെയ്യുന്നതിനു പിന്‍തുണയായി കോട്ടപ്പുറത്തുള്ള രാജ്യം സമ്മതിപ്പിക്ക [illegible]ട്ടുകൊടുക്കുക.

തമ്പുരാട്ടി--ഒളി? ഈ സംഭവത്തിനു മുമ്പുതന്നെ ആ [illegible]പ്പെട്ടതാണു്. അതുകൊണ്ടു് ഏറിക്ക [illegible]കില്ല പിന്നെ?

കല്ലൂര്‍--ഇപ്രകാരം ചെയ്യിക്കാന്‍ മണ്ടോട്ടപ്പന്‍ ഇങ്ങോട്ടു വന്നിട്ടുണ്ടു്. അദ്ദേഹവും, മണ്ടോട്ടപ്പനും, രാജാവിനെ കാണ്മാന്‍ അങ്ങോട്ടു പോയി. ഞാന്‍ ഇങ്ങോട്ടും വന്നു.

തമ്പുരാട്ടി--ഈ വര്‍ത്തമാനത്തെപ്പറ്റി [illegible] ദിക്കില്‍ എത്രത്തോളം ലഹളയുണ്ടു്. നമ്പൂതിരിമാരെല്ലാം എന്നെ ഉപേക്ഷിക്കുന്നവരായിരിക്കും. ആ വര്‍ത്തമാനങ്ങളും ഒന്നു കേള്‍ക്കട്ടെ.

കുഞ്ഞി--ഇതുവരെ തികഞ്ഞില്ല വ്യസനിപ്പിച്ചു. ഇ

പ്പോഴും വൎത്തമാനങ്ങളും കേൾപ്പാൻ സമാധാനമായി.

കല്ലൂത്—നമ്പൂരിമാര പലതും പറഞ്ഞു രസിപ്പിക്കുന്നു. പക്ഷെ ആഴ്വാഞ്ചേരിന്ന വന്നപ്പോൾ അതെല്ലാം ശമിച്ചു. സാമൂതിരി സമാധാനമുണ്ടാകാൻ അവിടുന്ന തന്നെ പണിപ്പെട്ടു. കോലത്തിരി ചെയ്യുന്ന ധിക്കാരമാണെന്ന പിന്നെയും, പിന്നെയും സാമൂതിരി പറയുക. പിന്നെ ഞാൻ കടന്ന പറഞ്ഞു. ഞാൻ ശ്രീദേവിയെ വശീകരിച്ചതാണെന്ന പറഞ്ഞു. കോലത്തിരി കാരണക്കാരനല്ല. ഞാനാണ കുറ്റക്കാരൻ എന്ന പറഞ്ഞു.

കുഞ്ചി—അതൊരു കണക്കത്തിലും സമമായ്തു്.

തമ്പുരാട്ടി—എന്നാലിനി എന്തിനാ അവിടുന്ന പറഞ്ഞതു്. അതു കളവായിപ്പോയില്ലേ?

കല്ലൂത്—ലോകമേ കളവാണ്. അതിൽ പിന്നൊരു കളവെന്തു? മന്ത്രവാദം ചെയ്തു വശീകരിച്ചു എന്ന പറഞ്ഞാൽ ഒരുവനും ദോഷത്തിൽ വിശേഷിക്കും വംശത്തിലേക്കും ഇവിടെക്കും അപവാദമൊന്നുമില്ല. ഞങ്ങടെ മന്ത്രവാദത്തിന്ന ശക്തി വൎദ്ധിക്കുകയും ചെയ്യും. അതാണിനെ പറഞ്ഞതു്.

തമ്പുരാട്ടി—എല്ലാം ആശ്ചൎയ്യം തന്നെ. ഇപ്പോഴും തമ്പുരാക്കന്മാർ വിചാരിച്ചാൽ എന്തെല്ലാം കാൎയ്യങ്ങളും സാധിക്കാൻ കഴിയും. അതു് അവിടുത്തെ മാഹാത്മ്യം കൊണ്ടല്ലേ? അതുപോലെ കാരണവന്മാരുടെ മാഹാത്മ്യം ഓരോ തരത്തിൽ ശോഭിക്കുമെന്ന പറയാം.

(അനന്തരം ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ__തമ്പുരാൻ തിരുമനസ്സുകൊണ്ടു ഇങ്ങോട്ടേക്ക് എഴുന്നള്ളുന്നുണ്ടെന്നു അരുളിച്ചെയ്യുന്നു.

തമ്പുരാട്ടി__എഴുന്നള്ളാം എന്നു പറ. കബലി സിംഹാസനം ഇടുവിക്ക്.

കല്യൂക്__ഞാൻ അങ്ങോട്ടു പോകാം.

തമ്പുരാട്ടി__ഹേ! ഇരിക്ക; അവിടന്നു വന്നിട്ടു പോകാം.

(അനന്തരം രാജാ പ്രവേശിക്കുന്നു.)

(എല്ലാവരും എഴുനീറ്റു ബഹുമാനിക്കുന്നു.)

രാജാ__(എല്ലാവരേയും നോക്കീട്ടു) അല്ലേ! കല്യൂക് ഇവിടെ ഉണ്ടല്ലോ!

കല്യൂക്__ഞാൻ ഉടനെ പിരിഞ്ഞു ഇങ്ങോട്ടേക്ക വന്നു. ഇവിടെയാണല്ലോ മുമ്പിൽ സമാധാനമുണ്ടാക്കേണ്ടതു.

രാജാ__രാജ്ഞിയെ സമാധാനിപ്പിക്കാനാണ ഞാൻ വേഗം ഇങ്ങോട്ടേക്ക വന്നതു.

തമ്പുരാട്ടി__ഞാൻ ഒരു കാര്യം ഉടനെ ധരിച്ചു.

രാജാ__എന്താ കുലദേവതകളുടെ അനുഗ്രഹംകൊണ്ടു ഇതിനൊ അവസാനിച്ചുവല്ലോ.

തമ്പുരാട്ടി__നമ്പൂരി വഴിയാത്രകൊണ്ടു ക്ഷീണിച്ചിരിക്കയാണല്ലൊ? ഇനി അല്പം വിശ്രമിക്കുന്നതിന്ന പോകാം. പ്രവൃത്തിയുടെ സാഫല്യത്തിന്ന ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

നമ്പൂരി__അങ്ങിനെ ആവാം. (പോകുന്നു)

കബലി__ഞാൻ കുറെ ചിലതെല്ലാം ഒരുക്കാനുണ്ടു. അടിയൻ വിടകൊള്ളുന്നു. (പോയി)

രാജാ—പരിവാരങ്ങളെ ഒക്കെ അയച്ചതുകൊണ്ട് എന്നെ ഒരു നേരത്തിനു വിടാൻ ഭാവമില്ലെന്നു തോന്നുന്നു.

തമ്പുരാട്ടി—അങ്ങിനെ ഒന്നും വിചാരിച്ചിട്ടില്ല. നമ്പൂരി മുമ്പെ പോകാൻ ഭാവിച്ചതാണ്. ഇവിടുത്തെ കണ്ടിട്ടു പോയാൽ മതി എന്നു പറഞ്ഞിരുത്തിയതാണ്. കഞ്ഞിക്ക് ഈ വർത്തമാനം കണ്ടവരൊക്കെ പറവാൻ വൈകിയിരിക്കുന്നു. അതിന്നൊരുക്കമാണ്.

രാജാ—എന്തായാലും അവൎക്കൊക്കെയും സന്തോഷം തന്നെയാണ്; സംശയമില്ല.

തമ്പുരാട്ടി—അപ്പോൾ, ഇവിടേക്കു സന്തോഷമില്ലെന്നു തോന്നുന്നു. ഓ. ശരി. രാജ്യം പകുത്തുകൊടുക്കേണമല്ലോ? അല്ലേ?

രാജാ—അതുകൊണ്ടൊന്നും എനിക്കു വലിയ വിചാരമില്ല. യുദ്ധമോ വല്ലതും ഉണ്ടായാൽ പുതിയ ബന്ധുത്വത്തിന്ന് എത്ര വിരോധമായി. പിന്നെ അതു എങ്ങിനെ അവസാനിക്കുമോ എന്നും അറിയില്ല. അതല്ലാതെ,

പ്രാണേശ്വരിക്കടിമയായിവനിന്നു പാൎത്താൽ
നിലീശപദം വലിയ കാൎയ്യമതാകയില്ല,
രാജേശ്വരീജനവും പുനരോൎക്കിലെന്റെ
രാജ്യശ്രീക്കു പരിചൎയ്യവുമാണെ ഭാഗ്യം. 1

തമ്പുരാട്ടി—ഇവിടുത്തെ മുഖസ്തുതി നല്ലവണ്ണം വശം.

രാജാ—സ്ത്രീകൾക്കു കഴുത്തറുത്തു കാണിച്ചുകൊടുത്താൽ

ന്റെ വരുത്തു കൺകെട്ടുവിദ്യയാണെന്നു പറയും. അതി
ന്നു് എന്താണു് ഉത്തരംവരിക?

തമ്പുരാട്ടി—ഏതായാലും എന്റെ അങ്ങോട്ടുപോക്കു കെട്ടി ഇതാ ഞാൻ തീർച്ചപ്പെടുത്തി.

രാജാ—(ആത്മഗതം) അപ്പോഴങ്ങിനെ; ഇപ്പോഴിങ്ങിനെ. സ്ത്രീകൾ മനസ്സിനെ വല്ലാതെ അറിയട്ടെ. (പ്രകാശം) പ്രിയേ! അങ്ങിനെ പറയരുതു്; മഹാകഷ്ടമാണതു്! എനിക്കു വല്ലാതെ മനസ്സുപോലെ ഉണ്ടാകും. ഈ കാര്യം ഇങ്ങിനെ അപ്പാടെ എങ്ങിനെയാണു് അവസാനിപ്പിക്കുക? വേറിട്ടിരിപ്പു സ്വരൂപമെന്നു ഇവിടെ ഒരെണ്ണംവന്നു സ്ഥാപിപ്പാൻ സാധിക്കുമൊ?

തമ്പുരാട്ടി—അതുതന്നെയാണു ഞാനും പറയുന്നതു്. ഇങ്ങിനെപ്പോരുമ്പോൾ അങ്ങോട്ടുപോക സന്തോഷമാണെന്നല്ലെ?

രാജാ—(കണ്ണീരോടെ) എന്റെ ഓമനയായിരിപ്പതും, വേറിട്ടിരിപ്പു സ്വരൂപത്തിലെ തമ്പുരാട്ടിയായിരിപ്പാനും ഒന്നുംകൂടി സാധിക്കുമൊ? സാധിക്കും; അതിന്നു വേണ്ടുന്ന കാര്യം ചെയ്വാൻ തുടങ്ങണം. യുദ്ധംചെയ്തു സാമൂതിരിയെ തോല്പിച്ചു, രാജ്യത്തെ കീഴടക്കി പ്രിയയെ വാഴിക്കണം. എന്നാൽ അതിന്നു സമ്മതം തരുന്നുവൊ? ഇതെല്ലാം അവസാനത്തിൽ ശോഭിക്കുമെന്നു് ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ തരമില്ല. എന്താ അനുവദിക്കുമൊ? ഇപ്പോൾ തന്നെ പറയണം.

തമ്പുരാട്ടി—വേണ്ടവേണ്ട; സഹോദരിയെന്നോർക്കണം. എനിക്കു രാജ്യവും വേണ്ട. അഭിമാനവും വേണ്ട

നീലിശാപംകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. ഇതെല്ലാം ഇവിടത്തെ അനന്തിരവന്മാർ സമ്മതത്തോടെയല്ലേ?

രാജ—പ്രിയേ! ഭവതിയെ എന്റെ അനന്തരവന്മാർ ഇതുപോലെയെപ്പോഴും പൂജിക്കും. എന്നാൽ പോരെ? ഞങ്ങടെ സ്നേഹം മാത്രം വലിയതാണെന്നു ഭവതി വിചാരിച്ചാൽ മതി.

തമ്പുരാട്ടി—അവിടത്തെ അനുഗ്രഹത്തെ ഞാൻ വലുതായി വിചാരിക്കുന്നു. എനിക്കു വിദുഷികളുടെ പതിവ്രതാധർമ്മം മാത്രം വലിയ സ്വത്തായിരുന്നാൽ മതി. അതിനെ മാത്രമേ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നുള്ളൂ.

രാജാ—ഭവതിയുടെ സ്വാതന്ത്ര്യമാണ് എന്റെ സന്തോഷത്തെ ഉണ്ടാക്കുക. ഭവതിയുടെ മാനസം എന്റെ സ്വന്തമായി. ഭവതിയുടെ സൌശീല്യാദിവിലാസങ്ങളെ എന്റെ ഭാഗ്യമായി. ഭവതിക്ക് എന്റെ മനസ്സിലുള്ള സ്നേഹബഹുമാനത്തിനാലാണ് എന്റെ അനുഗ്രഹത്തിന്റെ വലുതായിത്തീരുന്നത്.

തമ്പുരാട്ടി—ഇവിടേക്ക് എന്റെ മേൽ സദാനേരവുമാനി സ്നേഹം വർദ്ധിപ്പിക്കുന്നതുതന്നെയാണ് എന്റെ സാമ്രാജ്യം. എനിക്ക് അതിൽമീതെയല്ല നേടിയിരിപ്പു സാമ്രാജ്യവും. അതിനു മേൽ ഐശ്വര്യസമ്പത്തുകളും.

രാജാ—(സന്തോഷം നടിച്ച്) പ്രിയേ! എന്നാൽ നിശ്ചയപ്രകാരം എല്ലാം നടക്കുകയല്ലേ!

തമ്പുരാട്ടി__അവിടേക്ക് എന്തിനുമൊ രാത്രി ഏറിക്കം ഇഷ്ടംതന്നെ. ഭർത്തൃഹിതത്തിന്നു വിരോധമായി സ്ത്രീകൾക്കു വല്ലതും പറവാനുണ്ടോ?

രാജാ__നേരം സന്ധ്യാകാലമായി. നോക്കു,

പകലിന്നൊളിയിനൻ, വിപ്രയോഗാവസാനം
വിരഹികളുടെ മനംപോലെ ഹന്ത! താപം വെടിഞ്ഞു
ചരമജലധിതന്നിൽ ചെന്നു ലാവണ്യതോയ-
ത്തിരകളിലിഹ മുങ്ങിടുന്നു തിങ്ങുന്ന മോദാൽ. 2

(അണിയറയിൽ ശംഖനാദം)

തമ്പുരാട്ടി__(കേട്ടതായി നടിച്ചു) അമ്പലത്തിൽ അത്തു ശംഖ് വിളിക്കുന്നു. ഞാൻ കുളിച്ചു വിളക്കു കാണട്ടെ.

രാജാ__ഞാനും കുളിച്ചു സന്ധ്യാകർമ്മം ചെയ്യട്ടെ.

(രണ്ടാളും പോയി)

ആറാമങ്കം കഴിഞ്ഞു.

—:0:—

ഏഴാമങ്കം.

(അനന്തരം ഗാംഭീര്യഭാവത്തോടെ മാവിലായി നമ്പിയാർ പ്രവേശിക്കുന്നു)

നമ്പിയാർ__(അല്പനേരം വിചാരമഗ്നനായിനിന്നിട്ട്) ഇന്നു തമ്പുരാട്ടിക്കു നിശ്ചയം എഴുന്നെള്ളിക്കൊടുക്കുന്ന ദിവസമാണ്. ഒരു കാര്യവും ആയിട്ടില്ല. ഒരു സ്ഥാനത്തു കാര്യസ്ഥൻ ഒരു വയസ്സൻ. അയാളെക്കൊണ്ട് ഒന്നാകെ ഒരു കാര്യവും ആവില്ല. (ഉച്ചത്തിൽ) ഏടാ! ആരവിടെ? (ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

നമ്പിയാർ__(നോക്കീട്ടു) നീ! എവിടെപ്പോയി__എന്നു

വിളിച്ചു ഉടനെ കണ്ടില്ല. കഴുത! പറഞ്ഞുവെച്ചതു് ആ സ്ഥാനത്തു കാൎയ്യസ്ഥൻ മയിലക്കുറുപ്പിനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവാ എന്നു നിമിഷത്തിനുള്ളിൽ വരണം.

ഭൃത്യൻ__കല്പനപോലെ (പോയി)

നമ്പിയാർ__(എന്തോ ഒരു ആലോചന ചെയ്തപോലെ നടിച്ചു്) ഓ! അയാൾ ഗ്രന്ഥവരി വേണം എന്നു് അറിയിച്ചിട്ടുണ്ടായിരുന്നു. (ചുറ്റി നടന്നു് ഒരു ഓലക്കെട്ടു നോക്കി എടുത്തു കയ്യിൽ പിടിക്കുന്നു) (പിന്നെ തന്നെ നോക്കീട്ടു്) ഓ, ഇതാ! മയിലക്കുറുപ്പു വരുന്നു. പറയും; വരുന്നുണ്ട്.

(അനന്തരം മയിലക്കുറുപ്പു പ്രവേശിക്കുന്നു)

നമ്പിയാർ__(കണ്ടതായി നടിച്ചു) എന്താ കുറുപ്പേ! ആ സ്ഥാനസംബന്ധത്തിൽ എല്ലാം തെറ്റാതെയോ? പിന്നെ എളുപ്പ കാൎയ്യങ്ങളൊന്നും നടക്കുന്നില്ലല്ലോ?

കുറുപ്പ്__അതിനെ കല്പിക്കുന്നതു കഷ്ടമാണു്. എല്ലാം ഒതുക്കീട്ടുണ്ടു്. ഇനി തമ്പുരാന്റെ അടുത്തു ചെല്ലുന്നെങ്കിൽ ഗ്രന്ഥവരി വേണം. അതു കിട്ടിയാൽ അവിടത്തെ ഒരുക്കങ്ങളും എല്ലാം ചെയ്യാം.

നമ്പിയാർ__ഇതാ ഗ്രന്ഥവരി. ആ ഭാഗം എടുത്തു വായിക്കുക.

കുറുപ്പു__ഞാൻ കണ്ണട കൊണ്ടുവന്നില്ല. വായിക്കാൻ പ്രയാസം.

നമ്പിയാർ__ഓലക്കെട്ടെടുത്തു കുറെ എടുക്കും അതാതു

ട്ടും, ഇടത്തോട്ടും തള്ളി കൊണ്ടു തിരനോക്കുന്നു.)
ഇതാ കേൾക്കുക! ഈ ഭാഗമാണു്.

(വായിക്കുന്നു) കാലത്തു് ഭാരതം ചാർത്തി, നിവേദ്യക്കിഴിയും, തേവാരവും കഴിച്ചു്, അമ്പലത്തിൽ ചെന്നു ഇക്കണ്ടർ പാർത്തു തീർത്ഥവും, പ്രസാദവും വാങ്ങി, ദക്ഷിണ കൊടുത്തു്, ഭക്ഷണത്തു കഴിച്ചു്, കളഭം ചാർത്തി, ഗന്ധാക്ഷതം തൊട്ടു്, ഗോരോചനകൊണ്ടു കണ്ണെഴുതി, ഉടുത്തു, കെട്ടി, ചമയം ചാർത്തി, ഇന്നിപ്പടവകൊണ്ടു തിരുമുടി പട്ടം കെട്ടി, അതിൽ മുത്തുക്കൊലത്തൊങ്ങലും ചാർത്തി, ഉത്തരീയമിട്ടു്, ആസ്ഥാനമണ്ഡപത്തിൽ മഞ്ചത്തിന്മേൽ പട്ടുപ്പായയും; മന്മഥാസനവും വിരിച്ച് നിലപ്പാട്ടിലിന്നിൽ ഇരുന്നാൽ, തലക്കുമേൽ പട്ടിൽ കുടപ്പിടിക്കണം, വിളക്കു ചാർത്തണം, ഇരിപ്പുക്കഥ പൊൻപിടിവാളും, പട്ടുപരിചയും എടുത്തു് ഭാഗനായടി നില്ക്കണം, വാതിൽപ്പുറം നമ്പൂതിരിപ്പാടു് തിരുമുമ്പാകെ ഒരു വശത്തിരിപ്പലായിൽ ഇരിക്കണം, കാര്യക്കാരന്മാർ ഇരുവരൂടെ ത്തുതലക്കെട്ടും കെട്ടി തിരുമുമ്പാകെ നില്ക്കണം, സാമന്തരായവർ അവരവരുടെ വിരുതുകളോടുകൂടി തിരുമുമ്പാകെ നില്ക്കണം. മഞ്ചത്തിന്റെ വലത്തുപുറത്തു തിരിയിട്ടു തമ്പുരാട്ടിമാർ നില്ക്കണം, മഞ്ചത്തിന്റെ ഇടത്തുപുറത്തു തിരിയിട്ടു കെട്ടിലമ്മമാർ നില്ക്കണം, ദാസികളും നാഗരികരും മണ്ഡപത്തിൻപുറത്തു നില്ക്കണം, മാപ്പിളമാരും, തീണ്ടൽജാതിക്കാരും കോട്ടപ്പടിക്കൽ നില്ക്കണം. * * * *"

ഇതാണിക്കാണുന്നു മുമ്പുള്ള ചട്ടം. ഇതിന്നപ്പുറമെ

ട്ടാം ഞാൻ ചെയ്യിക്കേണ്ടതായ പ്രവൃത്തികളാണ്. അതു ഞാൻ ചെയ്തുകൊള്ളാം (ഗ്രന്ഥവരികോല കുറുപ്പിന്റെ കയ്യിൽ കൊടുക്കുന്നു.

കുറുപ്പ് — എന്നാൽ ഞാൻ ഇതൊക്കെ വേണ്ടപോലെ ചെയ്യാം. ഇവിടുന്ന് ആ സമയത്ത് അവിടെ വന്നാൽ മതി. (പോയി)

നമ്പിയാർ — ആ കാര്യം അതിനെയായി. ചെമ്പുപട്ടയം എഴുതി കഴിഞ്ഞുവോ എന്നറിഞ്ഞില്ല. സാമൂതിരിപ്പാട്ടിലേക്ക് അയക്കേണ്ടുന്ന ഓല കേളുമേനോൻ എഴുതുന്നുണ്ട്. (ഉച്ചത്തിൽ) എടാ! ആരവിടെ?

ഭൃത്യൻ — (പ്രവേശിച്ച്) മൂത്താശാരി ചെടയൻ ചന്തു ഏമാനെ കാണുവാൻ നില്ക്കുന്നു.

നമ്പിയാർ — ഞാൻ അവനെ വിളിച്ചുകൊണ്ടുവരുവാൻ തന്നെയാണു നിന്നെ വിളിച്ചത്. വരുവാൻ പറ.

ഭൃത്യൻ — കല്പനപോലെ (പോയി)

(അനന്തരം മൂത്താശാരി ചന്തു പ്രവേശിക്കുന്നു)

നമ്പിയാർ — (കണ്ടതായി നടിച്ച്) എന്താ ചന്തു?

ചന്തു — (താണു തൊഴുതു) തമ്പുരാനെ!

നമ്പിയാർ — ചെമ്പുപട്ടയം എഴുതി കഴിഞ്ഞുവോ?

ചന്തു — ഏമാനെ! ഉവ്വ്. (കുട്ടിയിൽ ഒരു ചെമ്പുതകിട് കൊടുക്കുന്നു)

നമ്പിയാർ — (വാങ്ങി വായിച്ചുനോക്കിട്ട്) നിണക്ക

കൈ വിറയൽ തുടങ്ങിയില്ലേ? എഴുത്ത് ഒരുമാതിരി യായിരിക്കുന്നു.

ചാത്തു—കൊത്തുന്നതല്ലേ എല്ലാം ഒരുപോലിരിക്കില്ല.

നമ്പിയാർ—നിണക്കുള്ള അവകാശങ്ങളെ തരിയിക്കാം. തമ്പുരാട്ടിയെക്കൊണ്ടു പട്ടും വളയും തരിയിക്കാം.

ചാത്തു—ഏറാൻ തിരുമനസ്സ്; അടിയൻ വിടകൊള്ളാം.

(പോയി)

നമ്പിയാർ—ഓരോന്നോരോന്നായി ഒരുങ്ങിത്തുടങ്ങി. (സൂക്ഷിച്ചു നോക്കീട്ട്) ഓ! കേളുമേനോക്കിയും വരുന്നു. അതും നോക്കിക്കളയാം.

(അനന്തരം കേളുമേനോക്കി പ്രവേശിക്കുന്നു)

കേളുമേനോക്കി—നമ്പിയാരെവിടെ (കണ്ടതായി നടിച്ച് അടുത്തു ചെല്ലുന്നു)

നമ്പിയാർ—എന്താ മേനോക്കി സാവിത്രിപ്പാട്ടിലേക്ക് അയക്കേണ്ടുന്ന ഓല എഴുതി കഴിഞ്ഞുവോ? എന്താ ഇത്ര താമസം?

മേനോക്കി—ഒരപ്പോട്ടച്ചന് എഴുതിയതു കാണേണമെന്നു പറഞ്ഞു അദ്ദേഹത്തിന്റെ അടുത്തു പോയിരുന്നു.

നമ്പിയാർ—ഓ! ഒരപ്പോട്ടച്ചൻ വല്ലാത്തൊരാളാണ്. വലിയ ഗംഭീരൻ. ഈ ഓല വായിച്ചുനോക്കിയോ? എന്തു പറഞ്ഞു?

മേനോക്കി—ഓ! ഉവ്വ. വായിച്ചുനോക്കി. ഒന്നും പറക ഉണ്ടായില്ല. അദ്ദേഹത്തിന് ഇവിടത്തെപ്പറ്റിയും

ഇതേ അഭിപ്രായമാണ്. നമ്പിയാർ ചെറുപ്പമാണെങ്കിലും നല്ല കാൎയ്യസ്ഥനാണെന്നു പറഞ്ഞു.

നമ്പിയാർ.—ഹാ! ഹാ! അഭിപ്രായം കടന്നുപോയി മാല ഇങ്ങോട്ടു തരിക. (വാങ്ങി മുഴുവനും വായിച്ചുനോക്കുന്നു) ഇതൊക്കെയിരിക്കട്ടെ ഇവിടെവെച്ചേക്കാം. നാം ഇനി സഭാമണ്ഡപത്തിലേക്കു പോകുക.

(എല്ലാരും പോയി)

വിഷ്കംഭം കഴിഞ്ഞു.

ഏഴാമങ്കം.

ദർബാർ രംഗം.

(ഗ്രന്ഥാവലിയിൽ വിവരിച്ചപ്രകാരമുള്ള വേഷഭൂഷണങ്ങളോടും, ആളും അകമ്പടിയോടും കൂടി കോലത്തിരി രാജസഭാമണ്ഡപത്തിൽ മഞ്ചത്തിന്മേൽ ഇരുന്നു പ്രവേശിക്കുന്നു)

രാജാ.—(ചുറ്റും നോക്കീട്ട്) (ആത്മഗതം)

രാജാലങ്കാരമെല്ലാമൊരുവനു വലുതാ—
യുള്ളഹങ്കാരമാകും
തേജസ്സില്ലാത്തവനും പുനരതുളവാക്കും
തന്നെയാണിന്നു പാർത്താൽ
വ്യാജന്മാരിന്നിതെല്ലാം കിമപി നൃപനടൻ
വേഷവും കെട്ടി നിത്യം
രാജാംശത്തെ ച്ചലത്തിടണമവനി മഹി—
ഷ്ഠിതന്മാരങ്ങെങ്ങും.

(തിരിഞ്ഞു കുറുപ്പിനെ നോക്കീട്ടു പ്രകാശം)

എന്താ! എല്ലാം കഴിഞ്ഞില്ലെ?

കുറുപ്പ് — കാര്യക്കാറ് വരുന്നു, വന്നിട്ടാകാമെന്നാണ്.

(അനന്തരം മറവിലായി നമ്പിയാർ വേഷഭൂഷണനായി പ്രവേശിക്കുന്നു)

നമ്പിയാർ — (രാജാവിനെ താണു തൊഴുന്നു)

രാജാ — എന്താ ഇത്ര നേരം. ഇനിയും കഴിഞ്ഞില്ലെ?

നമ്പിയാർ — ഏറാൻ കഴിഞ്ഞു. മുഹൂർത്തമായാൽ തുടങ്ങാം.

കുറുപ്പ് — മുഹൂർത്തം അടുത്തു.

നമ്പിയാർ — എന്നാൽ തുടങ്ങിക്കൊള്ളുക.

(എല്ലാവരും നിശ്ശബ്ദരായിരിക്കുന്നു)

കുറുപ്പ് — "ഉദയവർമ്മനെന്നു നാമധേയമായ കോലത്തിരി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇളംകൂർ മൂത്ത തമ്പുരാക്കന്മാരോടുകൂടി ഇവിടെ എഴുന്നള്ളി ജനങ്ങളോടൊത്തു നിന്നു കല്പിച്ചു ചോദിക്കുന്നതു്.

(1) പശ്ചാത്, പൌരസ്ത്യ ഗ്രാമങ്ങളിലെല്ലാവരുമെല്ലാം എത്തിയൊ?

(അണിയറയിൽ) ഉണ്ട്, ഉണ്ട്.

(2) സാമന്തരാജാക്കന്മാരും, നാടുവാഴികളും എത്തിയൊ?

(അണിയറയിൽ) ഉണ്ട്, ഉണ്ട്.

(3) നാടുകാരും, നഗരക്കാരും എത്തിയൊ?

(അണിയറയിൽ) ഉണ്ട്, ഉണ്ട്.

(4) കോവിലധികാരികളും കടത്തന്മാരും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(5) കപ്പലോട്ടും മാപ്പിള്ളമാർ എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(6) തീണ്ടൽ ജാതിക്കാരെല്ലാവരും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(7) എല്ലാവരും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

നമ്പിയാർ——എന്നാൽ ഇതു് ഉറക്കെ വായിക്കുക.

കുറുപ്പ്——അവിടുന്നുതന്നെ വായിച്ചാൽ നന്നു്! എനിക്കു കണ്ണു കാഴ്ചപോരാ.

(നമ്പിയാർ ചെമ്പുപട്ടയം എഴുത്തു നല്ലവണ്ണം നോക്കി ഉച്ചത്തിൽ വായിക്കുന്നു)

ശ്രീ.

"സ്വസ്തി: ശ്രീ: മേടഞ്ഞായി, എടവവ്യാഴം, ചിത്രഭാനു വർഷം, എടവം തൊയർക്ക ചെങ്കോൽ ചെലുത്തി വാണു് തുടങ്ങിന നാലാമാണ്ടു വൈശാഖമാസം അത്തം നക്ഷത്രവും ശുക്ലപക്ഷദ്വാദശിയും കൂടിയ ദിവസം കോലത്തിരി ഉദയവർമ്മ വടക്കനാഥൻ നാലുകൂറു വാഴ്ചയും, രണ്ടു തമ്പുരാട്ടിയും, രണ്ടു പെൺവഴി അനന്തരവന്മാരും, ആറയപ്പൻ നമ്പൂരിപ്പാടും, കോട്ടയം, കടത്തനാടു മുതലായ സാമന്തരാജാക്കന്മാരും, ചിറവാത്തു കരക്കളും, മാവിലായി നമ്പിയാരും, പെരുഞ്ചെല്ലൂ

ത്, പയ്യന്നൂര ഗ്രാമങ്ങളിലെ ബ്രാഹ്മണരും, നാട്ടുകാരും, നഗരക്കാരും യോഗക്കാരും വൎത്തകപ്പരിഷയിൽ കൊങ്ങിണികളും, കടകത്തന്മാരും, കപ്പൽവ്യാപാരം മാപ്പിളമാരും കൂടിയ യോഗത്തിൽ വെച്ചു നെടിയിരുപ്പു സ്വരൂപത്തിലെ ചെറുമ്പാട്ടി എന്ന ശ്രീദേവി പിരാട്ടിക്ക പിലീശപാം പെരുമാട്ടിപ്പട്ടം കൊടുത്താൻ.

അപ്പടിക്ക്, ആയിരംകുടി നായന്മാരും, കന്നാം, കയ്യും, കല്പനയുമായി അവകാശങ്ങൾക്ക താഴ്ചയും, വീഴ്ചയും കൂടാതെ ചേവകരായി സേവിപ്പവരുമാനം,— അങ്കം, ചുങ്കം, ഏഴ, കൊഴ, വിഴ, പിഴ, അമ്പ് വാരി, വെള്ളമല, മുന്നുലക്ഷം ചെങ്കൊമ്പു, കടകം പുള്ളി, നരിവാൽ, കിണററിൽ പന്നി, ആററുവെപ്പു, തോട്ടുവെപ്പു, കടൽവെപ്പു, തോരം, വഴിച്ചേരി, തലപ്പു, മുതലായ രാജഭോഗങ്ങളും—പഞ്ചവാദ്യം ശംഖ്, പകൽവിളക്ക, പാവാട, ആനത്തോളും, കൊട്ടകട, വട്ടകപ്പാം, തോരണം, പീലിവട്ടു, പവിണത്തുങ്കം, കടത്തു, തണ്ടാറാം, തലവെട്ടു, മുതലാകിന സ്ഥാനമാനങ്ങളും, അധികാരങ്ങളും കൊടുത്തു ശ്രീദേവി പിരാട്ടിക്ക പെരുമാട്ടിപ്പട്ടവും, നീലീശപ്പത്തു ചെങ്കോലും നിരട്ടികൊടുത്താം ഉദയവൎമ്മരും തമ്പിമാരും—അമ്മാകൂമെ ഇപ്പടിക്ക് ഇതറിയും സാക്ഷി—പെരുഞ്ചെല്ലൂര്, പയ്യന്നൂര് ഗ്രാമങ്ങളിലെ ബ്രാഹ്മണരും, കോട്ടയം, കടത്തനാട് ഈ രാജ്യങ്ങളിലെ സാമന്തരാജാക്കന്മാരും, അറികെഴുത്താറാരി ചെടയൻ ചന്തു കയ്യെഴുത്തു. (ഇങ്ങിനെ മുഴുവനും വായിച്ചു)

(നമ്പിയാർ ചെമ്പുപട്ടയം രാജാവിന്റെ കയ്യിൽ കൊടുക്കുന്നു)

കുറുപ്പ്——(ഉച്ചത്തിൽ) എല്ലാവരും കേട്ടുവൊ?

(അണിയറയിൽ) ഉവ്വ്! ഉവ്വ്! ഉവ്വ്.

കുറുപ്പ്——എല്ലാവൎക്കും സമ്മതമല്ലെ?

(അണിയറയിൽ) അതെ! അതെ!

കുറുപ്പ്——വിരോധം വല്ലവൎക്കും ഉണ്ടോ?

(അണിയറയിൽ) ഇല്ല! ഇല്ല!

(രാജാവു ചെമ്പുപട്ടയത്തെ തിരിച്ചും മറിച്ചും നോക്കീട്ടു വലത്തുഭാഗത്തേക്കു നോക്കീട്ട്)

രാജാ——ഒന്നിങ്ങൊട്ടു വരണം.

തമ്പുരാട്ടി——(തിര നീക്കി പുറത്തേക്കു വന്നു നില്ക്കുന്നു.

(രാജാവു ചെമ്പുപട്ടയം തമ്പുരാട്ടി പക്കൽ കൊടുക്കുന്നു. തമ്പുരാട്ടി രണ്ടു കൈകൊണ്ടും വാങ്ങുന്നു. ഉടനെ അറയപ്പൻ നമ്പൂതിരിപ്പാട കിണ്ടിയും വെള്ളവും കൊണ്ട് അടുത്തു ചെല്ലുന്നു. രാജാവു ഉള്ളൻകൈ കാണിക്കുന്നു. അതിന്നുതാഴെ തമ്പുരാട്ടിയും ഉള്ളൻകൈ നിവിൎത്തി പിടിക്കുന്നു. നമ്പൂതിരിപ്പാട രാജാവിന്റെ കയ്യിൽ വെള്ളം ഒഴിക്കുന്നു. രാജാവ അതിനെ തമ്പുരാട്ടിയുടെ കയ്യിൽ ഒഴുക്കുന്നു. തമ്പുരാട്ടി വാങ്ങി കുടിക്കുന്നതായി നടിച്ചു തിരയുടെ ഉള്ളിലേക്കു പോകുന്നു.)

രാജാ——എല്ലാം ശരിയായില്ലെ?

ചെറുശ്ശേരി——(സന്തോഷപ്പെട്ടു പ്രവേശിച്ച്) എന്തിനെക്കാരാ ണേ പറഞ്ഞൊരായിരുന്നു. ഇപ്പോഴത്തെ തിരു-

(എല്ലാവരും ചിരിക്കുന്നു)

രാജാ—(ആത്മഗതം) ഇതിന്റെ കാൎയ്യവും, നേരമ്പോക്കും ഒരേസമയത്തു പറവാൻ ചെറുശ്ശേരിക്കല്ലാതെ വേറെ ആൎക്കും സാധിക്കുന്നതല്ല. അദ്ദേഹം സ്വകാൎയ്യത്തിൽ പൂൎവ്വകഥയെ ഓൎമ്മപ്പെടുത്തുകയാണ്. കേട്ടാൽ നേരമ്പോക്കാണെന്നല്ലാതെ തോന്നുകയുമില്ല. വല്ലാത്ത വിദ്വാനാണ്. (പ്രകാശം) ചെറുശ്ശേരി കാൎയ്യം ക്ഷമിക്കു. കാൎയ്യം കഴിയട്ടെ.

നമ്പിയാർ—(രാജാവിനോട്) മങ്ങാട്ടച്ഛൻ പക്കൽ കൊടുക്കാനുള്ള ഓല വായിക്കേണ്ടല്ലോ?

രാജാ—(അല്പം ഭാവഭേദത്തോടുകൂടി) അന്യരാജാക്കന്മാരോട് സന്ധി ചെയ്യാനുള്ള അധികാരം നമുക്കു പ്രത്യേകമുള്ളതല്ലേ? പിന്നെ എന്താ ചോദിക്കാൻ.

നമ്പിയാർ—എന്നാൽ തൃക്കൈ വിളയാടണം. (ഓലയും എഴുത്താണിയും കൊടുക്കുന്നു)

രാജാ—(വാങ്ങി ഒപ്പിടുന്നു) (മങ്ങാട്ടച്ഛൻ വശം ഓല കൊടുത്തിട്ട്)

ഇനി സാമൂതിരിയുടെ പരിഭവമെല്ലാം തീൎക്കേണ്ട ഭാരം മങ്ങാടന്റേതാണ്.

മങ്ങാട്ടച്ഛൻ—ഇനി ബന്ധുക്കളായില്ലേ? പിന്നെ പരിഭവമുണ്ടാകുമോ?

രാജാ—(നമ്പിയാരെ നോക്കീട്ട്) വീരചങ്ങല രണ്ടും കൊണ്ടുവരിക.

(നമ്പിയാർ രണ്ടു വീരചങ്ങല രാജാവിന്റെ വശം കൊടുക്കുന്നു)

രാജാ__(കണ്ഠാട്ടപ്പണം, നമ്പിയന്മാർ ഇളയതിന്നും കാ
ശൊന്നു കൊടുക്കുന്നു)

(അവർ വാങ്ങി വണങ്ങുന്നു)

രാജാ__ഇവിടത്തെ കാൎയ്യങ്ങളെല്ലാം കഴിഞ്ഞില്ലെ?

നമ്പിയാർ__എല്ലാം കഴിഞ്ഞു.

രാജാ__എല്ലാവൎക്കും എന്റെ പ്രവൃത്തിയിൽ സന്തോഷമുണ്ടായി വരുന്നതിന്നു പുറമെ ഇതിനെ കൂടി വിക്കട്ടെ

ഭരതവാക്യം.

നിൎമ്മായം നീതിധൎമ്മത്തിന്നു വിളയാ-
ട്ടട്ടെ ജഗത്തിങ്കലാ-
ശ്ശൎമ്മത്തിന്നു ഒരുത്തെ വിട്ടകലവീ-
ട്ടട്ടെ മഹാവിരതം
ധൎമ്മത്തെയവനീശരൊക്കെ ബലമായ്-
ക്കാക്കട്ടെ വേദോക്തമാം
കൎമ്മത്തിന്നു ഭവിച്ചിടട്ടെ വളരെ
ശോബ്രാഹ്മണന്മാർ സദാ.

(എല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു.

ശ്രീദേവിഹരണം

മഹാനാടകം

സമാപ്തം.



കേരളസാഹിത്യ
അക്കാദമി